
# NEW VISION FOR A CHANGING WORLD

VOL. 3 ■ ISSUE 10 ■ JUNE 2003



"NOT TO BE MINISTERED UNTO, BUT TO MINISTER"

***THE CHRISTIAN MEDICAL COLLEGE AND HOSPITAL, VELLORE***
***(CMC as it is popularly known), started in 1900 as single bed dispensary by***
***Dr. IDA SOPHIA SCUDDER, an American Missionary***

സി.എം.സി. യെക്കുറിച്ച് പ്രത്യേക ഫീച്ചർ (പേജ് 5 – 9)

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Sunil Raj Philip, Neerattukavu**
Phone: 04735 - 270422

**Mr. M. Kurian, Manganam**
Phone: 95481-2578599

**Mr. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam - 1**
Phone: 95481-2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu ▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
Mr. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലൊ.

### വരിസംഖ്യ

ഒരു വർഷത്തേക്ക് : 75/- രൂപ (വിദേശത്തുള്ളവർക്ക് US $ 12)
രണ്ടു വർഷത്തേക്ക് : 140/- രൂപ ( " US $ 22)
മൂന്നു വർഷത്തേക്ക് : 200/- രൂപ ( " US $ 30)
സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ
ലൈഫ് മെമ്പർഷിപ്പ് : 1000/- രൂപ ( " US $ 150)
പേട്രൺ മെമ്പർഷിപ്പ്: 10,000/- രൂപ ( " US $ 1000)

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം


**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in


***(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)***

### താഴെപ്പറയുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി, തിരുവനന്തപുരം

### പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം


**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in


### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

VOL. 3 ■ ISSUE 10 ■ JUNE 2003

## CONTENTS


- **Sermon**
  "Do not cling to me" — 2
  *Archbishop of Canterbury*
- **Humour**
  ക്രിസോസ്റ്റം തിരുമേനിയോടൊപ്പം — 3
- **Psalm**
  Know the shepherd — 4
- **Feature**
  വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് — 5
  *ഡോ. മാത്യു കോശി പുന്നയ്ക്കാട്*
- **Interview**
  അനുരഞ്ജനത്തിന്റെ പാത... — 10
  *റൈറ്റ് റവ. വൈ. വില്യം*
- **Poem**
  അനന്തം ജ്ഞാനമണ്ഡലം — 10
  *പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ*
- **Science**
  മനുഷ്യരും മരങ്ങളും — 11
  *ഡോ. ജോർജ് എം. തോമസ്*
- **Literary Review**
  പാർശ്വചിന്തകൾ — 12
  *ഡോ. സി.ജെ. റോയ്*
- **Devotional**
  മനസ്സിൽ ദൈവമുണ്ടോയെന്നറിയാൻ — 13
  *ഫാദർജി*
- **Educational**
  സ്വാശ്രയകോളജുകളും... — 14
  *ഫാ. ഡോ. ഒ. തോമസ്*
- **Spirituality**
  ഗുരു പൂർണ്ണനാണോ? — 15
  *സ്വാമി ജ്ഞാനോദയൻ*
  ഈശ്വരസേവയ്ക്ക്... — 16
  ഡോ. അന്നമ്മ ജോർജ്
- **Glimpses**
  കഥയില്ലാത്ത അൽപം... — 17
  *ഡോ. കെ.വി. വർഗീസ്*
- **Old Age Corner**
  വാർധക്യം... — 18
  *പ്രൊഫ. സി. മാമച്ചൻ*
- **Religion**
  നമ്മുടെ മത ചിന്തകൾ — 19
  *റഞ്ജി കോവൂർ*
- **Miscellaneous**
  News, Book Review — 20


## EDITORIAL

# സൗഖ്യദായക ശുശ്രൂഷ

'**കേ**രളത്തിൽ മിഷനാശുപത്രികളുണ്ടോ?'. ഒരു മറുനാടൻ മലയാളി ഡോക്ടറുടേതാണു ചോദ്യം. കേരളത്തിലെ മിഷനാശുപത്രികൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നു കേട്ടപ്പോൾ അദ്ദേഹത്തിനുണ്ടായ പ്രതികരണമായിരുന്നു ഇത്.

കേരളത്തിൽ വൈദ്യസഹായം ലഭിക്കുവാൻ ബഹുദൂരം സഞ്ചരിക്കേണ്ടിയിരുന്ന ഒരു കാലയളവിലാണ് പല പ്രാദേശികസഭകളും ആശുപത്രികളാരംഭിച്ചത്. തങ്ങളുടെ സഭാജനങ്ങൾക്കും ചുറ്റുപാടുമുള്ളവർക്കും വൈദ്യസഹായം പെട്ടെന്നെത്തിച്ചുകൊടുക്കുവാൻ അവ ഉപകരിച്ചു. പ്രാദേശിക സഭകൾ തങ്ങളുടെ സഭാജനങ്ങളിൽ നിന്നു പണം പിരിച്ചെടുത്താരംഭിച്ച ഈ പൊതുസംരംഭത്തെ സേവനപ്രവർത്തനമായി അംഗീകരിക്കുവാൻ സമൂഹത്തിനു കഴിഞ്ഞിരുന്നു. രോഗം സൗഖ്യമാക്കൽ സഭയുടെ ദൗത്യത്തിന്റെ ഭാഗവുമാണല്ലൊ. അതുകൊണ്ട്, സഭകൾ ആരംഭിച്ച ആശുപത്രികളെല്ലാം മിഷനാശുപത്രികളായി അറിയപ്പെടാനിടയായി.

പ്രാദേശികതലത്തിൽ സഭകൾ തുടങ്ങിയ ആശുപത്രികൾ ആർക്കുവേണ്ടിയായിരുന്നുവെന്നതാണ് ഇവിടെ പ്രസക്തമായ ചോദ്യം. ക്രിസ്തീയ ശുശ്രൂഷയിൽ തങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്കുവേണ്ടി നടത്തുന്ന സ്ഥാപനങ്ങൾ മിഷൻ സ്ഥാപനങ്ങളല്ല. അവിടെ ആത്മീയതയല്ല, ഭൗതികതയാണു ദർശിക്കുക. യേശുവിന്റെ നസ്രേത്ത് പ്രഖ്യാപനത്തിൽ ഇതു വ്യക്തമാക്കുന്നുണ്ട്. പാവങ്ങളെ ശുശ്രൂഷിക്കുവാനും അവരുടെ വേദനയകറ്റുവാനും രോഗം സൗഖ്യമാക്കുവാനുമായി നടത്തുന്ന സ്ഥാപനങ്ങളേ മിഷനാശുപത്രികളുടെ നിർവചനത്തിൽ വരൂ. ദരിദ്രരായ രോഗികളെ ശുശ്രൂഷിക്കുമ്പോഴേ അത് ആതുരസേവനമായിത്തീരുന്നുള്ളൂ. ഈയൊരു കാഴ്ചപ്പാടിൽ മറുനാടൻ മലയാളിഡോക്ടറുടെ ചോദ്യത്തിന്റെ പ്രസക്തിയേറുന്നു.

കേരളത്തിൽ നടമാടുന്ന കമ്പോള സംസ്കാരത്തെ നേരിടുവാൻ കച്ചവട ആശുപത്രികൾ ഇന്നു മുക്കിനും മൂലയിലും ആരംഭിക്കുകയായി. മിഷന്റെ അർത്ഥം പൂർണമായി ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന ആശുപത്രികൾ കേരളത്തിനു പുറത്തുള്ള വിവിധ സംസ്ഥാനങ്ങളിലുണ്ട്. അവർ പത്രങ്ങളിലൂടെ അറിയപ്പെടാനാഗ്രഹിക്കുന്നില്ല. നിസ്വാർത്ഥ സേവനം ചെയ്ത് കർത്താവിനു പ്രസാദയാഗങ്ങളായി ജീവിക്കുകയാണവർ. ഇത്തരം സ്ഥാപനങ്ങളെ ഉയർത്തിക്കാണിക്കുക ഞങ്ങളുടെ ധർമമാണെന്നു വിശ്വസിക്കുന്നു. ഈ പശ്ചാത്തലത്തിൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിനെ കുറിച്ചൊരു ഫീച്ചർ ഞങ്ങൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിഷനാശുപത്രികളെക്കുറിച്ചൊരു വ്യക്തമായ ചിത്രം ലഭിക്കുവാൻ ഇതു സഹായിക്കുമെന്നാണു പ്രതീക്ഷ.


*ചീഫ് എഡിറ്റർ*



***"Count the garden by the flowers that blossom, never by the leaves that fall."***

# "Do not Cling to Me"

Dr. ROWAN WILLIAMS



'Jesus said, *"Do not cling to me, for I have not yet ascended to the Father."* Mary Magdalene wants Jesus back as she remembers him; failing that, she wants his corpse in a definite place, she wants a grave she can tend. Jesus appears to her and her first instinct is to think that yes, he is back as she remembers. But Jesus warns her: he is being taken to a destination more unknown than she could imagine. He is going to the Father. From now on, there will be no truthful way of speaking or thinking about him except as the one who lives alongside the source of all things. These simple, abrupt words already contain all the mysteries we celebrate when we say the creeds, when we break the bread of the Holy Communion; they tell us that Jesus gives exactly what the Father gives – life, glory, forgiveness, transfiguration. Through death he has passed into the heart of reality; he has returned where he came from. At the very beginning of John's gospel, we read of the Word of God living 'nearest to the Father's heart' from all eternity. He comes to us in the flesh and blood of Jesus and shows the glory, the radiant, solid life, of God pouring out in love: the fullest showing of that love is in his free acceptance of suffering and death, and if we are able to accept that this death sets us free once and for all, the glory of the divine life is shared with us. Jesus goes to the Father and from his place next to the Father's heart sends out the gift of the Spirit of Truth which allows us a share in his own closeness to the Father.

Yet to realise this is to realise that we cannot have Jesus just on our terms. After the resurrection, with its demonstration that Jesus's life is as indestructible as God the Father's life, we can't simply go back to the Jesus who is humanly familiar; and obviously we can't have Jesus as a warm memory, a dear departed whose grave we can visit. He is alive and ahead of us, clearing a path to the Father's heart. Christian faith does not look back to a great teacher and example but forward to where Jesus leads, to that ultimate being at home with God which he has brought to life in the history of our world.

So 'Do not cling to me', he says; instead, go and bring others along on the journey. And Easter always forces us to ask where and how we might want to cling, where and how we might turn away from the task and the journey. There are many ways in which this can happen; I want to think about one in particular, because it has some resonances with where we are at the moment in our national and international life.

There is a clinging to Jesus that shows itself in the longing to be utterly sure of our rightness; we want him there, we want him where we can see him and manage him, so that we know exactly where to turn to be told that everything is all right and that he is on our side. We do it in religious conflicts, we do it in moral debates, we do it in politics. We want to stand still and be reassured, rather than moving faithfully with Jesus along a path into new life whose turnings we don't know in advance. To have an absolute reassurance of our rightness somehow stands in the way of following Jesus to the Father; it offers us an image of ourselves that pleases and consoles, instead of the deeper and harder assurance of the gospel - the assurance that whether or not we have a satisfying image of ourselves, we have the promise of forgiveness and of a future.

But the temptations go deep. For months now, we have witnessed a profound and disturbing moral argument raging backwards and forwards in this country over the rightness of the war against Iraq. You'll have noticed the way in which some opponents of the war insisted that the motives of those in power must be personally corrupt, greedy, dishonest and bloodthirsty – as if the question could be settled simply by deciding on the wickedness of individuals. Equally though, there have been defenders of the war who have accused its critics of being unable to tell good from evil, of colluding with monstrous cruelty and being indifferent to the suffering of nations.

We cling to what makes us feel most safely distant from evil. The would-be peacemaker is often passionate in treating every kind of force as equally terrible, so that there is a single clear enemy over there to confront - all those with blood on their hands, American general as much as Iraqi executioner. The apologist for war is offended and threatened by the - not unreasonable - suggestion that the motives and methods of modern war are unlikely to be completely shaped by moral considerations, and that fighting evil can involve us in imitating some of its methods, even in the best of causes. Both are afraid of acknowledging that they have something in common with what they are resisting. And that acknowledgement need not lead to despair or passivity (every choice is flawed, I can do nothing just or good); it ought to lead to some kind of adult admission that, even in pursuing good ends, our flawed humanity creates new difficulties. We can only face the possible cost, pray, and trust that God can make use of what we decide and do. Perhaps when Jesus tells us not to cling to him, one of the many things he says is, 'Do not use me, do not use any vision of what is true or good, to keep yourself from recognising the real and

*(Cont'd..... Page 4)*



# ക്രിസോസ്റ്റം തിരുമേനിയോടൊപ്പം

*(മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുമായി ഇടപഴകുമ്പോൾ രസകരമായ പല അനുഭവങ്ങളും നമുക്കുണ്ടാകാറുണ്ട്. അദ്ദേഹത്തിന്റെ ഏതെങ്കിലുമൊരു സംഭാഷണമോ പ്രസംഗമോ തങ്ങളെ സ്പർശിക്കാത്തവർ വിരളമായിരിക്കും. നിങ്ങളെ ചിരിപ്പിക്കുകയോ ചിന്തിപ്പിക്കുകയോ ചെയ്ത ഒരവസരം ഒന്നോർത്തു നോക്കൂ. മറ്റുള്ളവരുമായി അതു പങ്കിട്ട് അവരെയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തുകൂടേ? ഈ ലക്കം മുതൽ അത്തരമൊരു പംക്തി ഞങ്ങളാരംഭിക്കുകയായി. - ചീഫ് എഡിറ്റർ)*

**ഞാ**ൻ മദ്രാസ് ലോ കോളജിൽ നിയമബിരുദത്തിനായി പഠിക്കുന്ന കാലത്ത് ഉദ്ദേശം 40 വയസ്സു തോന്നിക്കുന്ന ക്രിസോസ്റ്റം മെത്രാച്ചൻ ചെട്പെട്ട് മാർത്തോമാപ്പള്ളിയിൽ ചെയ്ത പ്രസംഗം ഞാനോർക്കുന്നു. കർത്താവിന്റെ പ്രാർത്ഥനയിലെ 'ഞങ്ങൾക്കു ദിവസവുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരണമെ' എന്ന വാക്യമായിരുന്നു പ്രസംഗത്തിനാധാരം. നിന്റെ രാജ്യത്തിന്റെ കെട്ടുപണിക്കായി ഞങ്ങളെ സജ്ജരാക്കേണ്ടതിന് ഞങ്ങൾക്കു ദിവസവുമുള്ള ആഹാരം തരണമെന്നാണു കർത്താവ് ഉപദേശിച്ചതെന്നു പറഞ്ഞ തിരുമേനി ഒരു കഥ വിവരിച്ചു. "വടക്കേ ഇൻഡ്യയിലെ ഒരു സൈനികോദ്യോഗസ്ഥൻ അവധിക്കു നാട്ടിൽ വന്നു. വീട്ടുകാർ അയാൾക്കു വേണ്ടി ഒരു പെൺകുട്ടിയെ കണ്ട് വിവാഹവും നിശ്ചയിച്ചു. എന്നാൽ, കല്യാണത്തീയതിക്ക് ഒരാഴ്ച മുമ്പ് യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനാൽ പിറ്റേന്നു തന്നെ ഡ്യൂട്ടിക്കു ഹാജരാകാനുള്ള ഉത്തരവ് അയാൾക്കു കിട്ടി. യുദ്ധം കഴിഞ്ഞ് മറ്റൊരു തീയതിയിൽ വിവാഹം നടത്താമെന്നും അതുവരെ കത്തുകളിലൂടെ ബന്ധപ്പെടാമെന്നും അയാൾ പ്രതിശ്രുതവധുവിനെ അറിയിച്ചു. അയാൾ പോയി ഏതാനും ദിവസങ്ങൾക്കുശേഷം തപാലിൽ വന്ന ആദ്യത്തെ കത്ത് പോസ്റ്റ്മാൻ അവൾക്കു കൈമാറി. സന്തോഷസൂചകമായി പോസ്റ്റ്മാന് പടി കൊടുക്കാനും അവൾ മറന്നില്ല. ഇതു തുടർന്നുകൊണ്ടേയിരുന്നു. പോസ്റ്റ്മാന്റെ വരവും കാത്ത് എല്ലാ ദിവസവും അവൾ ഉമ്മറത്തു കാണും. ഒപ്പം, പടി കിട്ടാൻവേണ്ടിയുള്ള ആവേശത്തിൽ അവളെ കണ്ടുമുട്ടാൻ പോസ്റ്റ്മാന് ഉത്സാഹവും വർധിച്ചുവന്നു. ഏതാനും മാസങ്ങൾക്കുശേഷം ആർമി ഓഫീസർക്കു കിട്ടിയ വാർത്ത ഞെട്ടിക്കുന്നതായിരുന്നു. തനിക്കു വിവാഹം നിശ്ചയിച്ചിരുന്ന പെൺകുട്ടി പോസ്റ്റ്മാന്റെ കൂടെ ഒളിച്ചോടിപ്പോയെന്ന്! സദസ്യരുടെ ചിരികൾക്കിടയിൽ തിരുമേനി കൂട്ടിച്ചേർത്തു, ഇത് വടക്കേ ഇൻഡ്യയിലൊന്നും നടന്നതല്ല; ഞാൻ മെനഞ്ഞെടുത്ത കഥയാണ്! പെൺകുട്ടിക്ക് തന്റെ പ്രതിശ്രുതവരനുമായി ബന്ധപ്പെടാൻ സർക്കാർ ഒരുക്കിയ ഒരു മാർഗം മാത്രമായിരുന്നു കഥയിലെ പോസ്റ്റ്മാൻ. *ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ജീവിതസൗകര്യങ്ങൾ ദൈവമൊരുക്കിയിരിക്കുന്നത് അവന്റെ രാജ്യത്തിന്റെ കെട്ടുപണിക്കായി പ്രവർത്തിക്കുന്നതിനും അവന്റെ നാമം മഹത്വീകരിക്കുന്നതിനുമുള്ള ഉപാധികളായിട്ടാണ്. എന്നാൽ, ക്രിസ്ത്യാനികൾ ഈ സത്യം മറന്ന് ഉപാധികളെ കെട്ടിപ്പുണർന്നു ജീവിക്കുന്നു!"*

പിന്നീടൊരിക്കൽ, കോട്ടയം സി.എസ്.ഐ. ഡയോസിസൻ ഓഫീസ് പരിസരത്ത് യുവജനസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് തിരുമേനി പ്രസംഗിച്ചത് 'An unchanging God in a changing world' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു. പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുവാനുള്ള നമ്മുടെ വ്യഗ്രതയെ പരാമർശിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു:- "ഇതാ, എന്റെ മുമ്പിലിരിക്കുന്ന പന്ത്രണ്ടു വയസ്സുകാരി ധരിച്ചിരിക്കുന്ന ഉടുപ്പ് എന്തു കേമമായിരിക്കുന്നു! തന്റെ ഉടുപ്പ് വളരെ ഭംഗിയുള്ളതാണെന്ന് മെത്രാച്ചൻ പരസ്യപ്രസ്താവന നടത്തിയ കാര്യം അവൾ വീട്ടിൽച്ചെന്ന് തീർച്ചയായും പറയും. അവൾ വളർന്ന് വിവാഹപ്രായമാകുമ്പോൾ അവൾക്കുവേണ്ടി യോഗ്യരായ ചെറുപ്പക്കാരെ അന്വേഷിച്ചുതുടങ്ങും. സി.എസ്.ഐ. ക്കാരിയാണെങ്കിലും മാർത്തോമാക്കാരൻ പയ്യനെയാണ് മാതാപിതാക്കൾ തിരഞ്ഞെടുക്കുന്നതെന്നും (യോഗ്യരായ പയ്യന്മാരെ മാർത്തോമാസഭയിൽ ധാരാളം കിട്ടുമെന്ന് ഏവർക്കും അറിവുള്ളതാണല്ലൊ!) അവളുടെ വിവാഹശുശ്രൂഷ എന്റെ കാർമികത്വത്തിൽ നടത്താൻ തീരുമാനിക്കുന്നുവെന്നും കരുതുക. ഉടനെ അവൾ ചെന്ന് മാതാപിതാക്കളോട് '12 വർഷം മുമ്പ് ഞാനിട്ടിരുന്ന ഉടുപ്പ് തിരുമേനിക്ക് വളരെ ബോധിച്ചതായതിനാൽ കല്യാണദിവസം ഞാനതു ധരിച്ചോട്ടെ' എന്നു പറഞ്ഞാലത്തെ അവസ്ഥ നിങ്ങളൊന്നാലോചിച്ചു നോക്കൂ. *ഏതെങ്കിലുമൊന്ന് നല്ലതാണെന്ന് ഒരിക്കൽ ബോധ്യപ്പെട്ടുവെന്നു വച്ച് കാലവും സന്ദർഭവും മറന്ന് അതു വേണമെന്നാവശ്യപ്പെട്ടാലത്തെ സ്ഥിതി!"*

*ജസ്റ്റീസ് (റിട്ട.) കെ. ടി. തോമസ്*

❖❖

I remember a car journey with Bishop Chrysostom and some friends. Time and again we came across not only dogs but also sheep and cattle and even pigs on the way. Then Mar Chrysostom's humour broke out! He told us about one of his car journeys during his stay in England soon after his consecration as Bishop. An English priest and a hosting family were with him in the car. On the way, they shared some fruits. The young Bishop peeled the fruit and threw its peels out through the window of the car- ( he did not know that there was a waste bag kept in front of their seats!). After a couple of minutes the host's daughter, about five years old, also threw the peels onto the road. The father stopped the car, reversed to the spot where the girl threw the waste, ordered her to go and collect it and she did. Then the mother opened the waste bag and asked the girl to put it into the bag. Bishop Chrysostom sat very much embarrassed, not knowing what to do. But he soon gained his words and requested them to reverse the car to the spot where he had dropped the waste and to punish him in the same way as they punished their little daughter, but they refused. The Bishop begged their pardon for showing a bad example to the child. Then the hosts consoled him saying, "Well, you are a bishop and you know how to correct your mistake. But she is a growing child and we have to correct her lest she should ever repeat it!." The Bishop sincerely apologized and expressed his appreciation for the civic sense and the discipline of the British.

The accompanying priest then used his skill to change the subject of the conversation with the intention of cheering up the Bishop. He said: "Bishop, why do you allow wild animals to walk freely on public roads in India?". Bishop Chrysostom retorted: "Reverend, that was only till 1947; then they all left and we don't find them after that!"

***Rev. Dr. V. E. Varghese***



# Know The Shepherd

There was once a Shakespearian actor, well known for his one-man show of recitations from the classics. He would always end his performance with a dramatic reading of the 23rd Psalm from the Bible. Each night, without exception, as the actor began his recitation-**The Lord is my Shepherd, I shall not want**-the crowd would listen attentively and at the conclusion of the Psalm, they would rise in thunderous applause in appreciation of the actor's incredible ability to bring the verse to life.

But one night, just before the actor was to offer his customary recital of Psalm 23, a young man from the audience stood up. "Sir, do you mind if tonight I recite the 23rd Pslam?". The actor was taken aback by this unusual request, but he allowed the young man to come forward and stand on the stage to recite the Psalm, knowing that the ability of this unskilled youth would be no match for his own talent. With a soft voice, the young man began to recite the words of the Psalm. When he finished, there was no applause or standing ovation as on other nights. All that could be heard was the sound of weeping. The audience had been so moved by the young man's recitation that every eye was full of tears.

Amazed by what he heard, the actor said to the youth, "I don't understand. I have been reciting the 23rd Psalm for years. I have a lifetime of experience and training-but I have never been able to move the audience as you have done tonight. Tell me, what is your secret?"

The young man humbly replied, ***"Well, Sir, you know the Psalm, but I know the Shepherd."***

It is not just enough to read the Bible and to know its contents. Unless we know its author, the Bible is nothing more than just another book. Let us continue to seek to know the content of the Bible, but more importantly, its author.

***(indebted)***

**DO NOT CLING....** *(Cont'd from Page 2)*

potential evil within you. Don't cling; follow. Take the next step, putting your feet in the gap I have cleared, conscious of how you may make mistakes, but trusting that I can restore you and lead you further, that I can deal with the residues of evil in your heart and in every heart.'

Mary Magdalene tries to cling to a Jesus from the past, her past; her first outburst of joy comes from a conviction that the impossible has happened – that history has been reversed. It hasn't. The crucifixion has happened, and both Jesus's friends and his enemies have made irrevocable decisions in the course of the events around it. Judas and Peter and Pilate will not wake up and find it was all a bad dream. Now in the light of Easter, they have to decide what to do with their sin and compromise, the past that will not go away, the evil and the mistaken good, the fear and the running away. They, with Magdalene, have to learn that the risen Jesus promises a transformation never yet imagined or expected, the possibility of reconciliation and of sharing Jesus's intimacy with the Father. He is ascending to 'my Father and your Father'. At that moment, neither Mary nor anyone else could know what that would mean; she is called on to go with Jesus so as to discover what it is, and to echo that call in her witness to the apostles, summoning them – and so summoning us – to the Father's heart. On that journey, we must travel light, laying aside what one of the desert fathers called the heavy burden of self-justification, and giving up the image of a Jesus who simply assures me of my own image of myself as good and right. From now on, my justification is not that I am proved to have been right all along; it is that Jesus has promised, irrespective of my success or failure, to be there. He assures me not of my innocence but of my forgiveness and my hope. He was raised to life, says Saint Paul, for our justification; he was raised so that we may know his promise to be with us is never defeated by our failures.

We struggle with the dilemmas of our age; we do our best to test and challenge our own convictions, to bring them to the truth; but we know too that they will be shadowed with our own secret needs and frailties, that they will not simply be a clear witness to truth and goodness. We accept that, even as we work for good ends, we shall find ourselves wandering or compromised. We make our decisions about right and wrong, good and evil, as prayerfully and carefully as we can, and try to find the courage to take the consequences of those decisions. But we resolve not to see in each other absolute good or evil; we recognise that the denial of evil in ourselves does not help the cause of good. And so we follow Jesus, 'justified' by his gift of love alone. We pray and trust that he will, bit by bit, deliver us from evil, inside as well as outside. We turn our eyes away from the seductive image of a righteous, settled soul with nothing more to learn or to repent. ***We keep our eyes on Jesus and follow his gaze – towards the Father's heart. We stop clinging, stop demanding that God will serve our need to be in the right. We make our mistakes and we own them. We are justified by faith, as we resolve to follow the risen Jesus into the unknown depths of God's life;*** and if we can begin to live out such a faith in the resurrection, we shall, with Mary, prompt others to come and ponder the empty tomb and take the first steps on Jesus's path.

*Sermon at Canterbury Cathedral*

# വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ്



**ഡോ. ഐഡ സോഫിയ സ്കഡർ**
**(സ്ഥാപക)**

*(വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിനെക്കുറിച്ചുള്ള ഈ ഫീച്ചർ മൂന്നാലു ദിവസം കൊണ്ട് നേരിട്ടു ശേഖരിച്ച വിവരങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ളതാണ്. ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യവും, പതിനായിരക്കണക്കിനു രോഗികളും, നൂറുകണക്കിനു സ്റ്റാഫും വിദ്യാർത്ഥികളുമുള്ള ഒരു സ്ഥാപനത്തെ അതിന്റെ പൂർണതലത്തിൽ അവതരിപ്പിക്കുവാൻ ഇവിടെ സാധിച്ചിട്ടില്ല. ചേർത്തിരിക്കുന്ന കുറിപ്പുകളിൽ ആരുടെയെങ്കിലും പേരു വിട്ടുപോകയോ, വസ്തുതകൾക്ക് വേണ്ട പ്രാധാന്യം ലഭിക്കാതെ വരികയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കുമല്ലോ. - ചീഫ് എഡിറ്റർ)*



ഇന്ത്യയിലാദ്യമായി ഒരു ന്യൂറോളിക്കൽ സയൻസ് ഡിപ്പാർട്ടുമെന്റ് തുടങ്ങിയതു വെല്ലൂരിലാണ്. ഇതിനു നേതൃത്വം കൊടുത്തതോ പത്മഭൂഷൺ ബഹുമതി നേടിയ കോട്ടയം സ്വദേശി മറ്റീത്ര **ഡോ. ജേക്കബ് ചാണ്ടി.** "Father of Neurosurgery and Neurology" എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. 1962-70-ൽ വെല്ലൂർ മെഡിക്കൽ കോളജ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച അദ്ദേഹമൊരു മികച്ച ഭരണാധികാരിയായിരുന്നു.



ഹ്രസ്വകാലത്തെ സൈനികസേവനത്തിനുശേഷം 1947-ൽ ഇവിടെ ജോലിയിൽ പ്രവേശിച്ച് കമ്യൂണിറ്റി ഹെൽത്ത് ഡിപ്പാർട്ടുമെൻറ് മേധാവിയായി തീർന്ന പള്ളം കൈതയിൽ **ഡോ. കെ. ജി. കോശി** വിലപ്പെട്ട സേവനം ചെയ്തിട്ടുണ്ട്. 1970-71-ൽ പ്രിൻസിപ്പലും 1971-74-ൽ ഡയറക്ടറുമായിരുന്നു.



പ്രിൻസിപ്പൽ (1981-87), ഡയറക്ടർ (1987-94) എന്നീ പദവികളലങ്കരിച്ച **ഡോ. ബഞ്ചമിൻ പുളിമൂട്** വിദ്യാർത്ഥികൾക്കൊരു റോൾ മോഡൽ ആയിരുന്നു. രോഗികളെ കരുതലോടെ ചികിത്സിക്കുന്ന കാര്യത്തിൽ അതീവശ്രദ്ധ ചെലുത്തിയിരുന്നു.



ഗാസ്ട്രോ എന്ററോളജി ക്ലിനിക്കിനെ ഒരു ബഹുമുഖ ഡിപ്പാർട്ടുമെന്റായി പടുത്തുയർത്തിയത് **ഡോ. വി. ഐ. മാത്തൻ** ആണ്. യു. സി. കോളജ് പ്രിൻസിപ്പലായിരുന്ന വി. എം. ഇട്ട്യേര സാറിന്റെ പുത്രൻ. ഇദ്ദേഹം ഡയറക്ടറായിരിക്കുമ്പോഴാണ് (1994-97) കോളജിന്റെ ശതാബ്ദിയാഘോഷപരിപാടികൾക്ക് തുടക്കമിട്ടത്.



പ്രഥമ ബാച്ച് വിദ്യാർത്ഥികളിലൊരാളായ **ഡോ. കെ. വി. മത്തായി** ഒരു വിദഗ്ധ ന്യൂറോസർജനായാണ് അറിയപ്പെടുന്നത്. ഡോ. ജേക്കബ് ചാണ്ടിയുടെ പിൻഗാമിയായ ഈ ഡോക്ടറുടെ സേവനം തേടി ഇൻഡ്യയുടെയും തെക്കുകിഴക്കൻ ഏഷ്യയുടെയും വിവിധ ഭാഗങ്ങളിൽ നിന്ന് രോഗികളെത്തുമായിരുന്നു.



ശാരീരിക തളർച്ചയുണ്ടായാലും മനസ്സ് തളരാതിരുന്നാൽ അത്ഭുതങ്ങൾ നടത്താനാകുമെന്നു ലോകത്തെ പഠിപ്പിച്ച വ്യക്തിയാണ് **ഡോ. മേരി വറുഗീസ്.** മെഡിക്കൽ പഠനത്തിനിടയിൽ ഒരപകടത്തിൽപ്പെട്ട് വികലാംഗയായിത്തീർന്ന ഈ മഹതി വീൽചെയറിലിരുന്നുകൊണ്ട് രോഗികളുടെ പുനരധിവാസപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തു. കേന്ദ്രസർക്കാർ പത്മശ്രീ ബഹുമതി നൽകി അവരെ ആദരിച്ചു.



ഡർമറ്റോളജി ഡിപ്പാർട്ടുമെന്റ് പോസ്റ്റ് ഗ്രാജ്വറ്റ് പരിശീലനത്തിനായി അംഗീകരിക്കപ്പെട്ടത് **ഡോ. റേച്ചൽ മത്തായി**യുടെ 42 വർഷത്തെ സേവനകാലത്താണ്. 12 വർഷക്കാലം ത്വക്‌രോഗസംബന്ധമായ IJVDL ജേർണലിന്റെ എഡിറ്ററായി സേവനമനുഷ്ഠിച്ച് അതിനെയൊരു മികച്ച പ്രസിദ്ധീകരണമാക്കി മാറ്റി.



കുഷ്ഠരോഗപഠനത്തിലൂടെ അനവധി സംഭാവനകൾ ചെയ്ത പതോളജി പ്രൊഫസറാണ് പള്ളം വള്ളപ്പുരയ്ക്കൽ **ഡോ. ചിനോയി ചാക്കോ.** സ്റ്റാഫിന്റെ കുട്ടികൾക്കായി ഐഡ സ്കഡർ സ്കൂൾ തുടങ്ങുവാൻ നേതൃത്വം കൊടുത്തതും അദ്ദേഹം തന്നെ.



നെഫ്രോളജി വിഭാഗത്തിൽ ഒരു യൂണിറ്റിന്റെ മേധാവിയാണ് **ഡോ. ജോർജ് ടി. ജോൺ.** സി.എം.സി.യിലെ ഒരു പൂർവവിദ്യാർത്ഥി കൂടിയായ ഇദ്ദേഹം കോട്ടയം മാർത്തോമാ വൈദിക സെമിനാരി അദ്ധ്യാപകനായിരുന്ന ഡോ. ടി. ജോണിന്റെ പുത്രനാണ്.

ദീർഘവീക്ഷണമുള്ള ചാപ്ലേനായിരുന്നു **റവ. എ. സി. ഉമ്മൻ.** വിശ്വാസവും പ്രവർത്തനവും തമ്മിലുള്ള ബന്ധം വർക്ക് ക്യാമ്പുകളിൽ കൂടി കാണിച്ചുകൊടുത്തയാൾ. സി.എം.സി.യ്ക്ക് പ്രതിസന്ധി



നേരിട്ട '70 കളിൽ അനുരഞ്ജനത്തിന്റെ പാലം പണിയുവാൻ അച്ചൻ ചെയ്ത പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

# പുതിയ മോഡലുകൾ സൃഷ്ടിക്കൂ...

ഡോ. ജോർജ് എം. ചാണ്ടി



***അങ്ങ് ഡയറക്ടറായി ചുമതലയേറ്റിട്ട് എത്ര നാളായി?***

ആറു മാസം

***ഈ ആശുപത്രിയുടെ ദർശനമെന്താണ്?***

"ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനത്രെ" (Not to be ministered unto but to minister) എന്നതാണ് ഞങ്ങളുടെ കുറിവാക്യം. ദൈവം ഞങ്ങളെ സമൃദ്ധിയായി അനുഗ്രഹിച്ചു. സേവനത്തിനായി സ്വയം സമർപ്പിക്കപ്പെട്ട നല്ലയൊരു പാരമ്പര്യമാണു ഞങ്ങൾക്കുള്ളത്. സ്ത്രീകളുടെ ആരോഗ്യപരിപാലനം മുൻനിർത്തി ആരംഭിച്ച ഈ സ്ഥാപനം ആവശ്യത്തിലിരിക്കുന്നവർക്ക് മികച്ച സേവനം നൽകുന്ന ഒരു സ്ഥാപനമാണ്.

***ഇന്ത്യയിലെ ഏറ്റവും മികച്ച സ്ഥാപനമെന്നത് ഒന്നു വ്യക്തമാക്കാമോ?***

വൈദ്യശുശ്രൂഷാമേഖലയിലില്ലാതിരുന്ന പലതും ഇന്ത്യയിൽ ആദ്യമായി തുടങ്ങിയത് സി.എം.സി.യിലാണ്. ന്യൂറോ സർജറി, ഓപ്പൺ ഹാർട്ട് സർജറി, വൃക്ക മാറ്റിവയ്ക്കൽ തുടങ്ങിയവ ഇവിടെയാണ് ആദ്യം ആരംഭിച്ചത്.

***ഇതിനെ ഉന്നത നിലവാരമുള്ള ഒരു സ്ഥാപനമായി ഉയർത്തുവാൻ നിങ്ങൾ ബദ്ധപ്പെടുമ്പോൾ പാവപ്പെട്ട രോഗികൾ അവഗണിക്കപ്പെടില്ലേ?***

'Passion for excellence in the spirit of compassion' ഈ വാചകം എപ്പോഴും ഞങ്ങളുടെ മനസ്സിലുണ്ടാകും. സമൂഹത്തിലെ ദുർബലരെയും പാവങ്ങളെയും സ്നേഹിച്ച ക്രിസ്തുവിനു വേണ്ടിയാണ് ഞങ്ങളിതിനെ ഉന്നതനിലവാരമുള്ള ആശുപത്രിയാക്കുവാൻ ശ്രമിക്കുന്നത്. ഞങ്ങളെ ഭരിക്കുന്നത് യേശുവിന്റെ ആത്മാവാണ്. യേശു ആഗ്രഹിക്കുന്ന രീതിയിൽ പ്രവർത്തിക്കുവാനാണ് ഞങ്ങൾക്കു താൽപര്യം. ദൈവത്തിനുവേണ്ടി ഞങ്ങൾ ചെയ്യുന്നത് പൂർണഹൃദയത്തോടും പൂർണസമർപ്പണത്തോടും കൂടിയാണ്. അതുകൊണ്ടാണ് സേവനത്തിന്റെ പുതിയ മോഡലുകൾ സൃഷ്ടിക്കുവാൻ സാധിച്ചുകൊണ്ടിരിക്കുന്നത്?

***പുതിയ മാതൃകയെന്താണെന്നു പറയാമോ?***

കഴിഞ്ഞ വർഷത്തെ 135 കോടി രൂപയുടെ ബജറ്റിൽ 21 കോടി രൂപയുടെ സൗജന്യസേവനം പാവപ്പെട്ട രോഗികൾക്കു നൽകുവാൻ സാധിച്ചു.

***ഈ പണം എങ്ങനെയാണു സംഭരിച്ചത്?***

അധികപങ്കും, സാമ്പത്തികശേഷിയുള്ള രോഗികളിൽ നിന്നു ശേഖരിക്കുന്നതാണ്. ഇവിടെ സ്വകാര്യചികിത്സയ്ക്കു വരുന്ന രോഗികളിൽ നിന്ന് ഓരോ പരിശോധനയ്ക്കും ഞങ്ങൾ കൂടുതൽ ഫീസ് ഈടാക്കുന്നു. ഇവിടെ ചികിത്സയ്ക്കു വന്നാൽ നിങ്ങൾ പരോക്ഷമായി ഒരു പാവപ്പെട്ട രോഗിയെ സഹായിക്കുകയാണു ചെയ്യുന്നത് ഇതാണ് ഞങ്ങൾ സ്വീകരിച്ചിരിക്കുന്ന ഒരു മാതൃക.

***രോഗി സാമ്പത്തിക ബുദ്ധിമുട്ടുള്ള വ്യക്തിയാണെന്നറിയാൻ എന്താണു നിങ്ങളുടെ അടിസ്ഥാനം?***

രോഗിയെ ശുശ്രൂഷിക്കുന്ന ഡോക്ടർക്ക് അതിനുള്ള പൂർണസ്വാതന്ത്ര്യം ഞങ്ങൾ കൊടുത്തിട്ടുണ്ട്.

***ഇത് ദുരുപയോഗപ്പെടുത്തുവാൻ സാദ്ധ്യതയില്ലേ?***

താങ്കൾ ആദ്യം ചോദിച്ച ചോദ്യത്തിനുള്ള ഉത്തരം കൂടിയാണിത്. ഇവിടെയാണ് ഞങ്ങൾ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തമായ മറ്റൊരു മോഡൽ സൃഷ്ടിച്ചിരിക്കുന്നത്. ഇവിടെ സേവനം ചെയ്യുന്ന ഡോക്ടർമാരെ മറ്റുള്ളവരിൽ നിന്ന് തികച്ചും വ്യത്യസ്തരാക്കുന്നതങ്ങനെയാണ്. പണത്തോടും അധികാരത്തോടും പ്രിയം കൂടുതലുള്ളവർ ഇവിടെ അധികനാൾ തുടരില്ല. കാമ്പസിൽ തന്നെ താമസിച്ച് 24 മണിക്കൂറും സേവനം ചെയ്യുവാൻ സമർപ്പിക്കപ്പെട്ടവരേ ഇവിടെയുണ്ടാകയുള്ളു.



***ഇവിടത്തെ ശമ്പളഘടന ഒന്നു വിശദീകരിക്കാമോ?***

ശമ്പളത്തിൽ 1:6 എന്ന തുല്യത പാലിക്കുവാൻ ഞങ്ങൾ ശ്രദ്ധിക്കും. പ്രൊഫസർ ഗ്രേഡിൽ 15,000 മുതൽ 20,000 രൂപ വരെ ശമ്പളം ലഭിക്കും. ഇവിടെ 25,000 രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്നവരുണ്ടാവില്ല. ഇവിടെയുള്ള സ്റ്റാഫ് പുറത്തെവിടെങ്കിലും പോയി പ്രതിഫലം വാങ്ങി ജോലി ചെയ്താൽ അത് സ്ഥാപനത്തിന്റെ വരുമാനത്തിലേക്കു കൊടുക്കേണ്ടതാണ്. അവിടെയും ഞങ്ങൾ പുതിയൊരു മോഡലാണ് സൃഷ്ടിച്ചിരിക്കുന്നത്.

***മറ്റു മെഡിക്കൽ കോളജദ്ധ്യാപകർക്ക് ലഭിക്കുന്നതിൽ കുറവ് വരുമാനമേ ഇവിടെ ലഭിക്കുന്നുള്ളല്ലോ. ഇത് കുട്ടികളുടെ ഉന്നതപഠനത്തിനു തികയാതെ വരില്ലേ?***

അങ്ങനെയൊരു പ്രശ്നം പലരും ചൂണ്ടിക്കാണിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കച്ചവട മനഃസ്ഥിതിയോടെ പ്രവർത്തിക്കുമ്പോൾ ഞങ്ങളുടെ കുട്ടികളെ ഉയർന്ന ഫീസു നൽകി പഠിപ്പിക്കുവാൻ പ്രയാസം നേരിടുന്നുണ്ട്.

***മെഡിക്കൽ കോളജെന്ന നിലയിൽ എന്തെങ്കിലും മോഡലുകൾ സൃഷ്ടിക്കുവാൻ ശ്രമിക്കാറുണ്ടോ?***

ഓരോ വർഷവും ഞങ്ങൾ 60 വിദ്യാർത്ഥികളെ മെഡിസിനു പ്രവേശിപ്പിക്കും. ഞങ്ങളുടെ പരിശീലനം, സേവനം നിർവഹിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടെയാണ്. അതുകൊണ്ട് ഒരു മെഡിക്കൽ വിദ്യാർത്ഥിയുടെ വാർഷിക ഫീസ് 3000 രൂപ മാത്രമാണ്. പക്ഷേ ഞങ്ങൾ ഓരോ വർഷവും ഓരോ കുട്ടിക്കുവേണ്ടി ചെലവാക്കുന്നത് 2.16 ലക്ഷം രൂപയാണ്. ഓരോ വർഷവും വിദ്യാഭ്യാസ സബ്സിഡിയായി ചെലവാക്കുന്നത് 12 കോടി രൂപയും. മെഡിക്കൽ വിദ്യാഭ്യാസത്തിനായി സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കേണ്ടിവരുന്ന വിദ്യാർത്ഥി പഠനം കഴിയുമ്പോൾ പണമാർജ്ജിക്കുവാനുള്ള വ്യഗ്രതയിലാണിറങ്ങുക. ഇതുണ്ടാകാതിരിക്കാനാണ് ഞങ്ങൾ ഏറ്റവും കുറഞ്ഞ ഫീസിൽ കുട്ടികളെ പഠിപ്പിക്കുന്നത്. ഇവിടെയും ഞങ്ങൾ മോഡലായിത്തീരുവാനാണാഗ്രഹിക്കുന്നത്.

***എത്രമാത്രം പ്രായോഗികമാണിത്?***

ഞങ്ങൾ പരിശീലനം നൽകിയ 70% വിദ്യാർത്ഥികളും ഇന്ത്യയിൽ തന്നെയുണ്ട്. ഇതിൽ 80% പേരും പണമാർജ്ജിക്കുവാൻ സാദ്ധ്യതയുള്ള നാലു മെട്രോപ്പൊലീത്തൻ നഗരങ്ങൾക്കു വെളിയിലാണ് സേവനം ചെയ്യുന്നത്. ഓരോ വർഷവും പുറത്തു വരുന്നവരിൽ ഒന്നോ രണ്ടോ പേർ മികച്ച സംഭാവനകൾ വൈദ്യമേഖലയ്ക്കു നൽകാറുണ്ട്. ഏതു പ്രസ്ഥാനത്തിലും, ലക്ഷ്യങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന ഒരു ന്യൂനപക്ഷം കാണും. നാം നോക്കേണ്ടത് ഭൂരിപക്ഷത്തെയാണ്.

***വെല്ലൂരിൽ നിന്നു വരുന്ന ഡോക്ടർമാരുടെ സേവനം കേരളത്തിലെ സഭകൾക്ക് വേണ്ട രീതിയിൽ കിട്ടുന്നില്ലെന്നു പരാതിയുണ്ടല്ലോ?***

തിരിച്ചു ചോദിക്കട്ടെ, ഇവിടെ നിന്നു വരുന്ന ഡോക്ടർമാർക്ക് സഭ എന്തു സൗകര്യമാണ് ചെയ്തു കൊടുക്കുന്നത്? ദീർഘവർഷങ്ങളിലെ പരിശീലനം കഴിഞ്ഞുവരുന്നവർ ആർ.എം.ഒ. ജോലിയ്ക്കല്ല വരുന്നത്. അതും, ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം. വടക്കേ ഇന്ത്യയിൽ ആവശ്യമുള്ള ഗ്രാമങ്ങളിലേക്ക് ഞങ്ങളുടെ കുട്ടികളെ വിടുക. അവരവിടെ സേവനം ചെയ്യും.

***സൗഖ്യദായകശുശ്രൂഷയിൽ കേരളത്തിലെ സഭകൾ പരാജയപ്പെടുകയാണല്ലോ?***

നമുക്ക് മൂന്നു മോഡലുകളാണുള്ളത്. ഒന്ന്, അമേരിക്കയിൽ നിന്ന് പണം വരുത്തി ചെലവാക്കുക. മറ്റൊന്ന്, എവിടെ നിന്നോ പണം വരുത്തി മറ്റൊരാൾക്കു കൊടുക്കുക. മൂന്നാമതൊരു മോഡൽ കൂടിയുണ്ട്. അതാണ് സി.എം.സി.യിലേത്. ലഭിക്കുന്ന പണം നിങ്ങളെ വളർത്തുവാൻ സഹായിക്കുന്ന മേഖലയിൽ നിക്ഷേപിക്കുക. സി.എം.സി. എന്തിന് ഹൈ ടെക് മേഖലയിലേക്കു പോകണം? ന്യൂറോ സർജറിയിൽ എന്തിനു പണം ചെലവഴിക്കണം? ഹൃദയശസ്ത്രക്രിയ ഇവിടെയാവശ്യമുണ്ടോ? കരൾ മാറ്റൽ ശസ്ത്രക്രിയയ്ക്ക് എന്തിന് ഡോ. ജോർജ് ചാണ്ടി പോകണം?-തുടങ്ങി അനവധി ചോദ്യങ്ങൾ. ഉത്തരം ലളിതം. ഇതു ചെയ്തെങ്കിലേ സമ്പന്നരായ രോഗികൾ ഇവിടെ വരൂ. അവരുടെ പണം ലഭിച്ചാൽ പാവങ്ങളുടെ സേവനത്തിനായി അതുപയോഗിക്കാം. ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നതിലൂടെ മാത്രമേ ഫലപ്രദമായ ശുശ്രൂഷ ചെയ്യാനാവൂ.

***കേരളത്തിൽ വൈദ്യശുശ്രൂഷ കച്ചവടമായി മാറിയിരിക്കുന്നതിനാൽ സഭകൾ ഈ രംഗത്ത് തുടരുന്നതിൽ പ്രസക്തിയുണ്ടോ?***

എന്റെ അറിവനുസരിച്ച് നാട്ടിലെ പാവങ്ങൾക്ക് സർക്കാർ ആശുപത്രിയിൽ നിന്നുപോലും വേണ്ട രീതിയിലുള്ള പരിചരണം ലഭിക്കാറില്ല. പാവപ്പെട്ടവരിൽ പാവങ്ങളെ പരിചരിക്കുവാനുള്ള ഉത്തരവാദിത്തം സഭയുടേതാണ്.

***കേരളത്തിലെ സഭകൾക്ക് എന്തെങ്കിലും മോഡലുകൾ നിർദ്ദേശിക്കാനുണ്ടോ?***

പിന്നോക്കഗ്രാമങ്ങൾ 'ദത്തെടുത്ത്' അവയുടെ എല്ലാതലങ്ങളിലുമുള്ള വളർച്ചയ്ക്കു സഹായിക്കുവാൻ ഓരോ ഇടവകയും ശ്രമിക്കണം. ആരോഗ്യമേഖല, വിദ്യാഭ്യാസമേഖല, സാംസ്കാരികമേഖല ഇവയെല്ലാം അതിലുൾപ്പെടും. അവസാനമായി, ഞാനൊരു ചോദ്യം ചോദിക്കട്ടെ. സൗഖ്യദായക ശുശ്രൂഷയെക്കുറിച്ച് സഭയ്ക്ക് എന്തെങ്കിലും ദർശനമുണ്ടോ? മാറ്റമുണ്ടാകുന്നത് വ്യക്തികളിൽ നിന്ന് വ്യക്തികളിലേക്കാണ്. ചില 'റോൾ മോഡലുകൾ' സൃഷ്ടിക്കുവാൻ സാധിച്ചാൽ അത് മാറ്റങ്ങൾക്കിടയാക്കും. സഭ അതിനു ശ്രമിക്കണം.

***(കാലം ചെയ്ത ബിഷപ്പ് എം. എം. ജോണിന്റെ ജ്യേഷ്ഠ സഹോദരന്റെ പൗത്രനാണ് ഡോ. ജോർജ് എം. ചാണ്ടി. കോട്ടുകുളഞ്ഞി ആശുപത്രിയുടെ പ്രാരംഭദശയിൽ ഏതാനും വർഷം അവിടെ പ്രവർത്തിച്ചിരുന്ന ഡോക്ടർ, ആശുപത്രി പ്രതിസന്ധിയിലായപ്പോൾ വെല്ലൂരിൽ നിന്ന് വീണ്ടും കോട്ടുകുളഞ്ഞിയിൽ വന്ന് സേവനമനുഷ്ഠിക്കുകയുണ്ടായി.)***

## പുതിയ ഉൾക്കാഴ്ചയുണ്ടാകണം

**ഡോ. ചാക്കോ കോരുള ജേക്കബ്**



ജോലിയിലുള്ള സംതൃപ്തി ലഭിക്കുന്നതുകൊണ്ടാണ് ഞാനിവിടെ ജോലി ചെയ്യുന്നത്. ഇവിടെ വന്നിട്ട് ജൂണിൽ 40 വർഷം തികയുന്നു. ഇടയ്ക്ക് കാനഡയിൽ പോയി ജോലി ചെയ്തു. സാമ്പത്തികമായി എനിക്ക് അതായിരുന്നു മെച്ചം. പക്ഷേ സേവനത്തിലൂടെ ഇവിടെ ലഭിക്കുന്ന സംതൃപ്തി മറ്റൊരിടത്തും ലഭിക്കില്ല. ഞങ്ങൾ ഒരു രോഗിയെ ചികിത്സിക്കുവാൻ തീരുമാനിച്ചാൽ, പണം നൽകി ചികിത്സിക്കുന്ന രോഗിയാണോ ജനറൽ വാർഡിലെ രോഗിയാണോ സൗജന്യചികിത്സ ലഭിക്കുന്ന രോഗിയാണോ എന്നൊന്നും ശ്രദ്ധിക്കാറില്ല. രോഗിക്ക് ഏറ്റവും മികച്ച ശുശ്രൂഷ ലഭ്യമാക്കുകയെന്നതാണ് ഞങ്ങളുടെ ലക്ഷ്യം. രോഗിയുടെ ആവശ്യമനുസരിച്ചുള്ള ശ്രദ്ധ ഞങ്ങൾ കൊടുക്കും. ഗുണമേന്മ പണത്തെ അടിസ്ഥാനപ്പെടുത്തിയല്ല. ഞങ്ങൾക്ക് എല്ലാ രോഗികളെയും ചികിത്സിക്കാനാവില്ല. ഇന്ത്യയിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള ഒരു ലക്ഷം ആളുകളുണ്ട്. ഏതാണ്ട് 100 വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും 300 ഡയാലിസിസുമാണ് ഇവിടെ ഒരു വർഷം ചെയ്യുന്നത്. കൂടുതൽ ചെയ്യുവാനുള്ള സാമ്പത്തികശേഷി ആശുപത്രിക്കില്ല. ഈ സ്ഥാപനത്തിനു മൂന്നു തൂണുകളുണ്ട്. പഠിപ്പിക്കൽ, ഗവേഷണം, രോഗശുശ്രൂഷ. മൂന്നു കാലുള്ള സ്റ്റൂൾ പോലെയാണത്. ഏതെങ്കിലുമൊന്നിനു ബലക്ഷയം വന്നാൽ സ്റ്റൂൾ നേരെ നിൽക്കില്ല. ചിലർ നല്ല അദ്ധ്യാപകരായിരിക്കും. എന്നാൽ, ഗവേഷണത്തിൽ മിടുക്കരായിരിക്കണമെന്നില്ല. ഓരോരുത്തരും മൂന്നു മേഖലകളിലും പ്രാഗത്ഭ്യം തെളിയിക്കണമെന്നുമില്ല. പക്ഷേ ഇവരെയെല്ലാം ഉൾക്കൊള്ളുന്നതാണ് സി.എം.സി.

സഭ സൗഖ്യദായകശുശ്രൂഷയെ ഗൗരവമായെടുക്കുന്നുണ്ടെങ്കിൽ, നാട്ടിലെ രീതിയിൽ ഇനി പ്രവർത്തിച്ചിട്ടു കാര്യമില്ല. സഭ ഇനിയും ശ്രദ്ധിക്കേണ്ടത് വൃദ്ധജനങ്ങളെയും മദ്യപാനികളെയും എയിഡ്സ് രോഗികളെയുമൊക്കെയാണ്. മറ്റാരും കടന്നുവരാത്ത ഈ മേഖലയിൽ സഭ പണം മുടക്കണം. സഭയ്ക്കു പണമില്ലെന്നു പറഞ്ഞാൽ അംഗീകരിക്കാനാവില്ല. സഭയുടെ കൈവശമാണ് ഏറ്റവും കൂടുതൽ ഭൂമിയുള്ളത്. എല്ലാ സഭകളുടെയും കൈവശം മിച്ച സ്ഥലങ്ങൾ തന്നെയുണ്ട്. കത്തോലിക്കാസഭയുടെ സ്ഥാപനങ്ങളുമായി നമ്മുടെ സ്ഥാപനങ്ങളെ തുലനം ചെയ്യുന്നതിൽ അർത്ഥമില്ല. അവരുടേത് വേറൊരു ഡിസിപ്ലിനാണ്. മെത്രാൻ പറയുന്നത് ആരും ചോദ്യം ചെയ്യാറില്ല. സ്ഥാപനങ്ങൾ നടത്തുന്നത് കന്യാസ്ത്രീകളും വൈദികരുമാണ്. ഇവിടെ നിന്നു പോകുന്ന ഡോക്ടർക്കു ലഭിക്കുന്നത് 70,000 മുതൽ ഒരു ലക്ഷം രൂപ വരെയാണ്. ഇത്രമാത്രം കൊടുക്കുവാൻ സാധിക്കുകയില്ലെങ്കിലും സാമാന്യം നല്ല ശമ്പളം കൊടുക്കാൻ സഭകൾ തയാറാകണം. കോട്ടുകുളഞ്ഞിയിലും പള്ളത്തും തിടനാട്ടും ആശുപത്രിയുണ്ടെന്നു പറഞ്ഞിട്ടു കാര്യമില്ല. ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു നടത്തിയാലേ വിജയിക്കുകയുള്ളൂ.

***(ദിവംഗതനായ റൈറ്റ് റവ. ഡോ. സി. കെ. ജേക്കബിന്റെ പൗത്രനും നെഫ്രോളജി വിഭാഗം മേധാവിയുമാണ് ഡോ. ചാക്കോ കോരുള ജേക്കബ് )***

## മിഷനറി ദർശനമാണാവശ്യം

**ഡോ. രവി ജേക്കബ് കോരുള**



ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അനേകം മെഡിക്കൽ കോളജുകൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കു നൽകുന്ന പരിശീലനം, ജോലി സംസ്കാരം, ധാർമികത, സൗജന്യചികിത്സ ഇവയിലെല്ലാം ഏറ്റവും മികച്ച നിലവാരം പുലർത്തുന്നത് വെല്ലൂർ മെഡിക്കൽ കോളജാണ്. ജോലി ചെയ്യുന്നതിലുള്ള മാനസിക സംതൃപ്തി, ആത്മീയ സംതൃപ്തി ഇവയെല്ലാം ഇവിടെ ലഭിക്കുന്നതിനാൽ നാം ഈ സ്ഥാപനത്തെ ആത്മാർത്ഥമായി സ്നേഹിച്ചുപോകും. മറ്റു സ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ശമ്പളം കുറവാണെങ്കിലും മോശമല്ലാത്ത ശമ്പളമാണ് ഇവിടെ ലഭിക്കുന്നത്. താമസസൗകര്യം, യാത്രാസൗകര്യം, കുട്ടികൾക്ക് പഠിക്കുവാനുള്ള സൗകര്യം, സ്റ്റാഫിന്റെ കുടുംബത്തിനുള്ള ചികിത്സാസൗകര്യം, സ്റ്റഡി ലീവ്, സബാറ്റിക്കൽ ലീവ്, വിദേശപരിശീലനം തുടങ്ങി

അനവധി സൗകര്യങ്ങൾ ഇവിടെ ലഭിക്കും. ജോലിയിൽ ഒരു മിഷനറി ദർശനത്തോടെയുള്ള സമർപ്പണമാണാവശ്യം. ഞാൻ തിടനാട്ട് (കാഞ്ഞിരപ്പള്ളി) രണ്ടുവർഷം ജോലി ചെയ്തിരുന്നു. ഞാൻ ചെല്ലുമ്പോൾ 14 രോഗികളേ ശരാശരി വന്നിരുന്നുള്ളൂ. ഒരു വർഷത്തിനുള്ളിൽ 150-ഓളം രോഗികൾ വരാനിടയായി. ഇവിടെ രാവിലെ വന്നാൽ വൈകിട്ടേ പോകുവാൻ സാധിക്കൂ. ജോലിയിൽ സംതൃപ്തി ലഭിക്കുന്നുവെന്നതാണു സത്യം.

*(സി.എം.സി. പ്രിൻസിപ്പലായിരുന്ന ഡോ. രവി ജേക്കബ് കോരുള ഓർതോപീഡിക്സ് വിഭാഗം തലവനും യശശ്ശരീരനായ ചിറക്കരോട്ട് സി. കോരുള ജോൺ മാസ്റ്ററുടെ പൗത്രനുമാണ്. അനസ്തീഷ്യ വിഭാഗം മേധാവി ഡോ. ഗ്രേസ് കോരുള(പരേതനായ വെരി റവ. സി. ഐ. ഏബ്രഹാമിന്റെ ഇളയപുത്രി) യാണ് പത്നി.*

## ബ്ലഡ് കാൻസർ ചികിത്സയ്ക്കു മികച്ച സൗകര്യം

ഡോ. മാമ്മൻ ചാണ്ടി



സാധാരണ കാൻസർ, ജീവിതശൈലിയിൽ വരുന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു പറയാം. പക്ഷേ, ബ്ലഡ് കാൻസറിന്റെ കാരണം ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. നല്ല ജീവിതപശ്ചാത്തലത്തിൽ നിന്നു വരുന്ന കുട്ടികൾക്കു പോലും രക്താർബുദമുണ്ടായ അനുഭവങ്ങളുണ്ട്. അനീമിയ, പനി, ബലക്ഷയം, രക്തം പോക്ക് തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ. ഇത് സാധാരണ വരാറുള്ള അസുഖങ്ങളായതിനാൽ ആരും ശ്രദ്ധിക്കാറില്ല. രക്തപരിശോധനയിലൂടെ കണ്ടുപിടിക്കാം. മറ്റു മെഡിക്കൽ കോളജുകളെ അപേക്ഷിച്ച്, രോഗനിർണയം നടത്തുവാനുള്ള കൂടുതൽ സൗകര്യങ്ങൾ ഇവിടെയുണ്ട്. രോഗനിർണയം വളരെ നേരത്തെ നടത്തിയാൽ ചികിത്സിച്ചു ഭേദമാക്കാം. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ആറുലക്ഷം രൂപയോളം വേണ്ടി വരും.

*(ഹീമറ്റോളജി വിഭാഗം തലവനാണ് ഡോ. മാമ്മൻ ചാണ്ടി)*

## ക്രിസ്തീയ സാക്ഷ്യമാണിവിടെ നടക്കുന്നത്

ഡോ. കുര്യൻ തോമസ്

*എന്താണ് വെല്ലൂർ മെഡിക്കൽ കോളജിന്റെ പ്രത്യേകത?*

ഇവിടെ ഞങ്ങൾ നൽകുന്ന പരിശീലനം മനുഷ്യനെ മനുഷ്യനായി കാണുവാനാണ്. അവന്റെ അസുഖത്തെക്കുറിച്ചു ചിന്തിച്ചിട്ട് പശ്ചാത്തലത്തെക്കുറിച്ചു അന്വേഷിക്കേണ്ടെന്നു കരുതുന്ന ഒരു പരിശീലനമല്ല ഇവിടെ കൊടുക്കുന്നത്. ഞങ്ങൾക്ക് സൗഖ്യദായകശുശ്രൂഷയിൽ നേതൃത്വം കൊടുക്കുവാൻ സാധിച്ചുകൊണ്ടാണിരിക്കുന്നത്.



*കേരളത്തിലെ മിഷനാശുപത്രികൾ പലതും പൂട്ടിക്കൊണ്ടിരിക്കയാണല്ലോ.*

മിഷന്റെ അർത്ഥത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണയില്ലാത്തതാണു പ്രശ്നം. കേരളത്തിലെ മിഷനാശുപത്രികളിൽ കച്ചവടമാണ് നടക്കുന്നതെന്നു തോന്നുന്നു. മിഷനാശുപത്രികൾക്ക് കേരളത്തിൽ പ്രസക്തി യുണ്ടോ എന്നെനിക്കറിയില്ല. ഇവിടെ നിന്നു പോകുന്ന വിദ്യാർത്ഥികൾ നാട്ടിൽ മിഷനാശുപത്രികളിൽ പോയി പ്രവർത്തിച്ചിട്ട് നിരാശരായാണു മടങ്ങുന്നത്. അവിടെ മിഷൻ നടക്കുന്നില്ലെന്നാണ് അവരുടെ അഭിപ്രായം.

*ഞാനൊന്നു ചോദിക്കട്ടെ, പരിഭവിക്കരുത്. അങ്ങ് കേരളത്തിൽ വന്നാൽ ഇവിടെ കിട്ടുന്നതിന്റെ മുന്നിരട്ടി ശമ്പളം കിട്ടുമല്ലോ.*

വരില്ല.

*എന്താണു കാരണം?*

ശമ്പളമെന്നത് അനവധി കാര്യങ്ങളിൽ ഒന്നു മാത്രമാണ്. എനിയ്ക്കിവിടെ ജോലിയിലുള്ള സംതൃപ്തി ലഭിക്കുന്നുണ്ട്. ക്രിസ്തുവിന്റെ കരുതൽ എനിക്ക് ഫലപ്രദമായി ഇവിടെ നിർവഹിക്കുവാനും മികച്ച ക്രിസ്തീയ നേതൃത്വം കൊടുക്കുവാനും സാധിക്കുന്നു. Christian commitment എന്ന പ്രയോഗം എത്രമാത്രം ശരിയാണെന്ന് എനിക്കറിയില്ല. എന്നോടുതന്നെ ഞാൻ തർക്കിക്കാറുണ്ട്.

*ഡോ. എം. എം. തോമസിന്റെ ദൈവശാസ്ത്രചിന്തകളോട് എങ്ങനെയാണ് അങ്ങു പ്രതികരിക്കുക?*

ഞാനവരുടെ ഒരു ട്രസ്റ്റ് മെമ്പറാണ്. എനിക്ക് എക്യുമെനിക്കൽ കൂട്ടായ്മയിലും ഇന്ത്യൻ ക്രിസ്ത്യൻ ദൈവശാസ്ത്ര ചിന്തകളിലും താൽപര്യമുണ്ട്. ദരിദ്രജനങ്ങളുടെ വിമോചനവും താൽപര്യമുള്ള വിഷയമാണ്. പ്രായോഗികമായി എനിക്ക് യാതൊന്നും ചെയ്യാൻ സാധിക്കാത്തതിൽ ദുഃഖമുണ്ട്.

*(പ്രശസ്ത ദൈവശാസ്ത്രജ്ഞനും നാഗാലാൻഡ് ഗവർണറുമായിരുന്ന ഡോ. എം. എം. തോമസിന്റെ പുത്രനും സി. എം. സി. യിലെ ഫിസിഷനുമാണ് ഡോ. കുര്യൻ തോമസ്)*

## ഡോ. അലക്സാണ്ടർ മാർത്തോമാ ഗൈഡൻസ് ഹോം

*(1998 ജനുവരിയിൽ വാടകക്കെട്ടിടത്തിലാരംഭിച്ച ഈ സെന്ററിന് 2002 മാർച്ചിൽ സ്വന്തമായൊരു കെട്ടിടമുണ്ടായി. അവിടെ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന റവ. ഡാനിയൽ വറുഗീസുമായി നടത്തിയ അഭിമുഖം)*

*എന്താണ് ഈ സെന്ററിന്റെ പ്രവർത്തനം*

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വരുന്ന രോഗികൾക്ക് സി.എം.സി. യിൽ ചികിത്സാസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയാണു മുഖ്യപ്രവർത്തനം. കാണേണ്ടത് ഏതു ഡോക്ടറെയാണെന്നറിയിച്ചാൽ ഫീസ് കൊടുത്ത് സമയം തിട്ടപ്പെടുത്തി വയ്ക്കും. ഞങ്ങളുടെ വാഹനത്തിൽ റയിൽവേ സ്റ്റേഷനിൽ നിന്ന് രോഗിയെയും ബന്ധുക്കളെയും കൊണ്ടുവന്ന് ഇവിടെ താമസിപ്പിക്കും. രോഗിയെ ഡോക്ടറെ കാണിച്ച് വേണ്ട ചികിത്സ നൽകുവാൻ ക്രമീകരണങ്ങൾ ചെയ്തുകൊടുക്കും. ഞങ്ങളുടെ ഇടപെടലിലൂടെ കാലതാമസം കുറയ്ക്കുവാൻ സാധിക്കുമെന്നുള്ളതാണ് പ്രധാന നേട്ടം.




*ഇവിടത്തെ മുറി വാടകയെപ്പറ്റി........*

ടോയ്‌ലറ്റോടു കൂടിയ ഡബിൾ റൂമിന് 120 രൂപ. പൊതു ടോയ്‌ലറ്റ് ഉപയോഗിക്കുവാൻ ക്രമീകരണം ചെയ്തിട്ടുള്ള മുറിയ്ക്ക് 65 രൂപ. ഭക്ഷണം പാചകം ചെയ്യാൻ ഗ്യാസ് ഉപയോഗിച്ചാൽ ഒരു ദിവസത്തേക്ക് 10 രൂപ രോഗിക്ക് ആശുപത്രിയിൽ പോകുവാൻ ഞങ്ങളുടെ ജീപ്പ് ഉപയോഗിച്ചാൽ 40 രൂപ.

*കഴിഞ്ഞ വർഷം ഇവിടെ എത്ര പേർ വന്നു താമസിച്ചിട്ടുണ്ട്?*

600 പേർ.



***ഈ സ്ഥാപനത്തിന് എത്ര രൂപ ചെലവാക്കിയിട്ടുണ്ട്.***

70 ലക്ഷം രൂപ. തൊട്ടടുത്തു കിടക്കുന്ന പ്ലോട്ട് കൂടി ഞങ്ങൾ വാങ്ങി സൗകര്യങ്ങൾ വിപുലീകരിക്കുവാനുദ്ദേശിക്കുന്നു. ഇപ്പോൾ 21 മുറികളേയുള്ളൂ. ഞങ്ങൾക്കിവിടെയുള്ള സഭയിൽനിന്നു മാത്രമായി 1.25 ലക്ഷം രൂപ ശേഖരിച്ചു.

***പാവപ്പെട്ട രോഗികൾക്ക് എന്തു സേവനം കൊടുക്കുവാനാകും?***

ഇവിടെ വന്നു താമസിക്കുന്നവർ പാവപ്പെട്ട രോഗികൾക്കു നൽകുവാനായി സംഭാവനകൾ തരാറുണ്ട്. ഒരു ലക്ഷത്തി പതിനായിരം രൂപ കഴിഞ്ഞവർഷം ലഭിച്ചു. ഇത് പാവപ്പെട്ട രോഗികൾക്കു കൊടുക്കുവാനുള്ള അനുവാദം സഭ എനിക്കു തന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം പന്തളത്തു നിന്ന് വന്ന ഒരു രോഗിക്ക് 30,000 രൂപയുടെ ചികിത്സാസഹായം നൽകി. പണമില്ലെന്ന കാരണത്താൽ ഇവിടെയാർക്കും മുറി നിഷേധിക്കാറില്ല.

***ഇവിടെ എത്ര സ്റ്റാഫുണ്ട്.***

ഞാൻ ഡയറക്ടറായി പ്രവർത്തിക്കുന്നു. ഷാജി സോഷ്യൽ വർക്കറായി പ്രവർത്തിക്കുന്നു. ഷൈജു ഓഫീസിലെ ജോലികൾ നിർവഹിക്കുന്നു.

***ഇവിടെ മാർത്തോമാ സഭാജനങ്ങൾ മാത്രമേ വരാറുള്ളോ?***

ജാതി, മത പരിഗണന ഇവിടെയില്ല. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ആളുകൾ വരുന്നുണ്ട്.

***സഭയുടെ പിന്തുണ.....?***

സഭ ഈ പ്രസ്ഥാനത്തിന് എല്ലാ കൈത്താങ്ങലും നൽകുന്നു. ബിഷപ്പുമാരും കമ്മിറ്റിയംഗങ്ങളും ഇടയ്ക്കിടെ സന്ദർശിക്കുകയും ചെയ്യും.

***ആത്മീയ ശുശ്രൂഷകൾ?***

എല്ലാ ദിവസവും വൈകിട്ട് 7.30 ന് ഇവിടെ ആരാധനയുണ്ട്. മാത്രമല്ല, എല്ലാ ദിവസവും 2 മണി വരെ ഞാനാശുപത്രിയിലുണ്ടാകും.

**വിലാസം:-**

Dr. Alexander Mar Thoma Guidance Home
No.45A, 7th East Main Road
Gandhi Nagar East, Vellore, TN-632006
Phone : 0416-2243288 (O) 2243454 (R)

## ബത്സ്ദ

സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പായിരുന്ന സാം മാത്യു തിരുമേനിയെ സന്ദർശിക്കാൻ ഒരിക്കൽ മന്ത്രി കെ. എം. മാണി ബിഷപ്സ് ഹൗസിൽ എത്തി. മന്ത്രിമാർ ബിഷപ്പുമാരുടെയടുക്കൽ (തിരഞ്ഞെടുപ്പു വേളയൊഴിച്ച്) ചെല്ലുക സാധാരണയല്ല. തന്റെയടുത്ത ഒരു ബന്ധുവിന് വെല്ലൂർ മെഡിക്കൽ കോളജിൽ ചികിത്സയ്ക്കു പോകണം. ബിഷപ്പിന്റെ കയ്യിൽ നിന്ന് ഒരെഴുത്തു വാങ്ങി ആശുപത്രിയധികൃതർക്കു നൽകിയാൽ സംഗതി എളുപ്പമാകുമെന്നു കരുതിയായിരുന്നു മന്ത്രിയുടെ സന്ദർശനം. വെല്ലൂരാശുപത്രി ചാപ്ലേനായി പ്രവർത്തിക്കുന്ന റവ. ഈപ്പൻ ജോണിന്റെ പേർക്ക് ഒരു കത്തു കൊടുത്തിട്ട് ബിഷപ്പ് പറഞ്ഞു: "ഇതു കൊടുത്താൽ മാത്രം മതി. ബാക്കി കാര്യങ്ങൾ അച്ചൻ ചെയ്തുകൊള്ളും."

ആശുപത്രിയുടെ ഡയറക്ടർക്ക് കത്തു കൊടുത്താൽ കുറേക്കൂടി മെച്ചമായിരുന്നെന്നു മന്ത്രി ചിന്തിച്ചു കാണും. എന്നാൽ, ഈപ്പൻ ജോണച്ചന്റെ സേവനം ലഭിക്കുന്നതാണ് ഫലപ്രദമെന്ന് ഒരിക്കൽ



അതനുഭവിച്ചവർക്കു മനസ്സിലാകും. വിശദമായ പരിശോധന വേണ്ട രോഗിയാണെങ്കിൽ ചിലപ്പോൾ അനേകം ദിവസങ്ങൾ അവിടെ ചുറ്റിത്തിരിയേണ്ടിവരും. വിവിധ പരിശോധനകൾക്കുള്ള ഫീസൊടുക്കുവാൻ തന്നെ നീണ്ട ക്യൂ ആണ്. ഒരു നിശ്ചിതയെണ്ണം രോഗികളെ മാത്രമേ ഓരോ പരിശോധനയ്ക്കും എടുക്കൂ. ചിലപ്പോൾ ഒരു പരിശോധനയ്ക്ക് സമയം ലഭിക്കുന്നത് മൂന്നോ നാലോ ദിവസം കഴിഞ്ഞായിരിക്കും. പരിശോധനാറിപ്പോർട്ടുമെല്ലാം ലഭിച്ചു വരുമ്പോൾ ഡോക്ടറെ ഒ. പി. യിൽ കാണാൻ പിന്നെയും ദിവസങ്ങൾ വേണ്ടി വരും. അതുവരെ സ്വകാര്യ ലോഡ്ജുകളിൽ താമസിച്ചാൽ ആയിരക്കണക്കിനു രൂപ ചെലവാകുകയും ചെയ്യും. ഇവിടെയാണ് **ഈപ്പൻ ജോണച്ചൻ** ചെയ്യുന്ന സേവനത്തിന്റെ വിലയറിയുക. പതിനേഴുവർഷമായി ചാപ്ലേനായി



പ്രവർത്തിക്കുന്ന അച്ചന് ആശുപത്രിയിലെ എല്ലാ ഡോക്ടർമാരെയും മറ്റു സ്റ്റാഫിനെയും നേരിട്ടറിയാം-ദൂരെ നിന്നു വരുന്ന രോഗികളുടെ പരിശോധനകൾ എത്രയും നേരത്തെയാക്കിക്കൊടുക്കാൻ അച്ചൻ ശ്രമിക്കാറുണ്ട്. തന്നെ സമീപിക്കുന്ന രോഗികൾക്ക് സഹായഹസ്തവുമായി രാവിലെ മുതൽ വൈകുന്നേരം വരെ അച്ചനുണ്ടാകും.

മൂന്നാലു ദിവസത്തെ പരിശോധന വേണ്ടിവരുന്ന രോഗികൾ, താമസത്തിനായി പലപ്പോഴും ലോഡ്ജുകളെയാണാശ്രയിക്കുക. അതും വലിയ തുക ഈടാക്കുന്നവ. രോഗികളെ സഹായിക്കുവാനായി ഒരു സംരംഭം തുടങ്ങേണ്ടതത്യാവശ്യമാണെന്ന് അച്ചനു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി ആശുപത്രിയിൽ നിന്ന് 2 കി.മീ. അകലെ ഒരു സ്ഥലം തിരഞ്ഞെടുത്തു. അച്ചന്റെ ശ്രമങ്ങൾക്ക് സി.എസ്.ഐ. മദ്ധ്യകേരളമഹായിടവകയുടെ പിന്തുണയും ലഭിച്ചു. അച്ചൻ നാട്ടിലും വിദേശത്തും ചുറ്റി സഞ്ചരിച്ച് 45 ലക്ഷം രൂപ പിരിച്ചെടുത്തു. 2000 നവംബറിൽ ഒരു നാലു നിലക്കെട്ടിടം പണിതു. 14 മുറികളും ഡോർമിറ്ററിയുമുള്ള കെട്ടിടം. രണ്ടു രൂപാ ടിക്കറ്റെടുത്താൽ ആശുപത്രിയിലെത്താം. എപ്പോഴും ബസ്സുകളുള്ള റൂട്ട്.

റവ. സന്തോഷ് മാത്യു ആണ് ബത്സ്ദ സ്പിരിചാലിറ്റി & ഗൈഡൻസ് സെന്ററിന്റെ ഡയറക്ടർ. ഇവിടെ മൂന്നു കിടക്കകളുള്ള മുറിയ്ക്ക് 110 രൂപ. രണ്ടു കിടക്കകളുള്ള മുറിയ്ക്ക് 80 രൂപ ഡോർമിറ്ററിയിൽ ഒരു കിടക്കയ്ക്ക് 15 രൂപ എന്നീ ക്രമത്തിലാണ് വാടക. സന്തോഷ് മാത്യു അച്ചനും



ഈപ്പൻ ജോണച്ചനും ചേർന്ന് രോഗികൾക്കു വേണ്ട സഹായം ചെയ്തു കൊടുക്കുന്നു. ഭക്ഷണം പാചകം ചെയ്യാൻ എല്ലാ നിലകളിലും അടുക്കളയും ഗ്യാസും ക്രമീകരിച്ചിട്ടുണ്ട്. സ്വന്തമായി ക്വാർട്ടേഴ്സില്ലാത്തതിനാൽ ബത്സ്ദയിലെ ഒരു മുറിയിലാണ് ഡയറക്ടർ കുടുംബസമേതം താമസിക്കുന്നത്. രോഗികളെ കൊണ്ടുപോകുവാൻ വാഹനങ്ങളില്ല. പോരായ്മകളൊക്കെയുണ്ടെങ്കിലും മുറികൾക്ക് എപ്പോഴും ഡിമാൻഡാണ്. രോഗികളെല്ലാവരും ബത്സ്ദ ചാപ്പലിൽ വൈകുന്നേരം ഒരുമിച്ചുകൂടി വേദനകൾ പങ്കിടുമ്പോൾ പോരായ്മകളെപ്പറ്റി ആരും പരിതപിക്കാറില്ല.

വിലാസം:-

Bethzetha Spirituality & Guidance Centre
Jeeva Gardens, Near Chelliamman Kovil
Vellore, Tamil Nadu, Phone : 0416-2216582
**Rev. Eapen John, Chaplain, CMC, Vellore.**
Phone : 0416-2265014.

*(ഫീച്ചർ തയാറാക്കിയത് : ഡോ. മാത്യു കോശി പുന്നയ്ക്കാട്)*

ആശ്വാസ
എ.എം.എം. പ്രകൃതിചികിത്സാകേന്ദ്രം
മാരാമൺ - 689 548
ഫോൺ: 04733-660531
&
പുന്നയ്ക്കാട് - 689 652
പത്തനംതിട്ട ജില്ല



# അനുരഞ്ജനത്തിന്റെ പാത പിൻതുടരും



റൈറ്റ് റവ. വൈ. വില്യം

***സി.എസ്.ഐ. വെല്ലൂർ മഹായിടവക ബിഷപ്പായി ഏപ്രിൽ 12-ന് അഭിഷിക്തനായ അങ്ങേയ്ക്ക് ന്യൂവിഷൻ മാസികയുടെ ആശംസകൾ! ഭാവി പ്രവർത്തനങ്ങളുടെ മുൻഗണനാക്രമമൊന്നു വിശദീകരിക്കാമോ?***

സുവിശേഷവൽക്കരണത്തിനാണ് എന്റെ മുഖ്യപരിഗണന. സഭാശുശ്രൂഷകരെയും സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരെയും അതിനായി സജ്ജമാക്കുവാനുദ്ദേശിക്കുന്നു. രണ്ടാമത്തെ പരിഗണന, സ്ഥാപനങ്ങളിൽ കൂടിയുള്ള ശുശ്രൂഷയ്ക്കാണ്. ഇവിടെ കാണുന്ന വൂറീസ് സ്കൂളും കോളജും സഭയുടെ അഭിമാന സ്തംഭങ്ങളായിരുന്നു. ഡോ. രാധാകൃഷ്ണൻ ഇവിടെയാണു പഠിച്ചത്. കഴിഞ്ഞ പത്തു വർഷമായി സഭയുടെ സ്ഥാപനങ്ങളൊന്നും നല്ല പേരു നിലനിറുത്തുന്നില്ല. ഈ സ്ഥിതി മാറ്റിയെടുത്താൽ കൊള്ളാമെന്നുണ്ട്.

***വെല്ലൂർ മഹായിടവകയിൽ അനവധി പ്രശ്നങ്ങളുണ്ടെന്നാണു കേട്ടറിവ്. ഇത്തരുണത്തിൽ ഏതു ശൈലിയായിരിക്കും അങ്ങ് ഈ മഹായിടവകയിൽഅവലംബിക്കുക?***

സഹകരണത്തിന്റെയും സമന്വയത്തിന്റെയും പാത സ്വീകരിക്കും. എല്ലാവർക്കും പറയുവാനുള്ളത് കേൾക്കും. കൂടുതൽ പേർക്ക് സ്വീകാര്യമായ തീരുമാനങ്ങളെടുക്കും. കഴിഞ്ഞ രണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ വലിയ ഒച്ചയോ ബഹളമോ ഇല്ലായിരുന്നു.

***ബിഷപ്പ് തിരഞ്ഞെടുപ്പിലുണ്ടായ വിവാദങ്ങളെക്കുറിച്ച്......?***

ഇതിനുമുമ്പ് നടന്ന തിരഞ്ഞെടുപ്പു പാനലിൽ ഒന്നാമത്തെ പേര് എന്റേതായിരുന്നു. എന്നാൽ, രണ്ടാമത്തെ ആളാണ് ബിഷപ്പായത്. ഞാനദ്ദേഹത്തെ 'അണ്ണാ' എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തോടു ഞാൻ പൂർണ്ണമായി സഹകരിച്ചു. ഇത്തവണ ഒരു വോട്ടിന് ഞാൻ രണ്ടാം സ്ഥാനത്തായി. ദൈവമാണെന്നെ തിരഞ്ഞെടുത്തതെന്ന് ഞാൻ വിശ്വസിക്കുന്നു.

***മോഡറേറ്റർ അങ്ങേയ്ക്കെതിരെ ചില ആരോപണങ്ങൾ കമ്മിറ്റിയിൽ ഉന്നയിച്ചുവെന്നും വോട്ടെടുപ്പിൽ മോഡറേറ്ററുടെ നിലപാടിനെ ആരും പിന്താങ്ങിയില്ലെന്നും ഒരു മലയാളപത്രത്തിൽ എഴുതിയിരുന്നു.***

മോഡറേറ്റർ കമ്മിറ്റിയിൽ പറഞ്ഞത് ശരിയല്ല. ബിഷപ്പാക്കണമെന്നു പറഞ്ഞ് ഞാനാരേയും സമീപിച്ചില്ല; പണം കൊടുത്തിട്ടുമില്ല. ദൈവമാണ് എന്നെ തിരഞ്ഞെടുത്തതെന്ന് ഞാൻ വിശ്വസിക്കുന്നു.

***മോഡറേറ്റർ അങ്ങേയ്ക്കെതിരെ തരംതാണ രാഷ്ട്രീയക്കളി നടത്തിയതായി തോന്നുന്നുണ്ടോ?***

ഈ ചോദ്യത്തിനു മറുപടി പറയുന്നത് ശരിയല്ലെന്നാണെനിക്കു തോന്നുന്നത്. അദ്ദേഹം എന്റെയും കൂടി മോഡറേറ്ററല്ലേ. അദ്ദേഹത്തെ മോശക്കാരനാക്കുന്നതു ശരിയല്ലല്ലൊ.

*(മോഡറേറ്ററുടെ താൽപര്യങ്ങൾക്കു വിരുദ്ധമായി ഐകകണ്ഠ്യേനയാണ് റവ. വില്യമിനെ ബിഷപ്പു സ്ഥാനത്തേക്ക് കമ്മിറ്റി നിർദ്ദേശിച്ചതെന്നായിരുന്നു പത്രവാർത്ത. സ്ഥാനാഭിഷേകകർമത്തിന് നിരവധി പ്രതിബന്ധങ്ങളുണ്ടായി. ഏപ്രിൽ 12-ന് രാവിലെ 9-ന് നടത്താൻ ക്രമീകരിച്ചിരുന്ന സ്ഥാനാഭിഷേകം ഉച്ചതിരിഞ്ഞ് 4-നാണ് നടന്നത്. മോഡറേറ്റർ വരുന്നതും കാത്ത് വൻ ജനാവലിയാണ് ദേവാലയത്തിലെത്തിയിരുന്നത്. ഈ വിവാദ പശ്ചാത്തലത്തിലാണ് 'ന്യൂ വിഷൻ' ചീഫ് എഡിറ്റർ ബിഷപ്പിനെ കണ്ടത്.)* ●

## അനന്തം ജ്ഞാനമണ്ഡലം

പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ

വിദ്യ തൻ വ്യാപ്തിയോർത്തീടിൽ
അദ്ഭുതപ്പെടുമേവനും.
ഗുരുവിൽ നിന്നു നേടുന്ന
വിദ്യ, കാൽഭാഗമേ വരൂ.
കാൽഭാഗം സ്വപ്രയത്നത്താൽ,
ധാരണാശക്തിയാലവൻ
നേടണം, കൂട്ടുകാരോടു
കൂടണം, ചർച്ചചെയ്യണം
അവരിൽ നിന്നു കിട്ടുന്ന
അറിവും സ്വീകരിക്കണം.
അതും കാൽഭാഗമേയുള്ളൂ
പിന്നെയും ബാക്കി നിൽക്കയാം.
കാലക്രമത്തിൽ നേടേണം
പിന്നീടുള്ളതശേഷവും.
കാലത്തിന്റെയതിർത്തിക്കോ
അളവില്ല, വിശാലമാം
ഒരിക്കലും പൂർത്തിയാക്കാൻ
കഴിയില്ലേതു വിദ്യയും.
അതാണിതിന്റെ ഭാവാർത്ഥം
അനന്തം ജ്ഞാനമണ്ഡലം.
വിദ്യാർത്ഥിയായ് കഴിഞ്ഞീടാം
അന്ത്യം വരെ മനുഷ്യന്
അതു താൻ നൽകുമാനന്ദം
അതു താനാത്മവിദ്യയും.

*(ഒരു സംസ്കൃത മുക്തകത്തിന്റെ വിശദീകരണം)* ●

# മനുഷ്യരും മരങ്ങളും



ഡോ. ജോർജ് എം. തോമസ്

മനുഷ്യൻ ഒരു ജന്തുവാണ്, മരം ഒരു സസ്യവും. ജന്തുക്കളെപ്പറ്റിയും സസ്യങ്ങളെപ്പറ്റിയും എല്ലാവർക്കും നിത്യാനുഭവത്തിൽ നിന്ന് പലതുമറിയാം. അതൊക്കെ ഇവിടെ വിസ്തരിക്കേണ്ട കാര്യമില്ലല്ലൊ.

മൃഗങ്ങൾ, പറവകൾ, പ്രാണികൾ, കീടങ്ങൾ-ജന്തുക്കൾ ഇങ്ങനെ അനേക തരമുണ്ട്. ബാക്ടീരിയ തൊട്ട് 360 അടി ഉയരത്തിൽ വളരുന്ന കാലിഫോർണിയൻ വൻമരങ്ങൾ വരെ സസ്യഗണത്തിൽപ്പെടും. ജന്തുക്കൾക്കും സസ്യങ്ങൾക്കും പൊതുവായി എന്തെല്ലാമുണ്ട്-ജനനം, വളർച്ച, ആഹാരം, സന്താനോൽപാദനം, മരണം. സസ്യങ്ങൾക്കു ഊർജ്ജം ലഭിക്കുന്നത് സൂര്യനിൽ നിന്നാണ്. മിക്കവാറും എല്ലാ സസ്യങ്ങളും നിലത്ത് ഉറച്ചുനിൽക്കുകയാണ്. ശബ്ദമോ കേൾവിയോ കാഴ്ചയോ ഇല്ല. അവ ശാന്തമായി വളരുന്നു, പുഷ്പിക്കുന്നു; കായ്ക്കുന്നു, പിന്നെ നശിച്ചുപോകുന്നു. ജന്തുക്കൾക്കാണെങ്കിൽ, ശബ്ദമുണ്ടാക്കുകയും കേൾക്കുകയും കാണുകയും ചെയ്യാം. ഒരിടത്തും ഉറച്ചുനിൽക്കേണ്ടതില്ല. ഭൂമിയിലെവിടെയും സഞ്ചരിക്കാം. പക്ഷേ, ഗുരുത്വാകർഷണം നിമിത്തം ഭൂമി വിട്ടുപോകാൻ പ്രയാസമുണ്ട്.

ജന്തുക്കളും സസ്യങ്ങളും പരസ്പരം എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു നോക്കാം. ജന്തുക്കൾക്കു ജീവിക്കാൻ ഓക്സിജൻ വേണം. ഓക്സിജൻ ശ്വസിച്ചതിനുശേഷം കാർബൺ ഡയോക്സൈഡ് പുറത്തേക്കു വിടും. കുറേ കഴിഞ്ഞ് അന്തരീക്ഷം കാർബൺ ഡയോക്സൈഡ് കൊണ്ട് നിറയുകയില്ലേ? തന്നെയുമല്ല, ശ്വസിക്കാൻ ഓക്സിജൻ ഇല്ലാതാകയില്ലേ? ഇത്തരമൊരു പ്രതിസന്ധി തരണം ചെയ്യാൻ സസ്യങ്ങൾ തയാറായി നിൽക്കുന്നു! പച്ചിലകളിൽ ആഹാരം പാകം ചെയ്യണം. ആയതിന് സൂര്യപ്രകാശവും കാർബൺ ഡയോക്സൈഡും ആവശ്യമാണ്. പകൽസമയത്ത് മിച്ചംവരുന്ന കാർബൺ ഡയോക്സൈഡ് സസ്യങ്ങൾ ഉപയോഗിച്ചുകൊള്ളും. രാത്രിയിൽ, സൂര്യപ്രകാശമില്ലാത്തപ്പോൾ സസ്യങ്ങൾ ഓക്സിജൻ പുറത്തേക്കു വിട്ട് അതിന്റെ കുറവ് നികത്തും. ജന്തുക്കളും സസ്യങ്ങളും ഒന്നിച്ചു വാണെങ്കിലേ ഈ ക്രയവിക്രയം സാധ്യമാകൂ. ഇതൊക്കെ മനസ്സിലാക്കാനുള്ള കഴിവ് മനുഷ്യനുണ്ട്. മറ്റു ജന്തുക്കൾക്കും, സസ്യങ്ങൾക്കും ഇതെല്ലാം മനസ്സിലാക്കാൻ എത്രത്തോളം കഴിയുമെന്നതിനെപ്പറ്റി ഗവേഷണം നടത്തുന്നത് പ്രയോജനപ്രദമായിരിക്കും. ഇലകളിൽ നടക്കുന്ന രാസപ്രവർത്തനത്തിന് വെള്ളവും ആവശ്യമാണ്. മണ്ണിൽ നിന്ന് വെള്ളമെത്തിച്ചുകൊടുക്കുന്നത് വേരുകൾ വഴിയുള്ള പൈപ്പ് ലൈനാണ്.

മണ്ണിൽ വെള്ളമെത്തിക്കുന്നത് മഴയും പ്രകൃതിയും ചേർന്നാണ്. സ്ഥലംവിട്ട് പോയി വെള്ളം ശേഖരിക്കാൻ സസ്യങ്ങൾക്കാവില്ലല്ലൊ. അതുകൊണ്ട് മനുഷ്യൻ ഒന്നു സഹായിച്ചു കൊടുക്കേണ്ടതുണ്ട്. അവന്റെ ആവശ്യത്തിനും കൂടിയാണിതെന്ന് ഓർത്താൽ നന്ന്. ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ മനുഷ്യനെ കാത്തു നിൽക്കാതെ വൃക്ഷങ്ങളുടെ വേരുകൾ ബഹുദൂരം സഞ്ചരിക്കും. വെള്ളമുള്ള സ്ഥലമെവിടെയെന്ന് വൃക്ഷങ്ങൾ എങ്ങനെ ഗണിച്ചറിയുന്നുവെന്നോർത്ത് അതിശയപ്പെടാറില്ലേ? കണ്ണും കാലുമുള്ള മനുഷ്യനേക്കാൾ വേഗത്തിൽ ഇവ ഏത് ഉപകരണമാണുപയോഗിക്കുന്നതെന്ന് അറിഞ്ഞുകൂടാ. വേനൽക്കാലത്ത് വൃക്ഷങ്ങളിൽ നിന്നകലെയായി ഒരു ചെറിയ കുഴി കുത്തി വെള്ളം നിറച്ചിട്ടാൽ കുറേ കഴിഞ്ഞ് എവിടുന്നെല്ലാമാണ് വേരുകൾ വന്നു ചാടുന്നത്!! കരിമ്പിൻ തണ്ടിൽ പഞ്ചസാരവെള്ളം ശേഖരിച്ചുവയ്ക്കുന്നു. ഈ മധുരം എവിടുന്നെങ്കിലും മോഷ്ടിച്ചതോ, അതോ, അതിൽ തന്നെ ഫാക്ടറി നിർമിച്ചതോ!

ഭക്ഷണകാര്യത്തിലും അന്യോന്യം കടപ്പെട്ടവരാണ് ജന്തുക്കളും സസ്യങ്ങളും. മനുഷ്യാഹാരമല്ലാത്ത മാലിന്യങ്ങൾ, ചാരം, ചാണകം തുടങ്ങിയവയും സസ്യങ്ങളുടെ ആഹാരമാണ്. എന്നാൽ, സസ്യങ്ങളില്ലാതെ വന്നാൽ ജന്തുക്കൾക്ക് പട്ടിണിമരണമാണു വിധിച്ചിരിക്കുന്നത്. “എല്ലാ ഇലകളും മനുഷ്യന് ആഹാരമാണ്. ചിലത് പച്ചയ്ക്കു തിന്നാം, മറ്റു ചിലത് പാകപ്പെടുത്തിയും,” അധ്യാപകൻ പറഞ്ഞുകൊടുത്തു. അപ്പോൾ ഒരു വിദ്യാർത്ഥിയുടെ കുസൃതിച്ചോദ്യം, ‘സാറേ, പ്ലാവില തിന്നാമോ?’. അധ്യാപകൻ ഇങ്ങനെ മറുപടി പറഞ്ഞു: “ആ പ്ലാവിൽ ചക്കയില്ലേ ഒരെണ്ണം പറിച്ചു തിന്നാൻ. വിശപ്പു മാറിക്കഴിഞ്ഞ് പ്ലാവില പറിച്ച് ആടിനു കൊടുക്ക്. പിന്നെ ആ ആടിനെ പിടിച്ചുതിന്നാൽ പ്ലാവിലയും വയറ്റിൽച്ചെല്ലുമല്ലോ!!”

സസ്യങ്ങളുടെ ഏതെല്ലാം ഭാഗങ്ങൾ ഭക്ഷണമായി ഉപയോഗിക്കാമെന്നതിനെപ്പറ്റി ഒരു ലിസ്റ്റ് തയാറാക്കുന്നത് രസകരമായിരിക്കും. ധാരാളം വിറ്റമിൻ അടങ്ങിയ കായ്ഫലങ്ങൾ, അരി, ഗോതമ്പ്, പയറുവർഗങ്ങൾ തുടങ്ങിയവ മനുഷ്യനെ മാത്രമല്ല, അവന്റെ ഓമന വളർത്തുമൃഗങ്ങളായ പശു, ആട് എന്നിവയെയും തീറ്റിപ്പോറ്റുന്നു. ചുരുക്കത്തിൽ, മനുഷ്യരക്തം നിർമിക്കുന്ന ഫാക്ടറികളാണ് സസ്യങ്ങൾ. ഇറച്ചി, മുട്ട, പാൽ മുതലായവയുടെയും നിർമാണത്തിന്റെ ആദ്യഘട്ടം ഈ ഫാക്ടറികളിലാണു നടക്കുക. ഒറ്റ വാക്കിൽ, സസ്യങ്ങളില്ലെങ്കിൽ ജന്തുക്കളുമില്ല.

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ മിക്കവയും സസ്യങ്ങൾ നിറവേറ്റുന്നു-ഉദാഹരണമായി ഭക്ഷണം, വസ്ത്രം, പാർപ്പിടം. വസ്ത്രത്തിന്റെ കാര്യമെടുത്താൽ കോട്ടൺ, ലിനൻ, ചാക്ക്, പട്ട്, കമ്പിളി എന്നിവയുടെ ഉൽഭവം സസ്യത്തിൽ നിന്നാണ്. സസ്യങ്ങളില്ലെങ്കിൽ ഇവയുമില്ല. അടുത്തതായി, പാർപ്പിടം. തടി, തെങ്ങോല, പനയോല, മുള, വൈക്കോൽ ഇവയുപയോഗിച്ച് ഇന്നും ധാരാളം പാർപ്പിടങ്ങളുണ്ടാക്കുന്നു. സിമന്റു കെട്ടിടങ്ങൾ പട്ടണങ്ങളിലും നഗരങ്ങളിലുമായി ഒതുങ്ങിനിൽക്കുന്നു.

സസ്യങ്ങൾ നമുക്ക് ഊർജ്ജം നൽകുന്നു. വിറകു കത്തിച്ച് താപോർജ്ജമെടുത്തിട്ട് ചാരം മാത്രം തിരികെക്കൊടുത്താൽ മതി. കൽക്കരി, എണ്ണ മുതലായവയും സസ്യങ്ങളിൽ നിന്നാണു ലഭിക്കുന്നത്. ചൂടും മർദ്ദവും കൊണ്ട് സസ്യങ്ങൾക്കുണ്ടായ രൂപാന്തരമാണ് കൽക്കരിയും എണ്ണയും. സസ്യങ്ങളാണ് സൂര്യോർജ്ജം പിടിച്ചെടുത്ത് എല്ലാ ജീവജാലങ്ങൾക്കും സൗജന്യമായി വിതരണം ചെയ്യുന്നത്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ഊർജ്ജം സപ്ലൈ ചെയ്യുന്നതും സസ്യങ്ങളാണ്. അതേ, സൂര്യനിൽ നിന്ന് സംഭരിച്ച ഊർജ്ജം.

ലോകമെങ്ങും മനുഷ്യജീവൻ രക്ഷിക്കാൻ മരുന്നുകൾ നിർമിക്കുന്നത് സസ്യങ്ങളിൽ നിന്നാണ്. പൂപ്പലിൽ നിന്ന് പെനിസിലിൻ കണ്ടുപിടിച്ച അലക്സാണ്ടർ ഫ്ളെമിങ്ങിനെ ഓർക്കുന്നുണ്ടോ? സസ്യങ്ങളെ മാത്രം ആശ്രയിക്കുന്ന ഒരു ചികിത്സാവിഭാഗം തന്നെയുണ്ട്-ആയുർവേദം.

വൃക്ഷങ്ങളുടെ മുകളിലേക്കുള്ള വളർച്ചയുടെ അത്രയും തന്നെ മണ്ണിനടിയിലേക്കുമുണ്ടെന്നാണു പറയുന്നത്. മണ്ണ് ഒലിച്ചുപോകാതെ സംരക്ഷിക്കുന്നത് വേരുകളാണ്. മണ്ണൊലിപ്പുണ്ടായാൽ അവശേഷിക്കുന്നത് പാറക്കെട്ടുകളായിരിക്കും. പിന്നെ സസ്യങ്ങളുടെ അവസ്ഥയും പ്രശ്നമാകും. സന്തുലിത കാലാവസ്ഥ നിലനിർത്താൻ വനസംരക്ഷണം കൂടിയേ തീരൂ. മഴ പെയ്ത് നദികൾ കവിഞ്ഞൊഴുകുമ്പോൾ മണ്ണിനെ പിടിച്ചുനിർത്തുന്നത് വേരുകളാണ്. മരം വെട്ടിക്കളഞ്ഞ് പകരം മതിൽകെട്ടി മണ്ണൊലിപ്പ് നിർത്താനാകുമോ? സസ്യങ്ങൾ ചെയ്യുന്ന സേവനങ്ങൾക്കു പ്രത്യുപകാരമായി നമുക്കു ചെയ്യാവുന്നത്, അവയെ നിലനിർത്താൻ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുകയാണ്. തുളസിത്തറയിലും ആൽവൃക്ഷച്ചുവട്ടിലും ക്രിസ്മസ് ട്രീയിലുമൊക്കെ ദീപം കൊളുത്തി മരങ്ങളെ ആദരിക്കുന്ന ചടങ്ങുകൾ സസ്യങ്ങളുടെ നിസ്തുലസേവനം ഓർത്തിട്ടാണോവോ! ●

## കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## ഇറാഖ് യുദ്ധം: ഒരു ബാക്കി പത്രം

അമേരിക്കയെന്ന ഗോല്യാത്തിനു മുമ്പിൽ ഇറാഖ് എന്ന ദാവീദിനു അടിയറവ്. മാർച്ച് 20-ന് ആരംഭിച്ച വൻ മിസൈൽ ആക്രമണത്തിനു നേരെ ഏപ്രിൽ മധ്യം വരെ പിടിച്ചുനിൽക്കാൻ ഇറാഖിനു കഴിഞ്ഞതു തന്നെ അത്ഭുതം. യുദ്ധം അവസാനിച്ചെങ്കിലും മാധ്യമങ്ങൾ നൽകിയ യുദ്ധചിത്രങ്ങൾ മനസ്സിൽ നിന്നു മായുന്നില്ല. കുന്നുകൂടിക്കിടക്കുന്ന മൃതദേഹങ്ങൾ, മുറിവേറ്റവരുടെയും വിലങ്ങുവയ്ക്കപ്പെട്ടവരുടെയും നിരകൾ, കൈക്കുഞ്ഞുങ്ങളെ മാറിൽ ചേർത്ത് അഭയം തേടിയലയുന്ന അമ്മമാരുടെ പരിഭ്രാന്തി, കയ്യിൽ കിട്ടിയ ഭക്ഷണപ്പൊതികൾക്കു നേരേ ആർത്തി നിറഞ്ഞ കണ്ണുകൾ, തകർന്നു വീഴുന്ന സാംസ്കാരികസ്ഥാപനങ്ങൾ.......ആക്രമണത്തിൽ രണ്ടു കൈകളും നഷ്ടപ്പെട്ട് ആശുപത്രിയിൽ കഴിയുന്ന ഒരു പിഞ്ചുബാലന്റെ ദൈന്യമുഖം.

യുദ്ധം നമ്മെ എങ്ങനെ ബാധിക്കുമെന്നതിലായിരുന്നു നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ മുഖ്യശ്രദ്ധ. ഇറാഖ് യുദ്ധത്തെ സുവിശേഷത്തിനേറ്റ പരാജയമായിക്കണ്ട് മറ്റു സഭാവിഭാഗങ്ങളോടു ചേർന്ന് യുദ്ധത്തിനെതിരെ ലോകമനസ്സാക്ഷിയെ ഉണർത്തണമെന്ന വത്തിക്കാന്റെ ആഹ്വാനം 'ഗുഡ് ന്യൂസ്'' വാർത്താവാരിക ഉദ്ധരിക്കുന്നു. യുദ്ധം അവസാനത്തിന്റെ ആരംഭമാണെന്നും പ്രാർത്ഥനയാണ് ഇപ്പോൾ നമ്മുടെ ആവശ്യമെന്നും അനുസ്മരിപ്പിക്കുന്ന സിംഗപ്പൂർ പ്രസ്ബിറ്റീരിയൻ സഭയുടെ സന്ദേശം 'സെന്റ് തോമസ് ഫെലൊഷിപ്പ് ബീക്കണി'ൽ കാണുന്നു. മനുഷ്യജീവനൊപ്പം ഏറെ വസ്തുവകകളുടെയും നാശത്തിനു കാരണമായ ഈ യുദ്ധം സഭയുടെ പൗരാണിക കേന്ദ്രങ്ങളുടെയും മുസ്ലീം-ക്രിസ്ത്യൻ സംഘട്ടനങ്ങളിലൂടെ ലോകസമാധാനത്തിന്റെയും നഷ്ടത്തിനിടയാക്കുമെന്ന് 'യാക്കൂബ്യൻ മാസിക'. ഈ യുദ്ധത്തോടെ ഐക്യരാഷ്ട്രസംഘടനയുടെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് 'അസ്സീസി'. യുദ്ധം ഗൾഫ് മേഖലയിൽ ആശങ്കയുടെ പുകപടലങ്ങളുയർത്തുകയും ജീവിക്കുവാനുള്ള അവകാശം നിഷേധിക്കുകയും ചെയ്യുന്നുവെന്ന് 'ആത്മീയയാത്ര'. ഗൾഫ് മലയാളികളിൽ, വിശേഷിച്ച് വിശ്വാസികളിലും അവരുടെ ബന്ധുക്കളിലും, യുദ്ധം ഭീതിയുളവാക്കുന്നുവെന്ന് 'സ്വർഗീയധ്വനി'. ഗൾഫ് നാടുകളിൽ ന്യൂനപക്ഷമായ വിശ്വാസികളോടു വിവേചനത്തിനു യുദ്ധം കാരണമാകുമെന്ന് 'ജീവവചനം'. യുദ്ധം സൃഷ്ടിക്കുന്ന വിലക്കയറ്റം ഗൾഫ് പണത്തിന്റെ സ്വാധീനമുള്ള കേരളം പോലുള്ള സംസ്ഥാനങ്ങൾക്കു പ്രഹരമാകുമെന്ന് 'സിറിയൻ ഓർതഡോക്സ് കോട്ടയം ഡയോസിസൻ ജേർണൽ.'

ഇറാഖ് യുദ്ധത്തോടുള്ള ഈ സമീപനങ്ങൾ നമ്മുടെ മാനസികാവസ്ഥയുടെ വ്യത്യസ്ത തലങ്ങളെ പ്രതിഫലിപ്പിക്കുന്നു. ആധുനികകാലഘട്ടം ആവശ്യപ്പെടുന്ന തരത്തിൽ വിശാലമായി കഴിഞ്ഞിട്ടില്ല നമ്മുടെ വീക്ഷണം. വ്യക്തിപരവും പ്രാദേശികവുമായ താൽപര്യങ്ങളിലും സ്വന്തം വിശ്വാസങ്ങളിലും വലിയൊരളവിൽ നാം കുടുങ്ങിക്കിടക്കുന്നു. ദൈവശാസ്ത്രപരമായും ജീവശാസ്ത്രപരമായും സമസ്തമനുഷ്യരും ഒരേയപ്പന്റെ മക്കൾ. സാഹോദര്യത്തെക്കാൾ വിലപ്പെട്ട മറ്റൊരു മാനുഷികബന്ധമില്ല. *മറ്റൊരിടത്തു ജനിച്ചതു കൊണ്ടോ മറ്റൊരു മതത്തിൽ വിശ്വസിച്ചതുകൊണ്ടോ മറ്റുള്ളവ[ർ] നമ്മുടെ സഹോദരങ്ങളല്ലാതാകുന്നില്ല. അതു മനസ്സിലാക്കാത്തതാണ് ചെറുതു[ം] വലുതുമായ യുദ്ധങ്ങൾക്കു കാരണം.*

മനസ്സിലാക്കാൻ വൈകിപ്പോയാലുള്ള ദുരന്താനുഭവം നമുക്കു കാണിച്ചു തരുന്നു മഹാഭാരതകഥയിലെ കുരുക്ഷേത്രയുദ്ധം. വിജയികളായ പാണ്ഡവ സഹോദരങ്ങൾ മരിച്ച ബന്ധുക്കൾക്കുള്ള ജലാഞ്ജലിക്കു ഒരുങ്ങുകയായിരുന്നു. ശിരോഭൂഷണങ്ങളും ഉത്തരീയങ്ങളും അഴിച്ചുവച്ച് നനഞ്ഞ വസ്ത്രങ്ങളും തൊഴുകൈയുമായി അവർ പുരോഹിതനു മുമ്പിൽ നിന്നു. അപ്പോൾ അമ്മ(കുന്തി) സ്ത്രീകളുടെ സംഘത്തിൽ നിന്ന് അവരുടെ അടുത്തേക്കു വന്ന് ശാന്തസ്വരത്തിൽ പറഞ്ഞു. "ജലാഞ്ജലി ചെയ്യുമ്പോൾ ഒരു പേരു മറക്കരുത്. കൗരവപക്ഷത്തു മരിച്ച മഹാവീരൻ, നിങ്ങളുടെയൊക്കെ ജ്യേഷ്ഠൻ കർണ്ണൻ". തങ്ങൾ നിത്യശത്രുവായിക്കരുതിയ കർണ്ണൻ സ്വന്തം അമ്മയുടെ ആദ്യജാതനായിരുന്നുവെന്ന അറിവ് അവരെ ആകെ തകർത്തു കളഞ്ഞു. വീണ്ടും ഹസ്തിനപുരത്തെത്തിയപ്പോൾ സ്വന്തം കൊട്ടാരത്തിൽ വഴിയമ്പലത്തിലെത്തിയ യാത്രക്കാരെപ്പോലെ അവർ ഒറ്റപ്പെട്ടിരുന്നു.

ഇറാഖ് യുദ്ധത്തിൽ അമേരിക്ക വിജയം അവകാശപ്പെടുന്നു. ഇറാഖിനെ ശ്മശാനഭൂമിയാക്കി മാറ്റാൻ അമേരിക്കയ്ക്കു കഴിഞ്ഞുവെന്നതു സത്യം. പക്ഷേ, നാല്പത്തെട്ടു മണിക്കൂറിനകം മക്കളുമൊത്ത് നാടു വിടൂ, അല്ലെങ്കിൽ യുദ്ധത്തെ നേരിടൂ എന്ന അന്ത്യശാസനത്തിനു മുന്നിൽ മുട്ടുമടക്കാതിരുന്ന സദ്ദാംഹുസൈൻ വരും കാലങ്ങളിൽ ഒരു വീരനായകനായി ഓർമിക്കപ്പെടുമ്പോൾ അമേരിക്കൻ പ്രസിഡന്റ് ബുഷിനെ ലോകമറിയുന്നത് അനവധി നിരപരാധികളുടെയും വിലപ്പെട്ട വസ്തുവകകളുടെയും നാശത്തിനിടയാക്കിയ നിഷ്ഠൂരനായി മാത്രം. അതുല്യമായ വിഭവശേഷിയും സമ്പത്തും ദൈവം അമേരിക്കയ്ക്കു നൽകി. തങ്ങളുടെയും ഈ ലോകത്തെങ്ങുമുള്ള തങ്ങളുടെ സഹോദരങ്ങളുടെയും നന്മയ്ക്കു അവ അവർക്ക് ഉപയോഗപ്പെടുത്താമായിരുന്നു. പകരം, മറ്റു രാഷ്ട്രങ്ങളിലും ജനങ്ങളിലും ഭീതി പരത്തി മേൽക്കോയ്മ ഉറപ്പിക്കാനായിരുന്നു അവരുടെ ശ്രമം. പാപത്തിന്റെ ഭീകരതയും ദൈവസ്നേഹത്തിന്റെ മഹത്വവും ഓർമിക്കുവാനും ദൈവപുത്രൻ മനുഷ്യർക്കായി ഏറ്റുവാങ്ങിയ പീഡനങ്ങളിൽ പങ്കുചേരുവാനും വേർതിരിക്കപ്പെട്ട വലിയ നോമ്പു കാലത്തായിരുന്നു ഈ നീക്കമെന്നത് അതിന്റെ പാപഭാരം വർദ്ധിപ്പിക്കുന്നു. ക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേൽപും പാപത്തിന്റെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച തങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ ആലയമാക്കിയിരിക്കുന്നുവെന്ന് ക്രൈസ്തവലോകത്തിന് ഇനി എങ്ങനെ അവകാശപ്പെടാൻ കഴിയും! ●

During her honeymoon the young bride had gone out alone one afternoon to make a few purchases. Coming back to the hotel where she had been staying, she got off the elevator at the wrong floor. She went down the corridor until she reached what she supposed to be the door of her room. Finding it locked and having no key with her, she knocked upon it and called out softly, "Honey, oh Honey." When this had occurred a number of times, a blatant male voice roared out from within, saying, **"Madam, this is not a beehive, it's a bathroom."**

# മനസ്സിൽ ദൈവമുണ്ടോയെന്നറിയാൻ

ഫാദർജി

പരിചയസമ്പന്നനായ ഒരു ഡോക്ടർക്ക് തന്റെ മുന്നിലിരിക്കുന്ന രോഗിയുടെ രോഗങ്ങളെപ്പറ്റി പ്രഥമദൃഷ്ട്യാ ചില നിഗമനങ്ങളിലെത്തുവാൻ കഴിയും. പല ശാരീരിക രോഗങ്ങൾക്കും ബാഹ്യലക്ഷണങ്ങളുണ്ടെന്നതാണു കാരണം. മാനസികരോഗങ്ങളെക്കുറിച്ചും ഒട്ടേറെ കാര്യങ്ങൾ വ്യക്തിയുടെ പെരുമാറ്റത്തിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ഒരാളുടെ ആത്മീയ നിലവാരം വിലയിരുത്തുന്നത് അൽപം പ്രയാസമുള്ള കാര്യമാണ്. പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ ഈ വിലയിരുത്തൽ വിഷമമാണ്. കാരണം, പലരുടെയും പ്രാർത്ഥന മറ്റുള്ളവരെ കേൾപ്പിക്കാനും അവരിൽ മാറ്റമുണ്ടാക്കുവാനും വേണ്ടിയാണ്. ഒരാൾ ചൊല്ലുന്ന ആമീൻ, ഹാലേലുയ്യകളുടെ മുഴക്കം നോക്കി ആത്മീയ നിലവാരം തീരുമാനിക്കുന്നതു ശരിയല്ല. ഒച്ചവച്ചു പ്രാർത്ഥിക്കുന്ന പലരുടെയും ജീവിതശൈലി ക്രിസ്തീയ മനോഭാവത്തിലധിഷ്ഠിതമല്ലെന്ന് നമുക്കു ബോദ്ധ്യപ്പെട്ടിട്ടില്ലേ!

ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ ഒരാളുടെ ആത്മീയ നിലവാരം ഉയർന്നതാണെന്നു പറയുവാൻ വയ്യ. സ്വന്തശരീരം ചുടുവാൻ കൊടുത്താലും, സ്നേഹമില്ലെങ്കിൽ ഏതുമില്ലെന്ന് സെയ്ന്റ് പോൾ ചൂണ്ടിക്കാണിച്ച കുറവ് ഇത്തരക്കാരിൽ കാണാറുണ്ട്. ദാനകർമം ആത്മീയതയുടെ മാനദണ്ഡമായി കാണരുത്. ദാനം കൊടുക്കുന്നതു ചിലപ്പോൾ പേരിനും പെരുമയ്ക്കും, മനസ്സിലെ കുറ്റബോധം തീർക്കുവാനും വേണ്ടിയായിരിക്കാം. വിവിധ നിറത്തിലുള്ള അംശവസ്ത്രധാരികളെ ആത്മീയചൈതന്യമുള്ളവരെന്നു പറയാനും വയ്യ. എല്ലാമുപേക്ഷിച്ച് ദൈവത്തിനുവേണ്ടി സന്യസിക്കുന്നവർക്കിടയിൽ സ്ഥാനത്തിനും മാനത്തിനും പ്രശംസയ്ക്കും പണത്തിനും വേണ്ടിയുള്ള നിലവാരം കുറഞ്ഞ പ്രവർത്തനങ്ങൾ കണ്ടു നിരാശപ്പെട്ടവരാണ് നാം.

ഒരാളിൽ ദൈവം വസിക്കുന്നുണ്ടോയെന്നറിയണമെങ്കിൽ മറ്റുള്ളവരോടു ക്ഷമിക്കുന്ന സ്വഭാവം അയാൾക്കുണ്ടോ എന്നുമാത്രം ശ്രദ്ധിച്ചാൽ മതി. ക്ഷമിക്കുകയും മാപ്പുകൊടുക്കുകയും ചെയ്യുന്നവരുടെ മനസ്സിൽ വെറുപ്പ്, അസൂയ, ചതി, പക തുടങ്ങിയ നിഷേധവികാരങ്ങൾ നിലനിൽക്കാറില്ല. ശത്രുവിനോടു ക്ഷമിക്കുമ്പോൾ മനസ്സ് ശുദ്ധമാകുന്നു. ആ മനസ്സിലാണ് ദൈവം വസിക്കുന്നത്. *മറക്കുകയും മാപ്പുകൊടുക്കുകയും ചെയ്യാത്തവരുടെ മനസ്സിൽ ദൈവം വസിക്കുന്നില്ല.* വെറുപ്പ് മനസ്സിൽ സൂക്ഷിക്കുന്നവർ നിർഭാഗ്യവാന്മാരാണ്; അവർക്ക് സ്വസ്ഥതയുണ്ടാവില്ല. നമ്മുടെ കിടപ്പുമുറിയിൽ ഒരു ഭീകരസർപ്പമുള്ളപ്പോൾ നമുക്കെങ്ങനെ സ്വസ്ഥമായുറങ്ങാൻ കഴിയും? എഫേസ്യ ലേഖനത്തിൽ വി. പൗലോസിന്റെ ആഹ്വാനം വളരെ ശ്രദ്ധേയമാണ്: "ദൈവം മശിഹ മൂലം നമ്മോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിക്കുന്നവരായിരിക്കണം".

കാനഡയിലെ അൽബേർട്ടയിൽ ആദ്യത്തെ മിഷനറി സമൂഹം ചെന്നപ്പോൾ അവിടത്തെ ആദിവാസിനേതാവ് മിഷനറിമാരെ ശക്തമായിട്ടെതിർത്തു. പിന്നീട് അയാൾ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. ക്രിസ്തീയവിശ്വാസിയായതിന്റെ പേരിൽ അയാളോടു വെറുപ്പു തോന്നിയ ആദിവാസിസംഘത്തിലെ ഒരാൾ നേതാവിന്റെ പിതാവിനെ കൊന്നു. ഇതറിഞ്ഞയുടൻ കുതിരപ്പുറത്തു കയറി കൊലയാളി താമസിക്കുന്ന ഗ്രാമത്തിലെത്തി പ്രതിയെ തന്റെ മുമ്പിൽ വരുത്തി. സ്വപിതാവിന്റെ കൊലയാളി മുന്നിലെത്തിയപ്പോൾ നേതാവു പറഞ്ഞു: "നീയെന്റെ പിതാവിനെ കൊന്നു. ഇന്നുമുതൽ നീയാണെന്റെ പിതാവ്. എന്റെ കുതിരകളിൽ ഏറ്റവും നല്ലത് നിനക്കു തരുന്നു; എന്റെ വിശേഷവസ്ത്രങ്ങളും നിനക്കിരിക്കട്ടെ." കൊലയാളി പറഞ്ഞു: "ബലപ്രയോഗത്തിലൂടെ നീയെന്നോടു പകരം വീട്ടുവാൻ ശ്രമിച്ചിരുന്നെങ്കിൽ ഒരു പക്ഷേ നിന്നെയും കൊല്ലുവാൻ എനിക്കു കഴിഞ്ഞേനെ. പക്ഷേ നിന്റെ അതിരില്ലാത്ത സ്നേഹപ്രകടനം എന്റെ മനസ്സിലെ പകയും വിദ്വേഷവും കഴുകിക്കളഞ്ഞു. സ്നേഹവും ക്ഷമയും കൊണ്ട് നീയെന്നെ കൊന്നു. എനിക്കു മാപ്പു തരൂ."

ഈ വിശാല മനോഭാവം ജീവിതത്തിൽ നമുക്കുൾക്കൊള്ളാൻ കഴിയുമോയെന്നതിനെ ആശ്രയിച്ചാണ് നമ്മുടെ ആത്മീയതയും. ക്രിസ്തു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിക്കണമെന്ന ആഹ്വാനം നമ്മുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തണം. "കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്ന് പറയുകയും, കാണപ്പെടുന്ന സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു" എന്ന ക്രിസ്തുവിന്റെ പ്രസ്താവം നമുക്കെതിരെയുള്ള വ്യക്തിപരമായ കുറ്റപ്പെടുത്തലാണാവോ?

---

A celebrated French preacher, in a sermon upon the duty of wives, said: "I see in this congregation a woman who has been guilty of the sin of disobedience to her husband, and in ordrer to point her out to universal condemnation, I will fling my breviary at her head." He lifted his book, and every female head instantly ducked.

■ ■

The two thousand member church was filled to overflowing capacity one Sunday morning. The preacher was ready to start the sermon when two men dressed in long black coats entered thro' the rear of the church. One of them walked to the middle of the church while the other stayed at the back of the church. They both then reached under their coats and withdrew automatic weapons. The one in the middle announced, "Everyone willing to take a bullet for Jesus stay in your seats!" Naturally, the pews emptied, followed by the choir. After a few moments, there were about twenty people left. The preacher was holding steady in the pulpit. The men put their weapons away and said gently to the preacher, **"All right, pastor, the hypocrites are gone. You may begin the service now."**

# സ്വാശ്രയകോളജുകളും ന്യൂനപക്ഷാവകാശസംരക്ഷണവും



ഫാ. ഡോ. ഒ. തോമസ്


ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ അപകടത്തിലായതിനാൽ ശക്തമായി പ്രതികരിക്കണമെന്ന് കുഞ്ഞാടുകളെ പ്രബോധിപ്പിക്കുന്ന പ്രബന്ധം വായിക്കാനിടയായി. ന്യൂനപക്ഷവിദ്യാഭ്യാസാവകാശപ്രഖ്യാപനസമ്മേളനത്തിൽ അവതരിപ്പിച്ചുവെന്നല്ലാതെ പാസ്സാക്കിയതായോ അംഗീകരിച്ചതായോ വ്യക്തമായ ഒരു സൂചനയുമില്ല. ഈ സമിതിക്ക് ഭാരതത്തിലെയോ കേരളത്തിലെയോ ക്രിസ്തീയസഭകളുടേതായി ഒരു പ്രഖ്യാപനം നടത്താനുള്ള പ്രത്യേകാധികാരം എങ്ങനെ ലഭിച്ചുവെന്നു വ്യക്തമല്ല. വിശ്വാസികളുടെ പ്രാതിനിധ്യമുള്ള സഭകളുടെ ഭരണഘടനാസമിതികളൊന്നും ഈ വിഷയത്തെക്കുറിച്ച് ഗൗരവമായി പഠിച്ച് അഭിപ്രായം പുറപ്പെടുവിച്ചതായി ആധികാരികമായ ഒരു രേഖയും പുറത്തുവന്നിട്ടില്ല. അപ്പോൾ പിന്നെ ഇപ്പോൾ പുറത്തുവന്നിരിക്കുന്ന പ്രബന്ധം ഈ വിഷയത്തിൽ സ്ഥാപിതതാൽപര്യമുള്ള എല്ലാ സഭകളിലെയും കുറച്ചുപേരുടെ അഭിപ്രായമെന്നല്ലാതെ സാധാരണ വിശ്വാസികളുടെ ആശയാഭിലാഷങ്ങളെ ഒട്ടുംതന്നെ പ്രതിനിധീകരിക്കുന്നതല്ല.

ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസം നടത്തുവാൻ ഭരണഘടന നൽകിയ അവകാശത്തെയും അതു ശരി വച്ചുകൊണ്ടുള്ള കോടതി വിധികളെയും ആരെങ്കിലും മറികടക്കാൻ ശ്രമിച്ചാൽ അതിനെ എതിർക്കേണ്ടതു തന്നെയാണ്. എന്നാൽ, യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുന്നതെന്താണ്? ഭരണഘടന നൽകിയ പരിരക്ഷയുടെയും, കോടതി അംഗീകരിച്ച വിധികളുടെയും മറവിൽ നടക്കുന്ന കാര്യങ്ങൾ നീതിപൂർവകമോ എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ആരും പരിശ്രമിച്ചിട്ടില്ല. താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം ലഭിച്ചിരുന്നെങ്കിൽ ന്യൂനപക്ഷാവകാശം വെള്ളത്തിലായി എന്ന മുറവിളിക്ക് എന്തെങ്കിലും ന്യായീകരണം ലഭിക്കുമായിരുന്നു. • ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള എല്ലാ അധികാരവുമുണ്ടായിരുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ വഴി നൽകപ്പെട്ട സേവനനിലവാരം ഏതെങ്കിലും സഭകൾ ഇന്നു പുലർത്തുന്നുണ്ടോ? • എൽ. കെ. ജി. യിലേക്കുള്ള പ്രവേശനത്തിനും പതിനായിരങ്ങൾ കോഴ വാങ്ങുന്ന സ്ഥാപനങ്ങൾക്കും ന്യൂനപക്ഷാവകാശത്തിന്റെ പരിരക്ഷ ആവശ്യപ്പെടുന്നത് നീതിയാണോ? • സമ്പന്ന ഇടവകകൾ, വ്യക്തികൾ ചേർന്നുണ്ടാക്കിയ ട്രസ്റ്റുകൾ, ഇവയൊക്കെ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭേച്ഛയോടെ നടത്തുന്നുണ്ട്. അവർക്കും ന്യൂനപക്ഷാവകാശത്തിന്റെ സംരക്ഷണം നൽകണമോ? • സഭവകയായി നടത്തപ്പെടുന്ന സ്ഥാപനങ്ങളേക്കാളധികം ആശ്രമങ്ങൾ, കന്യാമഠങ്ങൾ, ബിഷപ്പുമാർ, തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്. ഇതിന്റെയൊന്നും ഭരണസമിതികളിൽ സഭകൾക്ക് കാര്യമായ നിയന്ത്രണങ്ങളൊന്നുമില്ല. തികച്ചും സ്വകാര്യമേഖലയിലെന്ന പോലെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണധികവും. ന്യൂനപക്ഷസമുദായങ്ങൾക്ക് പൊതുവായി അനുവദിച്ച അവകാശാധികാരങ്ങളെ കവർന്നെടുക്കുവാൻ ഈ സ്ഥാപിതതാൽപര്യക്കാർക്ക് എന്താണധികാരം? • വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിനോ ജോലിയ്ക്കോ പ്രവേശനം നേടുവാൻ നീതിപൂർവകമായ ഒരു സമീപനം ആരെങ്കിലും വച്ചു പുലർത്തുന്നുണ്ടോ? അപേക്ഷയിലെ വസ്തുതകൾ പരിഗണിച്ച് സമൂഹത്തിലെ ഏറ്റം ദരിദ്രനെ ആരെങ്കിലും വിളിച്ച് പ്രവേശനം നൽകുമോ? പ്രമാണിമാരുടെയും നേതാക്കന്മാരുടെയും കാലുപിടിച്ചല്ലാതെ ചുരുക്കം ചില പാവപ്പെട്ടവർക്കെങ്കിലും പ്രയോജനം ലഭിച്ചിട്ടുണ്ടോ? • എൻജിനീയറിംഗ് കോളജുകളിൽ 50% മെറിറ്റടിസ്ഥാനത്തിൽ സീറ്റു നൽകിയപ്പോൾ ഈ ന്യൂനപക്ഷാവകാശത്തെപ്പറ്റി സ്വകാര്യ മാനേജുമെന്റുകൾക്ക് യാതൊരു പരാതിയുമില്ലായിരുന്നല്ലോ? മെഡിക്കൽ കോളജിൽ 50% മെറിറ്റനുവദിക്കണമെന്നു വന്നപ്പോൾ ന്യൂനപക്ഷാവകാശത്തെപ്പറ്റി മുറവിളി കൂട്ടുന്നതിന്റെ കാരണം കേരളത്തിൽ ആർക്കാണറിഞ്ഞു കൂടാത്തത്? എൻജിനീയറിംഗ് കോളജുകളിൽ മിക്കയിടത്തും സീറ്റൊഴിഞ്ഞു കിടക്കുന്നതിനാൽ പഴയതുപോലെ വാരിക്കൂട്ടാനൊന്നുമില്ല. ഇനി ലക്ഷങ്ങളും കോടികളും കിട്ടാൻ മെഡിക്കൽ കോളജ് പ്രവേശനം കൊണ്ടേ സാദ്ധ്യമാവൂ; മെഡിക്കൽ കോളജ് പ്രവേശനം വന്നപ്പോഴാണല്ലോ ന്യൂനപക്ഷാവകാശം ഇത്രയധികം ശ്രദ്ധിക്കപ്പെട്ടത്? • ന്യൂനപക്ഷാവകാശത്തേക്കാൾ ഗൗരവമേറിയതാണ് പൗരന്റെ മൗലികാവകാശം ഏതു മതത്തിലും വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം പൗരന് നൽകിയിട്ടുണ്ട്. ഈ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ബില്ലുകളാണ് ഗുജറാത്ത്, തമിഴ്നാട് ഗവൺമെൻറുകൾ പാസ്സാക്കിയത്. നിർബന്ധിത പരിവർത്തനത്തിനെതിരായ വകുപ്പുകൾ ഇപ്പോൾത്തന്നെ ധാരാളമുണ്ട്. എന്നിട്ടും പൗരന്റെ മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം ബില്ലുകൾക്കെതിരെ എന്തുകൊണ്ട് സഭയിലെ നേതാക്കന്മാർ സുപ്രീംകോടതിയിൽ പോയില്ല? തൽക്കാലം, അധികാരവും പണവും നഷ്ടപ്പെടുന്ന യാതൊന്നും അവിടെയില്ലായിരിക്കാം. സാധാരണ പൗരന്മാരുടെ അവകാശത്തെ നിഷേധിക്കുന്നതിൽ നേതൃത്വത്തിന് വിഷമമില്ലല്ലോ? പക്ഷേ അതിന്റെ ദുരന്തഫലങ്ങൾ അനതിവിദൂര ഭാവിയിൽത്തന്നെ ഉണ്ടാകും. • കേന്ദ്രം ഭരിക്കുന്ന കക്ഷിക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിച്ചാൽ ഭരണഘടന ഇപ്പോൾ നൽകുന്ന വല്ല പരിരക്ഷയും അന്നു ലഭിക്കുമോ? ഇന്ത്യയുടെ ഭരണകൂടം മതേതരത്വത്തിൽ നിലനിൽക്കുന്ന കാലമേ ഈ പരിരക്ഷയൊക്കെ ലഭിക്കാൻ വഴിയുള്ളൂ. സമൂഹത്തെ വർഗീയതയിലേക്കു തള്ളിവിടാതെ മതേതരമൂല്യങ്ങൾ സമൂഹത്തിൽ വളർത്തിയെടുക്കാനാണ് പ്രബുദ്ധമായ ക്രിസ്തീയസമൂഹം പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടത്. മുസ്ലിംലീഗും, ക്രിസ്ത്യാനികൾ കൂടുതലുള്ള കേരളാ കോൺഗ്രസ്സും കേരളീയസമൂഹത്തെ വർഗീയവൽക്കരിക്കാൻ ചെറുതല്ലാത്ത സംഭാവന നൽകിയിട്ടുണ്ട്. 50% മെറിറ്റടിസ്ഥാനമെന്ന അൽപനീതിയുടെ മാർഗം സ്വീകരിക്കാതെ ന്യൂനപക്ഷാവകാശം അവതാളത്തിലായി എന്നു മുറവിളി കൂട്ടുന്ന സഭകളിലെ സ്ഥാപിത താൽപര്യക്കാർ കേരളീയസമൂഹത്തെ ആപൽക്കരമായ വർഗീയതയിലേക്കു തള്ളിവിടുകയാണ് ചെയ്യുന്നത്. സഭകളിലെ സാധാരണ വിശ്വാസികൾക്ക് ന്യൂനപക്ഷാവകാശം തൽക്കാലം വെള്ളത്തിലായി എന്ന ബോദ്ധ്യമൊന്നുമില്ല. സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഈ അനാവശ്യവ്യഗ്രത അപകടകരമാണെന്ന തിരിച്ചറിവ് സഭാവിശ്വാസികൾക്കും, പ്രത്യേകിച്ച്, നേതൃത്വത്തിനുമുണ്ടാകട്ടെ. ●

## APPRECIATION

Since Sep. 2001, I am doing my doctoral studies at the University of London and working as the Asst. Rector of St. George's Church, Beckenham. After a long break I happened to see one of the latest issues of NEW VISION. I am glad it has improved a lot in its appearance and contents, and I can imagine how well this ministry is appreciated by the people of the Indian Church.

*The Revd. John Perumbalath, U.K.*



# ഗുരു പൂർണനാണോ?

സ്വാമി ജ്ഞാനോദയൻ

ആത്മീയ ജ്ഞാനവും ഭൗതിക ജ്ഞാനവും, മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ അത്യന്താപേക്ഷിതമാണ്. എങ്കിലും, ആത്മീയ ജ്ഞാനത്തിന് തന്നെയാണു മുൻതൂക്കം. കാരണം, ആത്മീയ ജ്ഞാനമില്ലാത്ത ഭൗതികജ്ഞാനം ചതുപ്പുനിലത്തിൽ വീടു പണിയുന്നതിനു തുല്യമാണ്. അതിനാൽ ആത്മീയജ്ഞാനത്തിനുള്ള വഴി ഉപദേശിച്ചു തരുന്നവനാണ് ഗുരു. പക്ഷേ നാം സ്വീകരിക്കുന്ന ഗുരു പൂർണനാണോയെന്ന് തിരിച്ചറിഞ്ഞില്ലെങ്കിൽ പല അന്ധവിശ്വാസങ്ങളിലും പെട്ടുപോകും. കുരുടൻ കുരുടനെ വഴി നടത്തിയ അനുഭവമായിരിക്കും ഫലം. ഗുരുവിനുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്നുൾക്കൊള്ളാതെ വേഷഭൂഷാദികൾ കണ്ടും മായാജാലം കണ്ടും ജനങ്ങൾ പലരെയും ഗുരുസ്ഥാനത്ത് കുടിയിരുത്തിയിട്ടുണ്ട്. പലരും വലിയ വാക്കുകൾ പറഞ്ഞും ഭൗതികദാനങ്ങൾ നടത്തിയും ജഗദ്ഗുരുവായും സദ്ഗുരുവായും അവതാരമായും ദേവീദേവന്മാരായും സ്വയം അവരോധിച്ചിട്ടുമുണ്ട്. തൽഫലമായി ആത്മീയതയ്ക്കു പകരം വ്യക്തിപൂജയും വിഗ്രഹാരാധനയും മൂർത്തി പൂജയും മന്ത്രവും തന്ത്രവും വളർന്ന്, സമൂഹത്തിൽ അന്ധവിശ്വാസമായി പരിണമിച്ചുകൊണ്ടിരിക്കുന്നു. 'ഗ്രഹ'ത്തിന്റെ ദോഷം തീർക്കുന്ന സിദ്ധന്മാർ ഇന്നു ലോകത്തുണ്ട്. മനുഷ്യന്റെ ദോഷം പരിഹരിക്കുവാൻ കഴിവില്ലാത്തവർ കണ്ടുപിടിച്ച വിദ്യയാണ് ചൊവ്വാ ദോഷവും ശനി ദോഷവും. അവ പരിഹരിച്ചുവെന്നതിന് യാതൊരു തെളിവും ആവശ്യമില്ലല്ലോ.

ആത്മജ്ഞാനത്തിനുള്ള വഴി ഉപദേശിച്ചുതരുന്നവനാണ് ഗുരുവെന്ന് പറയുമ്പോൾ, ആ ഗുരു ആത്മസാക്ഷാത്കാരം ലഭിച്ച വ്യക്തിയായിരിക്കണം. അതായത്, ആത്മാവ് എന്താണെന്നും എവിടെയാണ് വസിക്കുന്നതെന്നുമുള്ള സ്വയാനുഭവം വേണമെന്നർത്ഥം. മറ്റൊന്ന്, ആ മഹൽസത്യം തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും വേണം. ആത്മീയ, ഭൗതിക ജീവിതത്തിൽ ഒരു തെറ്റും സംഭവിക്കുവാൻ പാടില്ലെന്നർത്ഥം. എങ്കിൽ മാത്രമേ, അദ്ദേഹത്തെ പൂർണനായ ഗുരുവെന്ന് വിശേഷിപ്പിക്കുവാൻ കഴിയുകയുള്ളൂ. അത്തരമൊരു ഗുരുവിനെ ഒരുവനു ലഭിച്ചാൽ പിന്നീടു വേണ്ടത് അദ്ദേഹത്തിന്റെ ഉപദേശമനുസരിക്കുവാനുള്ള മനസ്സാണ്. അതോടെ അവന്റെ രക്ഷാമാർഗം തുറക്കുകയായി. പൂർണനായ ഗുരുവിനെ എങ്ങനെ ലഭിക്കുമെന്നു ചോദിച്ചാൽ ഈശ്വരാനുഗ്രഹം എന്നാണുത്തരം. പൂർണനായ ഗുരുവിനെ എങ്ങനെ തിരിച്ചറിയുമെന്നാണെങ്കിൽ അദ്ദേഹത്തിൽ നിന്ന് ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സത്യം, ക്ഷമ, കരുണ, ത്യാഗം, സിദ്ധി തുടങ്ങിയവ ദുഃഖിതരിലേക്കും പീഡിതരിലേക്കും ഒഴുകിക്കൊണ്ടേയിരിക്കും. അദ്ദേഹം ആത്മഹിതമല്ലാതെ, ജനങ്ങളുടെ ഹിതത്തിനനുസരിച്ച് ആത്മീയപ്രചാരണം നടത്തുകയില്ല. വ്യക്തിപൂജയോ, മൂർത്തിപൂജയോ വിഗ്രഹാരാധനയോ പ്രോത്സാഹിപ്പിക്കുകയില്ലെന്നർത്ഥം. കാരണം, ജഡവസ്തുക്കൾക്ക് പട്ടും സ്വർണവും നെയ്യും അർപ്പിക്കുന്നതിൽ ഒരു കാര്യവുമില്ലെന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടാകും. ആത്മജ്ഞാനം ലഭിക്കുന്ന പലർക്കും സംഭവിക്കുന്ന മഹാബദ്ധമാണ് ജനങ്ങളുടെ ഇഷ്ടം അങ്ങനെയാണെങ്കിൽ അതുവഴി തന്നെ ഉദ്ധരിക്കാമെന്നു ചിന്തിക്കുന്നത്. അവസാനം ശ്രീനാരായണഗുരു പറഞ്ഞതുപോലെ, ഇത് കൂനിമേൽ കുരു പോലെയായല്ലോ എന്ന അവസ്ഥയായിത്തീരും.

ആത്മസാക്ഷാത്കാരം നേടിയ ഗുരു നിർഭയനും പാപരഹിതനുമായിരിക്കുമെന്നതാണ് മറ്റൊരു പ്രധാന കാര്യം. കാരണം, പാപം ചെയ്യാത്തവൻ മാത്രമേ പാപം ചെയ്യരുതെന്ന് മറ്റുള്ളവരോടുപദേശിച്ചാൽ ഫലമുള്ളൂ. ഇങ്ങനെ പരിശോധിച്ചാൽ ലോകത്തിൽ പൂർണനായ ഗുരു ഒരാൾ മാത്രമേയുള്ളൂ. അദ്ദേഹം ലോകത്തെ ഭയപ്പെടാതെ ലൗകിക സുഖഭോഗങ്ങളിൽ മയങ്ങാതെ ഈശ്വരപാതയിൽ മാത്രം സഞ്ചരിച്ചു. അതിനാൽത്തന്നെ അദ്ദേഹത്തിന് യാതൊരു തെറ്റും സംഭവിച്ചില്ല. അദ്ദേഹമാണ് യേശുക്രിസ്തു. 'എന്നെ കണ്ടവൻ ദൈവത്തെ കണ്ടിരിക്കുന്നു. ഞാനും പിതാവും ഒന്നുതന്നെ' എന്ന ക്രിസ്തുവിന്റെ വചനം പൂർണസത്യമാണെന്ന് അദ്ദേഹത്തിന്റെ ജീവിതമെടുത്തു പരിശോധിച്ചുനോക്കിയാൽ ഏവർക്കും ബോധ്യമാകും. ഞാൻ പറയട്ടെ, രൂപരഹിതനായ പരമാത്മാവിനെ ആരെങ്കിലും മനുഷ്യരൂപത്തിൽ കാണുവാൻ ആഗ്രഹിക്കുന്നെങ്കിൽ, ഈശ്വരൻ മനുഷ്യരൂപത്തിൽ അവതരിക്കുന്നുവെന്ന് വിശ്വസിക്കുന്നെങ്കിൽ അവർ ക്രിസ്തുവിന്റെ പാദങ്ങളിൽ അഭയം പ്രാപിക്കുക മാത്രമാണ് ഏകമാർഗം. ഏകവഴി സങ്കുചിത മനോഭാവമല്ലേയെന്ന് പലരും സംശയിച്ചേക്കാം. അതിനുള്ള ഉത്തരമിതാണ്. ഇരുട്ടിൽ പ്രകാശം നൽകുന്നതിനുവേണ്ടി അനേകം ബൾബുകൾ ലോകത്തിലുണ്ട്. പ്രകാശത്തിൽ വ്യത്യാസമുണ്ടെങ്കിലും എല്ലാം ബൾബ് തന്നെ. പക്ഷേ പലതും തെളിയിച്ചാൽ പാത വ്യക്തമായി കാണില്ല. എന്നാൽ സൂര്യൻ ഉദിച്ചു കഴിഞ്ഞാൽ ഈ ബൾബുകളുടെ പ്രസക്തിയില്ലാതാകും. ഇതാണ്, പൂർണനായ ഗുരുവും അപൂർണരായ ഗുരുക്കന്മാരും തമ്മിലുള്ള വ്യത്യാസം. അതിനാൽ ചെറിയ പ്രകാശം നോക്കി പാതയിലൂടെ തപ്പിത്തടഞ്ഞു നടക്കാതെ ഏറ്റവും ഉന്നതമായ പ്രകാശത്തിലൂടെ സഞ്ചരിക്കുമ്പോൾ സർവപാതകളും തെളിഞ്ഞുകാണും. ആ സമയം പാതയിലുള്ള പാമ്പിനെയും മുള്ളിനെയും തിരിച്ചറിയാം. ആ തിരിച്ചറിവ് വരാവുന്ന അപകടത്തെ ഇല്ലാതാക്കും. എന്നു മാത്രമല്ല, പിന്നാലെ വരുന്നവർക്ക് അപകടത്തെക്കുറിച്ച് മുന്നറിയിപ്പു നൽകുവാനും കഴിയും. ക്രിസ്തു പൂർണനാണ്. നാം ഈശ്വരന് എന്തൊക്കെ ഗുണങ്ങൾ വേണമെന്നാഗ്രഹിക്കുന്നുവോ അതൊക്കെ ക്രിസ്തുവിൽ കാണുവാൻ കഴിയും. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തിച്ചേരില്ലെന്ന് ക്രിസ്തു പറയുമ്പോൾ അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ പറയട്ടെ, ക്രിസ്തുവാണ് യഥാർത്ഥ വാതിൽ. അതിലൂടെ പ്രവേശിച്ചാൽ ആത്മരക്ഷ പ്രാപിക്കാം.

പൂർണനായ ഗുരുവിനു മാത്രമേ ഒരുവനെ പൂർണതയിലേക്കു നയിക്കുവാൻ കഴിയുകയുള്ളൂ. സത്യമായും ക്രിസ്തു പ്രവൃത്തിയിലൂടെ ലോകത്തിനു മുന്നിൽ തന്റെ പൂർണത വെളിപ്പെടുത്തിയിരിക്കുന്നു. ആ പൂർണതയാണ് കുരിശിന്മേൽ മൂന്നാണികളിൽ പിടയുമ്പോഴും 'പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് ഇവരറിയുന്നില്ല. ഇവരോടു ക്ഷമിക്കണമേ' എന്ന് പ്രാർത്ഥിക്കുന്നതിലൂടെ വെളിപ്പെടുന്നത്. സത്യം മനസ്സിലാക്കിയിട്ടും പൂർണ ഗുരുവിനെ സ്വീകരിക്കാൻ ആരെങ്കിലും മടിക്കുന്നുവെങ്കിൽ അതിനുള്ള കാരണം 'എന്റെ പിതാവ് ആകർഷിച്ചിട്ടല്ലാതെ ആരും എന്റെ അടുക്കൽ എത്തിച്ചേരില്ല' എന്ന ക്രിസ്തു വചനത്തിന്റെ പൂർത്തീകരണമാണ്. അതിനാൽ പൂർണനായ ഗുരുവിനെ ലഭിക്കുവാൻവേണ്ടി ജഗദീശ്വരനോട് പൂർണഹൃദയത്തോടെ പ്രാർത്ഥിക്കുക. "മുട്ടുവിൻ തുറക്കപ്പെടും. അന്വേഷിപ്പിൻ കണ്ടെത്തും" എന്നാണല്ലോ തിരുവചനം. ●

# ഈശ്വരസേവയ്ക്ക് ദൈവിക വരദാനമാവശ്യം

ഡോ. അന്നമ്മ ജോർജ്

റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമിൽ പാർത്തിരുന്ന ക്രിസ്തീയ വിശ്വാസികൾക്ക് വി. പൗലോസ് ഒരു കത്തെഴുതി. ദൈവകൃപ, ദൈവിക വരദാനം, ദൈവിക പരിപാലനം, ദൈവിക ഭരണം എന്നിങ്ങനെ നാല് ആശയങ്ങളാണ് അതിലെ പ്രതിപാദ്യം.

ഇൻഡ്യൻ ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങളിലൊന്നായ മതവിശ്വാസസ്വാതന്ത്ര്യത്തെ എല്ലാ മതസ്ഥരും വിലമതിക്കുന്നു. അതായത്, ഓരോ ഭാരതീയനും താൻ വിശ്വസിക്കുന്ന മതത്തിനനുസരിച്ച് ജീവിക്കുന്നതിനും അതു പ്രചരിപ്പിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട്, ലൗകികാസ്തികളും മനുഷ്യവിഭവശേഷിയും ഉപയോഗിച്ച് ഓരോ സഭയും ഇവിടെ വളരാൻ ബദ്ധപ്പെടുകയാണ്. എന്നാൽ തിരുവചനം പ്രഖ്യാപിക്കുന്നത് നമ്മുടെ പ്രസാരണസാമർത്ഥ്യത്തേക്കാൾ ദൈവത്തിന്റെ ധന്യമായ കൃപാവരങ്ങളാണ് വളർച്ചയ്ക്ക് ഉപോൽബലകമാകുന്നതെന്നാണ്. ദൈവികശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വാഭാവികമായും തീക്ഷ്ണതയുള്ളവരാണ്. ഈശ്വരസേവ, അഥവ, ദൈവികശുശ്രൂഷ (മിനിസ്ട്രി) എന്നൊക്കെ പറയുമ്പോൾ അതു വൈദികവൃത്തിയാണെന്നു വിചാരിക്കാനിടയുണ്ട്. വനിതകൾക്കു പട്ടത്വം നിഷേധിക്കുന്ന ഒരു സഭയിലെ അംഗമെന്ന നിലയിൽ ദൈവികസേവനത്തിന് വിശാലമായ അർത്ഥവ്യാപ്തിയാണുള്ളത്. ഈശ്വരസേവയെന്നത് ഒരു ദൈവിക വരദാനമാണ്. ദൈവം തന്റെ കൃപയാൽ ഈ വരദാനം സംപുഷ്ടമാക്കുന്നു. പൗലോസ് തന്റെ ശ്രോതാക്കളെ ഒരു കാര്യം ഓർമിപ്പിക്കുന്നുണ്ട്. ഓരോ വിശ്വാസിയും ദൈവിക ഭരണത്തിന് വിധേയനായിരിക്കണം. ദൈവരാജ്യപ്രമാണങ്ങൾ നടപ്പാക്കാനും സഭയിലും സമൂഹത്തിലും ശുശ്രൂഷ നിർവഹിക്കാനും ദൈവം ഓരോ വ്യക്തിക്കും പ്രത്യേക വരദാനം നൽകിയിട്ടുണ്ട്. എന്നെങ്കിലും ഈ ലോകം ദൈവരാജ്യമായിത്തീരുമെന്നു നമുക്കു പ്രത്യാശിക്കാം. അപ്പോൾ ദൈവിക ഭരണമായിരിക്കുമിവിടെ. ഭൂമി രൂപം പ്രാപിച്ചിട്ട് കോടാനുകോടി വർഷങ്ങൾ കഴിഞ്ഞെങ്കിലും ഇവിടെയിപ്പോഴും ശുദ്ധമായ പ്രാണവായു ലഭ്യമാണ്. ഭൂമിയുടെ അന്തരീക്ഷത്തിൽ മഴ പെയ്യുന്നു. മണ്ണിൽ പുല്ലു വളരുന്നു. ദൈവം സ്നേഹസമ്പന്നനും നല്ലവനും ദയാലുവുമാകുന്നു. നമുക്ക് ഈ ലോകത്തിൽ ജീവിപ്പാൻ ദൈവം നൽവരങ്ങൾ നൽകിയിട്ടുണ്ട്. പക്ഷേ നാം എന്തു ചെയ്താലും അത് ദൈവത്തിന്റെ കൃപാവരങ്ങൾ മൂലമാണെന്നു ചിന്തിച്ചാൽ നാം അസ്വസ്ഥരായിത്തീരുന്നു. കാരണം, നമുക്ക് അതിന്റെ നിയന്ത്രണം ലഭിക്കുന്നില്ല. ദൈവം നമുക്കു നൽകുവാൻ തയാറായി നിൽക്കുന്ന വരദാനങ്ങൾ കണ്ണുതുറന്ന് കൈനീട്ടി സ്വീകരിച്ചാൽ നമുക്കു ലഭിക്കുന്ന അനുഗ്രഹം വലുതാണ്.

അടിസ്ഥാനപരമായി, നാം വെറും ചേറാണ്. ഈ സംഭരണിയിലാണ് ദൈവം തന്റെ നിധി സൂക്ഷിക്കുന്നത്. ഉള്ളത് ഇല്ലെന്നും, ഇല്ലാത്തത് ഉണ്ടെന്നും സങ്കല്പിച്ച് ദൈവിക വരദാനങ്ങൾ നാം അലക്ഷ്യമാക്കാറുണ്ട്. നാം ആയുസ്സിൽ മുന്നേറുമ്പോൾ നമ്മിലെ ദൈവിക ദാനങ്ങളവഗണിച്ച് അന്യന്റെ താലന്തു സ്വന്തമാക്കാനും ശ്രമിക്കും. പൗലോസ് തിമൊഥയോസിനെയും തീത്തോസിനെയും നിരന്തരമായി ഒരു കാര്യം ഓർമിപ്പിച്ചു. നിന്നിലുള്ള ദൈവികദാനങ്ങളെ അവഗണിക്കരുത്. പരിശുദ്ധാത്മശക്തിയാൽ നിങ്ങൾക്കു ലഭിക്കുന്ന വരദാനം നശിപ്പിക്കരുത്. ഒരാളുടെ വരദാനവും മറ്റൊരാളുടേതും സംയോജിപ്പിച്ചാൽ ഫലം വിശിഷ്ടമായിരിക്കും. ഒരുത്തർക്കും എല്ലാ കൃപാദാനങ്ങളും ഒരുമിച്ചുണ്ടാവില്ല. എന്നാൽ ഒരാളുടെ താലന്ത് മറ്റൊരാളുടെ താലന്തിനെ പ്രഭാപൂരിതമാക്കുന്നു. പ്രസംഗിക്കുന്ന വികാരിയച്ചനും ശക്തമായി പ്രാർത്ഥിക്കുന്ന വിശ്വാസിയും ക്ഷീണിതനായ അദ്ധ്യാപകനും തിരക്കുള്ള ബിസിനസ്സുകാരനും ഒരുമിച്ചു വരുമ്പോൾ കൂട്ടായ്മ മനോഹരമാകുന്നു.

നമ്മുടെ വരദാനങ്ങളെന്താണെന്നു കണ്ടുപിടിക്കുക എളുപ്പമല്ല. എനിക്കു സംഗീതവാസനയുണ്ടോയെന്നു വിലയിരുത്തുന്നത് എന്റെ പാട്ടു ശ്രവിക്കുന്ന മറ്റൊരാളായിരിക്കും. അതുകൊണ്ടാണ് തിരുവചനം പറയുന്നത് പരിശുദ്ധാത്മാവ് നമുക്കു കൃപാവരം നൽകും. അത് വിവേചിച്ചറിയുന്നതിനുള്ള വരം മറ്റൊരാൾക്കു നൽകും. ഒരു പ്രൈമറി സ്കൂളദ്ധ്യാപകൻ തന്റെയൊരു ശിഷ്യ ഓടുന്നതു ശ്രദ്ധിച്ചു. ശീഘ്രലത്തിൽ ഓടുന്ന ആ ബാലികയെ പ്രോത്സാഹിപ്പിച്ചതിന്റെ ഫലമായി ദേശീയതലത്തിൽ ഒന്നാംതരം ഓട്ടക്കാരിയായ പി. ടി. ഉഷയെ വാർത്തെടുക്കുന്നതിനു മുഖാന്തരമായി. ദൈവം നമുക്കു താലന്തുകൾ നൽകുക മാത്രമല്ല, അതിനെ നിരന്തരം പുതുക്കുകയും ചെയ്യുന്നു. കത്തോലിക്കാ പുരോഹിതന്മാരുടെ ആരാധനാവിശുദ്ധനായ ജീൻ സാപ്റ്റിസ്റ്റോ വൈദിക സെമിനാരിയിൽ പഠിച്ചിരുന്നപ്പോൾ തോൽവിയായിരുന്നു ഫലം. സഭ അയാൾക്കു വൈദിക പദവി നിഷേധിച്ചു. പക്ഷേ അവിടെ വയോധികനായ ഒരു പുരോഹിതനുണ്ടായിരുന്നു. ജീൻ സാപ്റ്റിസ്റ്റോയ്ക്കു പട്ടം കൊടുത്താൽ തന്റെ സഹായകനായി സ്വീകരിച്ചുകൊള്ളാമെന്ന് അദ്ദേഹം ബിഷപ്പിനോടു പറഞ്ഞു. അവസാനം, അയാൾക്കു പട്ടം കൊടുത്തു. അയാളിൽ പരിശുദ്ധാത്മദാനം ജ്വലിച്ചതിന്റെ ഫലമായി ഒന്നാംതരം കുമ്പസാരകനായി. ഫ്രാൻസിന്റെ നാനാഭാഗങ്ങളിൽ നിന്നും അദ്ദേഹത്തിന്റെയടുത്ത് കുമ്പസാരത്തിനായി ജനങ്ങൾ എത്തുമായിരുന്നു.

ഹെന്റി ഫ്രാൻസിസ് എന്ന ഇടവകപ്പട്ടക്കാരൻ ഒരു പണ്ഡിതനും കവിയുമായിരുന്നു. ഇടവക ശുശ്രൂഷയിൽ അദ്ദേഹം വിജയിച്ചില്ല. അതുകൊണ്ട് ആകർഷകമല്ലാത്ത ഒരു മുക്കുവപ്പള്ളിയിൽ അദ്ദേഹത്തെ നിയമിച്ചു. അവിടെ നിന്നു ലഭിച്ച നിസ്സാര വേതനം കൊണ്ട് തന്റെ മരിച്ചുപോയ സ്നേഹിതന്റെ മക്കളെ വളർത്തി. അതോടൊപ്പം, അനേകർക്ക് ആശ്വാസം നൽകുന്ന ഗാനങ്ങളെഴുതി. അതിലൊന്നാണ് 'കൂടെ പാർക്ക, നേരം വൈകുന്നിതാ' എന്ന കീർത്തനം. ദൈവിക ദാനങ്ങൾ വ്യക്തികൾക്കു ലഭിക്കുന്നത് വ്യത്യസ്ഥരീതിയിലായിരിക്കും. മാനില വൈദിക സെമിനാരിയിലെ അദ്ധ്യാപകനായിരുന്ന ഫ്രാങ്ക് ലോബായ്ക്ക് സെമിനാരിയുടെ പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ ഒരു വോട്ടിന് പ്രസിഡൻറു പദം നഷ്ടപ്പെട്ടു. പക്ഷേ ഈ തോൽവി അദ്ദേഹത്തെ മറ്റൊരു രംഗത്തേക്കു വഴി നടത്തി. ഒരാൾ മറ്റൊരാളെ പഠിപ്പിക്കുകയെന്ന അക്ഷരാഭ്യാസപ്രക്രിയയിലൂടെ അദ്ദേഹം ലോകപ്രസിദ്ധനായി.

സഭാകലണ്ടറിൽ കാണുന്ന പെരുന്നാൾ മാത്രമല്ല പെന്തക്കോസ്ത്. ദൈവം തിരഞ്ഞെടുക്കുന്നവർക്കു ലഭിക്കുന്ന ഒന്നാണ് പെന്തക്കോസ്തുനുഭവം. കരിസ്മാറ്റിക് എന്ന പദം ചിലർക്കെങ്കിലും വിവശതയുളവാക്കുന്നതാണ്. സഭയിൽ സ്ത്രീകളുടെ പങ്കാളിത്തത്തെപ്പറ്റിയുള്ള എന്റെ അന്വേഷണത്തിൽ സഭയുടെ മോണാസ്റ്റിക് പ്രസ്ഥാനവും പഠനവിഷയമായിരുന്നു. കേരള ക്രിസ്ത്യൻ വനിതകളുടെ പിന്തുടർച്ചാവകാശപ്രശ്നത്തിലും ഇടപെട്ടു. അപ്പോഴാണ് കത്തോലിക്കാ സന്യാസിനിമാരുടെ ശക്തമായ നിലപാട് ഞാൻ മനസ്സിലാക്കിയത്. പരിശുദ്ധാത്മപ്രേരണയാൽ അവർ നീതിക്കുവേണ്ടി വിവിധരംഗങ്ങളിൽ പോരാടുന്നു. ഭാരതത്തിലെ ക്രൈസ്തവസമൂഹം വിശ്വാസികളാൽ ധന്യമാണ്. ദൈവിക വരദാനം ലഭിച്ച വിശ്വാസികൾ അതു വ്യാപകമായി പ്രകടിപ്പിക്കാനുള്ള വേദിയാണ് നമ്മുടെ രാജ്യം. നിരാശപ്പെടുമ്പോഴും, പ്രവർത്തനങ്ങളിൽ തിരിച്ചടികളുണ്ടാകുമ്പോഴും ധൈര്യമായി മുൻപോട്ടു പോകാം. കർത്താവു തന്റെ വരദാനങ്ങൾ പുതുക്കിക്കൊണ്ടിരിക്കും. ദൈവകൃപയും സ്നേഹവും പരിശുദ്ധാത്മവ്യാപാരവും നമ്മുടെ ജീവിതങ്ങളെ ധന്യമാക്കും. ●

# കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ

ഡോ. കെ. വി. വർഗീസ്



## യു. സി. കോളജ് ഹോസ്റ്റലിൽ

വിദ്യാർത്ഥികളിലധികവും സ്വഭവനങ്ങളിൽ താമസിച്ചുകൊണ്ട് കോളജിൽ എത്തിയിരുന്നവരായിരുന്നു. എന്നിരുന്നാലും, കോളജ് ജീവിതത്തിന്റെ സിരാകേന്ദ്രം ഹോസ്റ്റലുകളായിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നാനാജാതി മതസ്ഥരായ കുട്ടികൾ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നുണ്ടായിരുന്നു. മാർത്തോമാ, യാക്കോബായ, ആംഗ്ലിക്കൻ സഭകൾക്കു തുല്യപങ്കാളിത്തമുള്ള ഒരു എക്യുമെനിക്കൽ സംരംഭമെന്ന നിലയിലാണ് യൂണിയൻ ക്രിസ്ത്യൻ കോളജ് ശ്രദ്ധേയമായത്. എക്യുമെനിസം ഭാരതത്തിൽ പ്രബലമാകുന്നതിനുമുമ്പേ ആ ചിന്താധാരയിലേക്കെടുത്തു ചാടിയ ചില സാഹസികരുടെ അർപ്പണബോധമാണ് കോളജിനു ബീജാവാപമേകിയത്. ദിവംഗതരായ കെ. സി. ചാക്കോ, സി. പി. മാത്യു, എ. എം. വർക്കി, വി. എം. ഇട്ട്യേരാ, ടി. ബി. നൈനാൻ, ടി. ഐ. പുന്നൻ, കെ. ജേക്കബ് തുടങ്ങി നിരവധി പേർ ഈ പട്ടികയിലുണ്ട്. നവീകരണത്തെത്തുടർന്ന് മാർത്തോമാ-യാക്കോബായ സഭാംഗങ്ങൾക്കിടയിലെ വിദ്വേഷവും സംഘർഷവും നിലനിൽക്കുമ്പോൾ തന്നെയാണ് ഇരുസഭകളിലെയും യുവാക്കൾ അനുരഞ്ജനത്തിന്റെ മാതൃകയായി ഈ സംയുക്ത സംരംഭത്തിനിറങ്ങിത്തിരിച്ചത്. ആംഗ്ലിക്കൻ സഭയിലെ ചില യുവാക്കളും ഈ സംരംഭത്തിൽ പങ്കുചേർന്നു. സഭയോടുള്ള പ്രതിബദ്ധതയ്ക്കു കോട്ടം വരാതെ എക്യുമെനിക്കൽ ദർശനമുൾക്കൊള്ളുന്ന ഒരു തലമുറയുടെ ഉദയമായിരുന്നു ഇവരുടെ ലക്ഷ്യം. എല്ലാ സഭാവിഭാഗങ്ങളിൽ പെട്ടവരും ക്രൈസ്തവേതരരും ഹോസ്റ്റലിൽ താമസിച്ചിരുന്നു. അന്യോന്യം മനസ്സിലാക്കുവാനും ആശയങ്ങൾ പങ്കിടുവാനും, സങ്കുചിതചിന്താഗതിയിൽ നിന്നു പുറത്തു ചാടുവാനും ഒന്നിച്ചുള്ള താമസം കളമൊരുക്കി.

ന്യൂ ഹോസ്റ്റലിൽ ഞാൻ താമസിച്ചിരുന്ന മുറിയിൽ നാലുപേരാണുണ്ടായിരുന്നത്. അവരിലൊരാളായ സി. എ. മാത്യു (മുൻ എം.എൽ.എ.) ഇന്ന് സജീവരാഷ്ട്രീയത്തിലില്ല. വിവിധ സാമൂഹിക സംഘടനകളിൽ പ്രവർത്തിക്കുന്നതിനുപരി ഇൻഫാമിന്റെ അറിയപ്പെടുന്ന നേതാക്കളിലൊരാളാണ് ശ്രീ മാത്യു. പിൽക്കാലത്ത് ഒരു വോളിബോൾ താരമായി പ്രശോഭിച്ച അദ്ദേഹം ഇന്റർ യൂണിവേഴ്സിറ്റി ട്രോഫി നേടിയ കേരള ടീമിലെ അംഗമായിരുന്നു. മറ്റൊരാൾ യശശ്ശരീരനായ ചാണ്ടപ്പിള്ള കുര്യാക്കോസ് ആയിരുന്നു. യാക്കോബായ സഭാവിഭാഗത്തിൽപ്പെട്ട ഇദ്ദേഹം മീനടം സ്വദേശിയും പാമ്പാടി ദയറയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹവും എന്നെപ്പോലെ അദ്ധ്യാപനരംഗത്താണ് അവസാനം കാലുറപ്പിച്ചത്. സ്കൗട്ട് പ്രസ്ഥാനത്തിലെ അറിയപ്പെടുന്ന ഒരു നേതാവായി ഉയർന്ന ശ്രീ. ചാണ്ടപ്പിള്ള സംസ്ഥാന അദ്ധ്യാപകർക്കുള്ള അവാർഡിനു തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഓർതഡോക്സ് സഭയെപ്പറ്റി ഒട്ടേറെ കാര്യങ്ങൾ ചാണ്ടപ്പിള്ളയിൽ നിന്നാണ് ഞാൻ മനസ്സിലാക്കിയത്. പലപ്പോഴും ഞങ്ങളുടെ മുറി ഒരു മാർത്തോമ്മാ-ഓർതഡോക്സ് ഡയലോഗ് സെന്ററായി രൂപം കൊള്ളുമായിരുന്നു. നാലാമൻ കെ. പി. ഗോപാലൻ നായർ ആയിരുന്നു. രസികനും സഹൃദയനുമായിരുന്നു അദ്ദേഹം. അന്ന് ഞങ്ങളുടെ വാർഡൻ സാമുവൽ പോൾ ആയിരുന്നു. പ്രസിദ്ധ ധനതത്വശാസ്ത്രജ്ഞനായി ഉയരാൻ കഴിഞ്ഞ അദ്ദേഹം ഇൻഡ്യയിലെ വിവിധ സർവകലാശാലകളിലും, അവസാനം വേൾഡ് ബാങ്കിലും സേവനം ചെയ്തു. ഒരു വാർഡൻ എന്ന നിലയിൽ കുട്ടികളോടടുത്തിടപെടുവാനും അവരുടെ പ്രശ്നങ്ങൾ എന്തെന്നു മനസ്സിലാക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒന്നാം ടേമിലെ പരീക്ഷ കഴിഞ്ഞ് പോൾ സാർ ഞങ്ങളുടെ മുറിയിൽ വന്നു. "എങ്ങനെയുണ്ട് ഗോപാലൻ നായരേ മാർക്ക്", അദ്ദേഹം തിരക്കി. തരക്കേടില്ലെന്നായിരുന്നു മറുപടി. കിട്ടിയ മാർക്കുകൾ അഞ്ചിനും പതിനഞ്ചിനും ഇടയ്ക്കായിരുന്നു.

ഗോപാലൻ നായർക്ക് എന്തുപറ്റിയെന്ന് ഞങ്ങളും അത്ഭുതപ്പെട്ടു. ഞങ്ങൾ നാലുപേരിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങി എസ്.എസ്.എൽ.സി. പാസ്സായ ആൾ. നല്ല കാര്യവിവരമുള്ള ഒരു വ്യക്തിയായിട്ടാണ് ഞങ്ങൾ അയാളെ കണ്ടിരുന്നത്. ഇംഗ്ലീഷിലും മലയാളത്തിലും ധാരാളം പുസ്തകങ്ങൾ അയാൾ വായിക്കുമായിരുന്നു. റൈഡർ ഹാഗാർഡിന്റെ കൃതികളെ എനിക്കു പരിചയപ്പെടുത്തിയത് ഗോപാലൻ നായരാണ്. ദിശാബോധം നഷ്ടപ്പെട്ട അവസ്ഥയിൽ അയാൾ നീങ്ങിക്കൊണ്ടിരുന്നത് ഞങ്ങളെ ദുഃഖിതരാക്കി.

'തനിക്കെന്തു പറ്റി ഗോപാലൻ നായരേ?'

"ഒന്നും പറ്റിയതല്ല. പറ്റിച്ചതാണ്. എനിക്ക് തീരെ പറ്റാത്ത ഒരു ഗ്രൂപ്പാണ് ഞാൻ പഠിക്കുന്നത്. മുന്നോട്ടു പോകുവാൻ കഴിയുന്നില്ല."

വർഷാവസാനം ഗോപാലൻ നായർ കോളജിനോടു വിട പറഞ്ഞു. പോയിക്കഴിഞ്ഞശേഷം ഞങ്ങളുമായി ബന്ധം പുലർത്തിയില്ല. എവിടെയെന്നു മനസ്സിലാക്കുവാനും കഴിഞ്ഞില്ല. എങ്കിലും മറക്കാൻ കഴിയാത്തവിധം മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം കാഴ്ച വച്ചിട്ടാണ് മറ്റെവിടെയോ ചേക്കേറിയത്. അയില വറുത്തതു കാണുമ്പോൾ ഞാൻ ഗോപാലൻ നായരെ ഓർക്കാറുണ്ട്. കാളയിറച്ചി വിളമ്പുന്ന നോൺ-വെജിറ്റേറിയൻ മെസ്സിൽ ചേരണ്ടായെന്നു വീട്ടുകാർ പറഞ്ഞതനുസരിച്ച് സ്കിന്നർ ഹോസ്റ്റലിനും ന്യൂ ഹോസ്റ്റലിനും ഇടയ്ക്ക് അന്നുണ്ടായിരുന്ന വെജിറ്റേറിയൻ മെസ്സിൽ നിന്നായിരുന്നു ഗോപാലൻ നായരുടെ ഭക്ഷണം. മത്സ്യമില്ലാതെ അയാൾക്കു ഊണു കഴിക്കാൻ ബുദ്ധിമുട്ടായിരുന്നു താനും. അതുകൊണ്ട്, ഉച്ചയ്ക്ക് സസ്യാഹാരം കഴിച്ചശേഷം വൈകിട്ട് നോൺ-വെജിറ്റേറിയൻ മെസ്സിൽ നിന്ന് വറുത്ത രണ്ട് അയില വാങ്ങി വാഴയിലയിൽ പൊതിഞ്ഞ് എല്ലാവരും പോയശേഷം പതുങ്ങി വെജിറ്റേറിയൻ മെസ്സിലെത്തും. അവിടെയുള്ള ജോലിക്കാരൻ പട്ടർ ഗോപാലൻ നായരെ കാത്തിരിക്കുന്നുണ്ടാവും. അയിലയുടെ തല ഉൾപ്പെടെ പകുതി ഭാഗം പട്ടർക്കുള്ളതാണ്. ഈ ഐക്യമുന്നണി ഒരു വർഷക്കാലം അഭംഗുരം തുടർന്നു. എത്ര സങ്കീർണവും വൈരുദ്ധ്യാത്മകവുമാണ് മനുഷ്യജീവിതം! ●

*O*ne bright Sunday morning, everyone in the town wakes up early and goes to their local church. Before the service starts, the people sit in their pews and talk about their families. Suddenly, at the altar, Satan appears!! Everyone starts screaming and running for the front entrance, trampling each other in their determined efforts to get away from Evil Incarnate. Soon, everyone is evacuated from the church except for one man, who sits calmly in his pew. Satan walks up to the man and says, "Hey, don't you know who I am?" The man says, 'Yes sure, I do." **Satan, perturbed, says, "And why aren't you afraid of me?". The man says, "Well, I've been married to your sister for 25 years."**

# വാർധക്യം കുതിപ്പും കിതപ്പും

പ്രൊഫ. സി. മാമച്ചൻ

മക്കളോടുള്ള മനോഭാവവും പിതൃസ്വത്തിന്റെ കൈമാറ്റവും വയോജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നതിൽ നിർണായക പങ്കു വഹിക്കുന്നുണ്ട്. ഒന്നിലധികം മക്കളുള്ളപ്പോൾ അതിൽ ഒരാളിനോടും അയാളുടെ കുടുംബത്തോടും മാതാപിതാക്കൾ അമിത പ്രതിപത്തി കാണിക്കാനിടയായാൽ മറ്റു മക്കളുടെ കടുത്ത വെറുപ്പിന് ഇടയാക്കും. ഈ വസ്തുതയുടെ ഗൗരവം പലപ്പോഴും വയോജനങ്ങൾ മനസ്സിലാക്കാറില്ല. ഇവർ തമ്മിലുള്ള അകലം അടുക്കാനാകാത്ത വിടവായും ശത്രുതയായും മാറാനിടയുണ്ട്: സ്നേഹപ്രകാശനത്തിന്റെ കാര്യത്തിൽ വേർതിരിവില്ലാത്തൊരു മനോഭാവമായിരിക്കും അത്യുത്തമം.

മക്കളോടുള്ള സ്നേഹത്തിന്റെ വിഭാഗീയത കൊണ്ട് ജീവിതം ദുരിതപൂർണമാക്കിയ മൂന്നു തലമുറകളെ ബൈബിളിൽ നമുക്കു കാണാം. 'ഹാഗാർ' എന്ന ദാസിയിൽ അബ്രഹാമിനു പിറന്ന യിശ്മായേലിനെ സാറ വെറുക്കുന്നു. ഈ വെറുപ്പ് അബ്രഹാമിലേക്കു പകരുന്നു. യിസ്ഹാക്കിനെ അബ്രഹാം കൂടുതലായി സ്നേഹിക്കുന്നു. ഈ സ്നേഹത്തിന്റെ ആഴം ദൈവത്തോടുള്ളതിനേക്കാൾ അധികമുണ്ടോ എന്ന ശോധനയാണ് ബലി നൽകാനുള്ള നിയോഗം. അതിൽ അബ്രഹാം വിജയിച്ചുവെങ്കിലും പിൽക്കാലത്ത് യിസ്ഹാക്കിന്റെ പിന്തുടർച്ചക്കാരും യിശ്മായേല്യരും നിരന്തരം സംഘർഷത്തിലായിരുന്നു. സ്വന്തരക്തം പരസ്പരം മല്ലടിക്കുന്നതു കാണാൻ അബ്രഹാം അവശേഷിച്ചില്ലെങ്കിലും അത് ചരിത്രത്തിലെ തുടർസംഭവമായിത്തീർന്നു. യിസ്ഹാക്കിലെത്തുമ്പോൾ മാതാവും പിതാവും മക്കളെ വീതിച്ചെടുക്കുന്നു. സ്നേഹക്കുറവിലൂടെ വഞ്ചന അകത്തു കടക്കുന്നു. സ്വന്തമക്കളിൽ ഒരാൾക്കു സഹോദരനെ ഭയന്ന് നാട്ടിൽ നിന്നും ഒളിച്ചോടി പോകേണ്ടി വരുന്നു. അടുത്ത തലമുറയിൽ പത്തു മക്കളെയും തള്ളിപ്പറഞ്ഞ് പ്രിയപ്പെട്ട മകനെ ച്ചൊല്ലി വിലപിക്കുന്ന ഒരു യാക്കോബിനെ നമുക്കു കാണാം. സ്നേഹത്തിന്റെ ഈ വിഭാഗീയത മൂന്നു തലമുറകളിൽ സൃഷ്ടിച്ച ആഘാതത്തിനു പ്രായശ്ചിത്തം നൽകിയത് നാലാം തലമുറക്കാരനായ ജോസഫായിരുന്നു.

വയോജനങ്ങൾ തങ്ങളുടെ സമ്പാദ്യവും ഭൂമിയും പങ്കുവയ്ക്കുന്നിടത്തും ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. കൈകാര്യം ചെയ്തുവന്നിരുന്ന ഭൂമിയും പണവും വീടുമൊക്കെ അധികം ആലോചനയില്ലാതെ പിൻഗാമികൾക്കായി കൈമാറുന്നതിലൂടെയോ രേഖകൾ ചമയ്ക്കുന്നതിലൂടെയോ ആണ് മിക്ക വൃദ്ധജനങ്ങളും അധികപ്പറ്റാകുന്നത്. ജീവിച്ചിരിക്കുമ്പോൾ തന്നെ ഇവയെല്ലാം പങ്കുവയ്ക്കാനിടയായാൽ എല്ലാവരും തമ്മിൽ അകലാൻ ഇടയാകയും, ഏറെത്താമസിയാതെ ആർക്കും വേണ്ടാത്തൊരു അവസ്ഥ സംജാതമാകയും ചെയ്യും. മരണാനന്തരം മറ്റുള്ളവർക്ക് അവകാശം കിട്ടുംവിധം രേഖകൾ ചമയ്ക്കുന്നതായിരിക്കും അഭികാമ്യം. സ്വാർത്ഥരായ മക്കളെ ഒറ്റപ്പെടുത്താനും മറ്റുള്ളവരെ ബോധവൽക്കരിക്കാനുമുള്ള ശ്രമം സമൂഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. പ്രായത്തെ ആദരിക്കുന്നൊരു യുവതലമുറയെ സൃഷ്ടിക്കുവാൻ സഭ, മതം, സമൂഹം, രാഷ്ട്രം എന്നീ ഘടകങ്ങൾ ബോധപൂർവം ശ്രമിക്കണം.

കൂടുതൽ സ്നേഹിക്കുന്ന മക്കൾക്കു കൂടുതൽ കൊടുക്കുന്നതിലൂടെ മറ്റു മക്കളുടെ അവഗണനയും ശത്രുതയും സമ്പാദിക്കിനിടയാകുന്നു. ഇതു മൂലമുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിഞ്ഞ് അതിൽ നിന്ന് സ്വയം വിമുക്തരാകേണ്ടതാണ്. സ്നേഹമുള്ള മക്കൾ പിതൃസ്വത്ത് കൂടുതൽ കിട്ടുന്നതിന് യാതൊരു കാരണവശാലും ആഗ്രഹിക്കരുത്. അങ്ങനെ ആഗ്രഹിക്കുന്നതിലൂടെ അവർ മാതാപിതാക്കളുടെ ജീവിതം ദുരിതപൂർണമാക്കുകയാണ്. ഏതെങ്കിലും കാരണത്താൽ മാതാപിതാക്കളിൽ നിന്ന് മക്കളിൽ ഒരാൾക്കു ലഭിക്കുന്ന അമിതാനുകൂല്യം അമർഷത്തിനു കാരണമാകുമെന്നതിനാൽ കൊടുക്കുന്നവരും സ്വീകരിക്കുന്നവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ ഒരു മകന് അധികം നൽകണമെന്നു തോന്നിയാൽ മറ്റു മക്കളോട് അക്കാര്യം ആലോചിച്ച് ധാരണ വരുത്തേണ്ടതാണ്. കൂടുതൽ കൊടുക്കണമെന്നുണ്ടെങ്കിൽ മരണാനന്തരം നടപ്പിലാക്കുംവിധം ഭാഗപത്രമെഴുതി രജിസ്റ്റർ ചെയ്തു രഹസ്യമായി സൂക്ഷിക്കാവുന്നതാണ്. ഭാഗം വയ്ക്കലിന്റെ പിന്നിലെ കിറുകിറുപ്പുകളാണ് സമ്പന്ന ഇടത്തരം കുടുംബങ്ങളിലെ വയോജനങ്ങൾ അവഗണിക്കപ്പെടാനുള്ള പ്രധാന കാരണം.

മക്കളെ പഠിപ്പിച്ച് വലിയ ഉദ്യോഗങ്ങളിലാക്കിയെന്നത് ഇന്ന് മിക്ക മാതാപിതാക്കൾക്കും ശിക്ഷയായിരിക്കുന്നു. വൃദ്ധസദനത്തിൽ കലക്ടറുടെ അമ്മയ്ക്കുവേണ്ടി മുറി അന്വേഷിച്ചെത്തുന്ന ഒരു ഏജന്റിന്റെ ചിത്രീകരണമുണ്ട്. ഇത് ഒറ്റപ്പെട്ട ചിത്രമല്ല. മധ്യതിരുവിതാംകൂറിൽ ഒറ്റയ്ക്കു പാർക്കുന്ന ഒരു കലക്ടറുടെ അമ്മയെ അറിയാം. വിവാഹം കഴിഞ്ഞ് പത്തു വർഷമായി. ഇന്നുവരെ വീട്ടിലെത്തി അമ്മയോടൊപ്പം 'കലക്ടർ മകൻ' രാത്രി ചെലവഴിച്ചിട്ടില്ല. ഇനിയെങ്ങോട്ടാണെന്ന ചോദ്യത്തിന് ധാരാളം വൃദ്ധസദനങ്ങളുണ്ടല്ലോ എന്നാണു മറുപടി. വൈദിക കുടുംബങ്ങളിലെ നാലഞ്ചു വയോജനങ്ങൾ ഇന്ന് കേരളത്തിലെ വൃദ്ധസദനങ്ങളിൽ പാർക്കുന്നതായറിയാം. ഉയർന്ന പഠനം കഴിഞ്ഞ് മക്കൾ വലിയ ജോലിയിൽ പ്രവേശിക്കുമ്പോൾ മാതാപിതാക്കൾക്ക് അന്തസ്സാണ്; കുറെ കഴിയുമ്പോൾ അപമാനമായി മാറുന്നു. തിരക്കേറുകയാലും പഴയ സൗകര്യങ്ങൾ അപര്യാപ്തമെന്നു തോന്നുകയാലും സമയത്തെ പണവുമായി ബന്ധപ്പെടുത്തിക്കാണുകയാലും കർമോത്സുകരായ യുവതലമുറ വൃദ്ധജനങ്ങളിൽ നിന്ന് അകന്നുമാറുന്നു. ഇതേ സാഹചര്യത്തെ ഏറെത്താമസിയാതെ തങ്ങളും അഭിമുഖീകരിക്കേണ്ടി വരുമെന്ന വസ്തുത യുവജനങ്ങൾ മറന്നുപോകുന്നു. മറവി അത്തരക്കാർക്കൊരു അനുഗ്രഹമാണ്.

*(അവസാനിച്ചു)*

***When the poet Milton was blind he married a shrew. The Duke of Buckingham called her a rose. "I am no judge of colours," replied Milton, "and it may be so, for I feel the thorns daily."***

# നമ്മുടെ മതചിന്തകൾ

റഞ്ജി കോവൂർ

മധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ കഴിഞ്ഞ 200 വർഷത്തെ ചരിത്രമൊന്നു പരിശോധിക്കുക. കൂനൻകുരിശു തൊട്ട് തുടങ്ങിക്കോളൂ. എത്രയെത്ര സഭകൾ മുളച്ചു പൊങ്ങി വന്നിരിക്കുന്നു! അതതു കാലത്ത് സഭ ശിഥിലതയ്ക്കു വിധേയമായി. സഭാനേതൃത്വത്തിന്റെ സ്വകാര്യവും തൻകാര്യവുമായ ഇച്ഛകൾക്കു വഴങ്ങി സഭകൾ പൊട്ടിപ്പിളർന്നുകൊണ്ടിരിക്കുന്നു. വലിയ സുവിശേഷമൊന്നും പറയാനില്ലാതെ, ധനമോഹങ്ങൾ മാത്രം ലാക്കാക്കി അവ നീങ്ങുന്നു. ചെറിയ ചെറിയ ഗവൺമെന്റുകൾ പോലെ പ്രവർത്തിച്ചു വരുന്ന സഭകൾ ശ്വാസം വലിക്കുന്നു. പ്രത്യാശയ്ക്കോ ആത്മീയ സംതൃപ്തിക്കോ സാധാരണ ക്രിസ്ത്യൻ കുടുംബങ്ങൾ വഴി കാണുന്നില്ല. സഭകളുടെ ആത്മീയ ഖജനാവ് കാലിയായിരിക്കയാണ്, ആണ്ടുകൾതോറും പിരിക്കുന്ന കവർ പണവും പിടിയരികളും കൊണ്ട് എന്തോ പുണ്യം കിട്ടുമെന്ന് സാധാരണക്കാരെ വിശ്വസിപ്പിച്ച് "ഗവൺമെന്റുകളുടെ" സായുധഭടന്മാർ കുപ്പായങ്ങൾ ധരിച്ച് അങ്ങോട്ടുമിങ്ങോട്ടും സ്കൂട്ടറുകളിലും കാറുകളിലും സഞ്ചരിക്കുന്നു. പുതിയ പുതിയ പള്ളികളുടെ നിർമാണ പദ്ധതികൾ, ഹാളുകൾ, പാഴ്സണേജുകളുടെ നിർമാണം, ഈ വക കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തും കൂടുതൽ നിയമനങ്ങൾ നടത്തിയും ഭാരിച്ച സാമ്പത്തിക ബാധ്യത എല്ലാവർക്കും വീതിച്ചുകൊടുക്കുന്നു. വേദപുസ്തകമെവിടെ? അതിൽ എഴുതിയിരിക്കുന്ന സുപ്രധാന സുവിശേഷവചനങ്ങൾ വായിച്ച് സാധാരണക്കാരനു പ്രത്യാശ കൊടുക്കുവാനുള്ള സമയമെവിടെ? ഓരോ കുടുംബത്തിന്റെയും ഉൾവേദനകളുടെയും പിരിമുറുക്കങ്ങളുടെയും നെടുവീർപ്പുകളുടെയും കാര്യങ്ങളിൽ പങ്കുചേർന്ന് ആശ്വാസം പകരുന്നതിൽ സഭയുടെ പ്രവർത്തനശൈലി ആശാവഹമല്ലെന്നു വ്യസനത്തോടെ പറയട്ടെ. അനേകം അത്മായക്കാർ മീൻ ചാടുന്നതുപോലെ അവനവന്റെ സഭ വിട്ട് മറ്റു സഭകളിലേക്കു ചാടുന്നു. പിന്നീട് നിരാശരായി മടങ്ങുന്നു. മരിക്കുമ്പോൾ കിടക്കാൻ ആറടി മണ്ണു വേണ്ടേ? വയസ്സു കാലത്തു എന്തിനു കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു? വർഷങ്ങളോളം നീളുന്ന കോടതി കേസുകൾ, നിയന്ത്രണമില്ലാത്ത പള്ളി വഴക്കുകൾ, ഈ വക പ്രവൃത്തികളിൽ സഭാനേതാക്കന്മാർ വിലയേറിയ സമയം പാഴാക്കികളയുന്നു. സാധാരണ ക്രിസ്ത്യൻ അൽമായക്കാർക്ക് ഈ വക കാര്യങ്ങളിലൊന്നും താൽപര്യമില്ല. കുഞ്ഞിനെ മുക്കി പേരിടണം. വിവാഹച്ചടങ്ങുകൾ നിർവഹിക്കണം. അവസാനം മരിക്കുമ്പോൾ ശവം മറവു ചെയ്യണം. ഇവയ്ക്കെല്ലാം സൗകര്യം വേണം. ഇവയെല്ലാം അതിനുള്ള പണം കൊടുത്താൽ സാധിക്കുന്ന ഒരു പുണ്യകുടീരമാണു നമ്മുടെ പള്ളികളെന്നു തോന്നിപ്പോകും. പെന്തക്കോസ്തുകാർ മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ഒരു ചെപ്പിടിവിദ്യയെന്ന പോലെ നിമിഷനേരം കൊണ്ട് സാധിച്ചുകൊടുക്കും. ഞായറാഴ്ച ദിവസം മൈക്കിൽ കൂടെ എന്തൊക്കെയോ വിളിച്ചുപറയും. ഇതെല്ലാം മുകളിൽ നിന്ന് വീക്ഷിക്കുന്ന ദൈവത്തിന് ചിരിയൂറി വരുമോ എന്ന് എനിക്കൊരു സന്ദേഹം!

ഇന്ത്യാമഹാരാജ്യത്തുള്ള മൂന്നു ശതമാനത്തിൽ താഴെ മാത്രം ക്രിസ്ത്യാനികൾ എന്തൊരു പ്രതിഛായയാണ് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നത്? ഹിന്ദുക്കളെപ്പോലെ തന്നെ ക്രിസ്ത്യാനികളും പലവക ദൈവങ്ങളെ പൂജിക്കുന്നതായി അന്യമതസ്ഥർക്ക് തോന്നിപ്പോകാനിടയുണ്ട്. ഗീവർഗീസ് പുണ്യവാളൻ തൊട്ട് മലയാറ്റൂർ, പരുമല, വേളാങ്കണ്ണി ഇവിടെയൊക്കെ വ്യത്യസ്ത ദൈവങ്ങളായേ മറ്റുള്ളവർക്ക് മനസ്സിലാകൂ. ഒരു ദൈവം, ഒരു മതം, ഒരു ജാതി എന്ന് മന്ത്രിച്ച സിദ്ധന് കുറച്ചുകൂടെ ഔചിത്യബോധമുണ്ടെന്ന് വിചാരിക്കണം. ഈ അവസരത്തിൽ ഹിന്ദുമതത്തിൽപ്പെട്ട കുറെ ആളുകളുടെ പ്രവർത്തനശൈലികളെക്കുറിച്ചും പ്രസ്താവിക്കേണ്ടതുണ്ട്. ഹിന്ദുക്കൾ പല ദൈവങ്ങളെ പൂജിക്കുന്നു. ഈ ദൈവങ്ങളെല്ലാം ഈശ്വരന്റെ അവതാരങ്ങളാണ്. അധർമം ചെയ്യുന്ന ദുഷ്ടരാക്ഷസന്മാരെ സംഹരിക്കുവാൻ ഒരോ അവതാരം പുരാണങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. കൊള്ളാം, അതൊരു നല്ല മാതൃകയാണ്. "ധർമം തല കാക്കും" എന്നൊരു തമിഴു സിനിമ ഞാൻ കണ്ടിട്ടുണ്ട്.

എന്നാൽ നാം ഏറ്റവും ബഹുമാനത്തോടെ കരുതുന്ന നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയെ ഒരു ദയയും കാണിക്കാതെ വെടിവച്ചു കൊന്ന ഹിന്ദുവിന്റെ പ്രവൃത്തി നാം എങ്ങനെ വിലയിരുത്തണം? അയാൾ ചെയ്തത് ധർമമോ അധർമമോ? ഗാന്ധിജി വെടിയുണ്ട കേറി മരിച്ചുവീഴുന്നതിനു മുമ്പ് ശബ്ദിച്ചത്. 'ഹേയ് റാം'. ഞാൻ ഒരിക്കൽ ഡൽഹിയിൽ ഗാന്ധിസമാധിയിൽ പോയി അതിന്റെ മുമ്പിൽ നിന്ന് കണ്ണുനീർ പൊഴിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയെ വധിച്ച ഹീനന്മാരോടു അനുഭാവമുള്ള അധർമികൾ കൂട്ടുചേർന്ന സംഘടനകളുടെ പിണിയാളുകളാണ് ഇപ്പോൾ ഇൻഡ്യ എന്ന പുണ്യഭൂമി ഭരിക്കുന്നത്. അസത്യം പുലമ്പുവാൻ ഒരു സങ്കോചവുമില്ലാത്തവർ അധികാരം കൈയിലെടുത്ത് അവർക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യുന്നു. ഈ സത്യം അനേകം ഹിന്ദുക്കൾക്കും മറ്റു മതസ്ഥർക്കും അറിവുണ്ട്. പക്ഷേ ആരും ഒന്നും തുറന്നു ശബ്ദിക്കുന്നില്ല. എല്ലാവരും ക്ഷമയോടെ കാത്തിരിക്കയാണ്. ഗാന്ധിജിയുടെ "ഹെയ് റാം" എന്ന അവസാനവാക്കുകളുടെ 'റാം' എന്ന അവതാരത്തെ ആസ്പദമാക്കി ഒരു രാമരാജ്യം സ്വപ്നം കണ്ടു. പിന്നീട്, അയോധ്യ എവിടെ എന്നുള്ള ഗവേഷണം തുടങ്ങി. അനേകം നൂറ്റാണ്ടുകൾ പഴക്കമുള്ള ബാബ്റി മസ്ജിദ് എന്ന പള്ളി ഇരിക്കുന്ന സ്ഥലത്തു തന്നെയാണെന്ന് ബലമായി സംശയിക്കുന്നു. ഈ സംശയം തീർക്കുവാൻ അലഹബാദ് ഹൈക്കോടതിയെ ചുമതലപ്പെടുത്തിയിരിക്കയാണ്. നമ്മുടെ ഇൻഡ്യാരാജ്യത്ത് മറ്റു അധർമങ്ങളൊന്നും നടക്കുന്നില്ലേ. എന്നാൽ ഒരു ദിവസം രാവിലെ പത്തു പതിനായിരം പേർ ചേർന്ന് വർഷങ്ങളായി ഉറങ്ങിക്കിടന്നിരുന്ന ബാബ്റി മസ്ജിദ് പൊളിച്ചു. അന്നത്തെ ഗവൺമെന്റ് ഒന്നും ചെയ്യാതെ നോക്കി നിന്നു. ടി.വി.യിൽ ഇതെല്ലാം ഞാനും കണ്ടതാണ്. ഈ പരാക്രമം അധർമികളെ നശിപ്പിക്കുവാൻ ചെയ്ത വീരകൃത്യം ആയിരുന്നുവോ! ഒരു പകവീട്ടൽ. അതിന്റെ പശ്ചാത്തലത്തിൽ വോട്ടുകൾ നേടി അധികാരം കൈയിലെടുത്തു. പക്ഷേ അധികാരം കൈയിൽ കിട്ടുമ്പോൾ അധർമം ചെയ്യുവാൻ മടിക്കും. ലോകരാഷ്ട്രങ്ങൾ എല്ലാം നോക്കി നിൽക്കുന്നില്ലേ! മര്യാദയോടെ കുറച്ചു നാൾ കൂടെ ഞങ്ങൾ ഭരിച്ചോളാം. മനുഷ്യൻ കണ്ടുപിടിച്ച ഒരു ഉപാധിയാണു മതം. ക്രിസ്ത്യാനിയായിരിക്കണമെന്നോ ഹിന്ദുവായി ജീവിക്കണമെന്നോ ദൈവം ഉപദേശിക്കുന്നില്ല. ആഫ്രിക്ക, ജപ്പാൻ, ചൈന, അലാസ്ക ഇവിടെയൊക്കെ മനുഷ്യരില്ലേ? വർഷങ്ങൾക്കു മുൻപേ അവിടെയൊന്നും ഒരു മതവും ആരും സ്വീകരിച്ചിരുന്നില്ല. പിന്നീട് മതമെന്ന ജീവിതശൈലി പല രാജ്യങ്ങളിലും പിടിച്ചുകയറി. പല രീതിയിലുള്ള ആരാധനകൾ. ഇതെല്ലാം ആരു കണ്ടുപിടിച്ചു? മനുഷ്യൻ തന്നെ. മനുഷ്യനെ ചില ചട്ടക്കൂടുകളിലടച്ച് അവന്റെ ചിന്തകളെ സ്വാധീനിച്ചു. ചില മതനേതാക്കന്മാരുടെ സ്വേച്ഛാധിപത്യം സ്ഥാപിച്ച് മേൽക്കോയ്മ നടത്തുവാനായിരുന്നു ഇതെല്ലാമെന്ന് ഊഹിക്കാം. അല്ലെങ്കിൽ പിന്നെ എന്തിനു പള്ളികൾ പൊളിക്കണം? തീ വയ്ക്കണം? സ്റ്റെയ്ൻസ് എന്ന സായ്പിനെയും കുട്ടികളെയും മോട്ടാർ വാഹനത്തിലിട്ട് ചുട്ടുകരിച്ചതെന്തിന്?

ബൈബിളിലും ഹിന്ദുപുരാണങ്ങളിലും സ്നേഹത്തെക്കുറിച്ചും നന്മയെക്കുറിച്ചും ക്ഷമയെക്കുറിച്ചുമൊക്കെയാണ് മുഖ്യമായി പ്രതിപാദിക്കുന്നത്. അതിനുപകരം മതമുപയോഗിച്ച് വോട്ടുകൾ ശേഖരിക്കുന്നു, രാജ്യം ഭരിക്കുന്നു, പണം സമ്പാദിക്കുന്നു, അധികാരം പ്രയോഗിക്കുന്നു. കൂടാതെ, മനുഷ്യൻ മനുഷ്യനെ

## മെത്രാഭിഷേക സുവർണ്ണജൂബിലി

പ. ബസേലിയസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ യുടെ മെത്രാഭിഷേക സുവർണജൂബിലി 2003 മെയ് 15-നും, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോ ലീത്തയുടെ മെത്രാഭിഷേക സുവർണ്ണ ജൂബിലി മെയ് 23-നും സമുചിതമായി ആഘോഷിക്കുകയുണ്ടായി.

## 'കാസാ' പ്രസിഡന്റ്

Churches' auxiliary for social action (CASA) പ്രസിഡൻറായി ഡോ. ജോസഫ് മാർ ഐറേനിയസ് സഫ്രഗൻ മെത്രാപ്പോ ലീത്തയെ തിരഞ്ഞെടുത്തു. നാലു വർഷ മാണു കാലാവധി. ഭാരതത്തിലെ 24 ക്രൈസ്തവസഭകളുടെ പൊതുവായ സാമൂ ഹികക്ഷേമവേദിയാണു 'കാസാ'.

## പുതിയ പ്രിൻസിപ്പൽമാർ

കോട്ടയം സി.എം.എസ്. കോളജ് പ്രിൻസിപ്പലായി കൊമേഴ്സ് വിഭാഗം

# NEWS

തലവൻ പ്രൊഫ. കോരുള ഐസക്കും, കോഴഞ്ചേരി സെയ്ന്റ് തോമസ് കോളജ് പ്രിൻസിപ്പലായി മലയാളം വിഭാഗം മേധാ വിയും മലങ്കര സഭാതാരക ചീഫ് എഡി റ്ററുമായ റവ. ഡോ. മാത്യു ഡാനിയലും, തുരുത്തിക്കാട് ബി. എ. എം. കോളജ് പ്രിൻസിപ്പലായി ഹിസ്റ്ററി വകുപ്പു തലവൻ ഡോ. എം. എൻ. ജോർജും, ആയൂർ മാർത്തോമാ കോളജ് പ്രിൻസിപ്പലായി ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് ഇംഗ്ലീഷ് വിഭാഗം മുൻ അധ്യക്ഷൻ പ്രൊഫ. അനി യൻ അലക്സ് തോമസും ചുമതലയേറ്റു. അഭിനന്ദനങ്ങൾ!

## സൂപ്പർ മാർക്കറ്റ് ചാപ്ലേൻമാർ

സാധനങ്ങൾ വാങ്ങാൻ വരുന്നവരുടെ സങ്കടങ്ങൾ കേൾക്കാനും, കൗൺസലിങ് ആവശ്യമുള്ളവർക്ക് അതു ലഭ്യമാക്കാനു മുള്ള പരിപാടിയുടെ ഭാഗമായി ബ്രിട്ടീഷ് സൂപ്പർ മാർക്കറ്റ് കമ്പനിയായ വാൾമാർട്ട് അവരുടെ കടകളിൽ ചാപ്ലേൻമാരെ നിയ മിക്കുന്നു. ബ്രിട്ടനിലെ 256 സ്റ്റോറുകളിൽ ഇതു നടപ്പാക്കി കഴിഞ്ഞു. അതതു സ്ഥല ങ്ങളിലെ പട്ടക്കാർ ഈ പ്രവർത്തനത്തിൽ തങ്ങളെ സഹായിക്കണമെന്ന് കമ്പനി ആവശ്യപ്പെട്ടിരിക്കയാണ്.

## സി.സി.ഐ. സെക്രട്ടറി

സി. എ സ്. ഐ., സി. എൻ. ഐ., മാർത്തോമാ സഭകളുൾപ്പെടുന്ന കമ്യൂണി യൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യ (സി. സി. ഐ.) യുടെ സെക്രട്ടറിയായി മാർത്തോമാ സഭയിലെ റവ. ഡോ. ഏബ്രഹാം അത്യാൽ തിരഞ്ഞെടുക്കപ്പെട്ടു.

# BOOK REVIEW

## VOICE FROM MARA LAND

**Mai Ki, Mara Evangelical Church, Myanmar**

**Zion Press, Chennai.**

Ms. Mai Ki from Myanmar was moved by the situation of a particular community, called Maras. Their culture, history, economic conditions etc. are totally unknown to the world. The author brings out the story of a people who have learnt to live in peace and harmony with one another. It is also the story of a people who struggle to survive in the midst of poverty, ignorance, water scarcity, lack of proper education & health care, and isolation. Inspite of these limitations, they are industrious and committed. The transforming activities of the Mara Evangelical Church are inspiring. Through this book, the little known Mara Church is brought to lime light. The land which was once the land of head hunters is now one of soul winners. The Maras deserve help and encouragement in their attempt to live a life in all its fullness as promised by the Lord. The book is informative, interesting and worth reading. The author deserves our congratulations.

*Rev. Prof. K. C. Mathew*

■■

## പാപികളുടെ ദൈവം

**ജോർജ് വർഗീസ് നെടുങ്ങാടപ്പള്ളി**

വില : 40/- രൂപ ■ പേജ് : 83

എട്ട് ചെറു അധ്യായങ്ങളിലായി വിശ്വാസസത്യങ്ങൾ പ്രതിപാദിച്ചിരിക്കുന്ന ഈ പുസ്തകം ലളിതവും സുഗ്രാഹ്യവുമാണ്. 23-ാം സങ്കീർത്തനത്തെക്കുറിച്ചുള്ള ഒരു ലഘുപഠനത്തോടെയാണു തുടക്കം. കഷ്ടതയിലൂടെയുള്ള ശുദ്ധീകരണം, മനുഷ്യൻ നല്ലവനാ യാൽ മാത്രം മതിയോ, വിശ്വാസം നീതിയായി കണക്കിടുന്നു, എന്നിങ്ങനെ ജീവിതവിശുദ്ധിക്കു സഹായകമായ ധന്യചിന്തകളാൽ ഈ ഗ്രന്ഥം സംപുഷ്ടമാണ്. ഗ്രന്ഥകാരൻ പ്രോത്സാഹനവും അഭിനന്ദനവുമർഹിക്കുന്നു.

*കെ. സി.*

*(പേജ് 19 തുടർച്ച)*

ചുട്ടുകരിക്കുന്നു. തോക്കുകളുപയോഗിച്ച് അസമാധാനം സൃഷ്ടിക്കുന്നു. അയർലണ്ടിൽ അതു തന്നെയല്ലേ നട ക്കുന്നത്? പലസ്തീൻ-ഇസ്രയേൽ അതിർത്തിയിൽ പിന്നെയെന്താണു നടക്കു ന്നത്? യേശു ജനിച്ച സ്ഥലത്ത് വല്ല സമാ ധാനവുമുണ്ടോ? മതത്തിന്റെ പേരിൽ അധർമം നടത്തുവാൻ മനുഷ്യന് ഒരു സങ്കോചവുമില്ല. എന്നാൽ മതത്തിന്റെ നിഴ ലിൽ എന്തെല്ലാം നന്മകൾ മനുഷ്യൻ ചെയ്യുന്നു. ഗാന്ധിജിയും മദർ തെരേ സയും സായ്ബാബയും മാതാ അമൃതാന ന്ദമയിയും ചെയ്ത നന്മപ്രവൃത്തികളെക്കു റിച്ചും വളരെ പറയുവാനുണ്ട്. പോപ്പിന്റെ അധികാരത്തിൽ പെട്ട കത്തോലിക്കാസഭ എത്രയെത്ര മനുഷ്യർക്കു പ്രയോജനപ്പെ ടുന്ന വിദ്യാലയങ്ങൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, മറ്റു പല സോഷ്യൽ സർവീസുകൾ എല്ലാം നടത്തുന്നു. മതം മനുഷ്യന് നന്മ ചെയ്യുവാൻ പ്രയോജന പ്പെടുമോ? അതോ അധർമം ചെയ്ത് അതിന്റെ കറുത്ത പ്രതിഫലത്തിനു അർഹത നേടുമോ? യുക്തിപരമായി മനു ഷ്യൻ തന്നെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു കാര്യം തീർച്ച. നന്മ തിന്മയെ അവ സാനം തോൽപിക്കും. അതാണ് ദൈവ ത്തിന്റെ ഇഷ്ടം. ധർമം ജയിക്കട്ടെ!

*(പ്രശസ്ത സാഹിത്യകാരനായിരുന്ന ശ്രീ. ഇ. എം. കോവൂറിന്റെ പുത്രനാണ് ലേഖകൻ)*

# പ്രതികരണം

## മാർത്താണ്ഡവർമയുടെ യഥാർത്ഥ മുഖമെന്ത്?

ഡോ. കെ. വി. വറുഗീസ് എഴുതിയ 'മാർത്താണ്ഡവർമയുടെ മറ്റൊരു മുഖം' എന്ന ലേഖനം (ന്യൂ വിഷൻ, ഏപ്രിൽ) തികച്ചും അപ്രസക്തവും അടിസ്ഥാനരഹിതവും പ്രകോപനപരവുമാണെന്നു പറയാതെ വയ്യ. ഉയർന്ന മാനദണ്ഡം പുലർത്തുന്ന മാസികയുടെ അന്യഥാ വിനിയോഗിക്കാമായിരുന്ന പേജുകൾ അദ്ദേഹം കളങ്കപ്പെടുത്തുകയാണു ചെയ്തത്. മൺമറഞ്ഞ മഹാവ്യക്തികളെ അസ്ഥാനത്തും അനവസരത്തിലും കരിതേച്ചു കാണിക്കാനുള്ള ഒരു പ്രവണത ഇന്നത്തെ ചില ചരിത്രപണ്ഡിതന്മാരിലും രാഷ്ട്രമീമാംസകരിലും വർധിച്ചുവരുന്നുണ്ട്. ലേഖനത്തിൽ മുഖ്യമായി നിഴലിച്ചുകാണുന്നത് അന്ധമായ രാജവിദ്വേഷവും, രാജവംശത്തോടുതന്നെയുള്ള പുച്ഛവും, ഹിന്ദുമതത്തിലെ ആചാരാനുഷ്ഠാനങ്ങളോടുള്ള നിന്ദയുമാണ്. ഇപ്പോൾ തന്നെ അലങ്കോലപ്പെട്ടുകൊണ്ടിരിക്കുന്ന സർവസമുദായമൈത്രിയെ ഒന്നുകൂടി തകർക്കാൻ മാത്രമേ വിഷലിപ്തമായ ആ ലേഖനം ഉപകരിക്കൂ. 'കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ' എന്നാണല്ലോ ലേഖനത്തിനു കൊടുത്തിരിക്കുന്ന പേര്. 'കഥയില്ലാത്ത' എന്ന വിശേഷണം അനുയോജ്യം തന്നെ. എന്നാൽ, 'ചില്ലറ'ക്കാര്യങ്ങളല്ല, വളരെ ഗൗരവമേറിയ ആരോപണങ്ങളാണ് സമാരാധ്യനായിരുന്ന ആ രാജർഷിവര്യനിൽ അദ്ദേഹമുന്നയിക്കുന്നത്. അതിനവലംബിക്കുന്ന ചരിത്രവസ്തുതകളുടെ സത്യാവസ്ഥയും പശ്ചാത്തലവും മനസ്സിലാക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുമില്ല. ലേഖകന്റെ പരിഹാസത്തിനു പാത്രമായ 'കൊട്ടാരം ചരിത്രകാര'ന്മാരെയും 'രാജസേവകന്മാ'രെയും മാറ്റി നിറുത്തി അന്വേഷിച്ചാൽ തന്നെ, മാർത്താണ്ഡവർമയുടെ അനിഷേധ്യമായ സ്ഥാനവും മഹത്വവുമാണ് ആധുനികചരിത്രകാരന്മാരും കൽപിക്കുന്നതെന്നു കാണാം. ലേഖനകർത്താവിന് ചെറുപ്പകാലത്ത് ആരാധ്യപുരുഷനായിരുന്ന മഹാരാജാവ് പിൽക്കാലത്ത് എങ്ങനെയാണ് അനഭിമതനായത്? പഠിപ്പും പ്രായവും ഏറുന്തോറും ബുദ്ധിക്കും മനസ്സിനും പക്വത വരികയാണു വേണ്ടത്. അദ്ദേഹം പറയുന്നു, 'അതിവിദഗ്ധമായി ചാണക്യതന്ത്രം പയറ്റിയ നിർദ്ദയനും കുടിലബുദ്ധിയുമായ ഒരു ഭരണാധികാരി കൂടിയായിരുന്നു അദ്ദേഹം'. ബ്രിട്ടൻ, റഷ്യ, ചൈന, അമേരിക്ക, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ പ്രഖ്യാതരായ ഭരണാധിപന്മാർ പല തരത്തിലുള്ള 'ചാണക്യതന്ത്രങ്ങൾ' പ്രയോഗിച്ചല്ലേ അധികാരത്തിലെത്തിയതും പിന്നീടവിടെ തുടരാൻ യത്നിച്ചിട്ടുള്ളതും? ജനാധിപത്യസമ്പ്രദായത്തിൽ ഭരിക്കുന്ന ഇന്നത്തെ രാഷ്ട്രീയപാർട്ടികളും നേതാക്കളും പയറ്റുന്നത് ബഹുവിധ 'തന്ത്ര'ങ്ങളല്ലേ? അതോർക്കുമ്പോൾ മാർത്താണ്ഡവർമ ആത്മരക്ഷയ്ക്കുവേണ്ടി ചെയ്ത ശത്രുനിഗ്രഹങ്ങൾ എത്രയോ തുച്ഛം! അദ്ദേഹം നിരപരാധികളെ കൊന്നിട്ടില്ല. ശത്രുക്കളിൽ തന്നെ ചിലരെ നാടുകടത്തുകയേ ചെയ്തിട്ടുള്ളൂ. അവരുടെ സ്ത്രീകളേയും കുട്ടികളേയും ഇതരസമുദായക്കാർക്കു കൈമാറിയത് സമൂഹത്തിൽ അവർക്കുണ്ടായിരുന്ന മാന്യത കുറയ്ക്കാൻ വേണ്ടിയാണ്. അല്ലാതെ, അവരെ വിറ്റു കാശാക്കിയില്ല. ശിക്ഷിക്കപ്പെട്ടവരുടെ സ്വത്ത് സർക്കാരിലേക്കു കണ്ടുകെട്ടുകയും ചെയ്തു. ശക്തരായ പ്രതിയോഗികളെ നേരിടുമ്പോൾ അവരോടു കർക്കശനിലപാടുകൾ ഏതൊരു ഭരണാധികാരിക്കും സ്വീകരിക്കേണ്ടിവരും. അതിന് അവരെ 'കുടിലബുദ്ധികൾ' എന്നു വിശേഷിപ്പിക്കേണ്ടതില്ല. ഇന്നത്തെ ഭീകരർ ജനദ്രോഹികളാണ്. മാർത്താണ്ഡവർമയാകട്ടെ ജനങ്ങൾക്കുവേണ്ടിയാണ് രാജ്യവിസ്തൃതി കൂട്ടിയതും പലവിധ പരിഷ്കാരങ്ങൾ നടപ്പാക്കിയതും.

തിരുവിതാംകൂർ രാജാക്കന്മാർ ജന്മംകൊണ്ട് നായന്മാരായിരുന്നുവെന്ന് ഡോ. വറുഗീസ് കരുതുന്നു. ശുദ്ധ അസംബന്ധമാണത്. അവർ ക്ഷത്രിയരാണ്. എന്നാൽ ആഭിജാത്യം അൽപം കുറവായിരുന്നു. അതു നികത്താൻ വേണ്ടിയാണ് 'ഹിരണ്യഗർഭം' എന്ന ചടങ്ങ് അവർ നിർവഹിച്ചത്. അത്തരം ആചാരങ്ങളെ ഇന്നത്തെ വ്യവസ്ഥിതി വച്ചുകൊണ്ടു വിമർശിക്കുന്നതു ശരിയല്ല. മാത്രമല്ല, ഒരു സമുദായത്തിൽ പെട്ടവർ ഇതര സമുദായക്കാരുടെ ആചാരാനുഷ്ഠാനങ്ങളെ നിന്ദാപൂർവം വീക്ഷിക്കുന്നത് തികഞ്ഞ ധിക്കാരമാണ്. ശ്രീ പത്മനാഭസ്വാമിക്ഷേത്രം തിരുവിതാംകൂർ രാജകുടുംബത്തിന്റെ സ്വന്തം സ്വത്താണ്. അതിന്റെ അഭിവൃദ്ധിക്കും പുനരുദ്ധാരണത്തിനുമായി രാജകുടുംബാംഗങ്ങൾ പൊതുമുതലിനെ ആശ്രയിക്കാറില്ല. അതിനാൽ, ക്ഷേത്രാവശ്യങ്ങൾക്കും കുടുംബകാര്യങ്ങൾക്കും വേണ്ടി തുക ചെലവാക്കി 'ഖജനാവു മുഴുവൻ കാലിയാക്കി' എന്ന ആരോപണം വളരെ ക്രൂരമായിപ്പോയി. ക്ഷേത്രോദ്ധാരണത്തിനായി മാർത്താണ്ഡവർമ ചെയ്ത യത്നങ്ങൾ 'അയോധ്യയുടെ പേരിൽ അധികാരമോഹികൾ രാഷ്ട്രീയ കയ്യാങ്കളി' നടത്തുന്നതിനോടു സാദൃശ്യപ്പെടുത്തിയത്, മിതമായ ഭാഷയിൽ പറഞ്ഞാൽ, അതിനീചമാണ്. ആ ക്ഷേത്രത്തിന്റെ പുനർനിർമാണവേളയിൽ കൂലിക്കാരോടൊപ്പം കരിങ്കല്ലു ചുമന്നവനാണദ്ദേഹം. എട്ടരയോഗക്കാർ 'പല രാജാക്കന്മാർക്കും ഗുരുതരമായ ക്രമക്കേടുകളുടെ പേരിൽ ശിക്ഷ നൽകിയിരുന്നു' എന്നു പറയുന്നതിനും തീരെ അടിസ്ഥാനമില്ല. അവർ ക്ഷേത്രകാര്യങ്ങളിൽ ഉപദേഷ്ടാക്കളായി വർത്തിച്ചുവെന്നേയുള്ളൂ. ശിക്ഷാധികാരവും നിയന്ത്രണാധികാരവുമെല്ലാം അന്നത്തെ നിയമപ്രകാരം രാജാവിനു തന്നെയായിരുന്നു. ഡച്ചുസേനാധിപനായിരുന്ന ഡിലനായിയെ യുദ്ധത്തിൽ തോൽപ്പിച്ചശേഷം, ആ വീരയോദ്ധാവിനെ തന്റെ സൈന്യത്തിന്റെ തലവനായി നിയമിച്ച മാർത്താണ്ഡവർമയുടെ പ്രതിപക്ഷ ബഹുമാനവും പ്രായോഗികബുദ്ധിയും കാണാൻ ലേഖകനു കണ്ണില്ലാതെ പോയി. രാജ്യഭരണത്തിൽ മാത്രമല്ല, കലാസാഹിത്യരംഗത്തും മാർത്താണ്ഡവർമ ചെയ്ത സേവനം തങ്കലിപികളാൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഉണ്ണായി വാര്യർ, രാമപുരത്തു വാര്യർ, കുഞ്ചൻ നമ്പ്യാർ എന്നീ മഹാകവികൾക്കു പ്രചോദനവും സഹായവും നൽകിയതും മാർത്താണ്ഡവർമയും അദ്ദേഹത്തിന്റെ അനന്തരവൻ കാർത്തിക തിരുനാളുമാണെന്നോർക്കണം. രാജ്യങ്ങൾ വെട്ടിപ്പിടിച്ചശേഷം അവയെല്ലാം തന്റേതല്ലെന്നും ദൈവനിയോഗപ്രകാരം താൻ ചെയ്തതാണെന്നും പിഴവു പറ്റിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നും സങ്കൽപ്പിച്ച് തിരുവിതാംകൂർ രാജ്യം ശ്രീ പത്മനാഭനു സമർപ്പിച്ച 'തൃപ്പടിദാനം' എന്ന ചടങ്ങിന്റെ മഹത്വം എല്ലാവർക്കും മനസ്സിലാക്കാൻ സാധിച്ചെന്നുവരില്ല. ലേഖനം വായിച്ചപ്പോൾ എനിക്കു തോന്നിയ ചില അഭിപ്രായങ്ങൾ കുറിച്ചുവെന്നേയുള്ളൂ. ഇതൊരു വിവാദവിഷയമാക്കി മാറ്റി മാസികയുടെ പേജുകൾ മലീമസമാക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല.

*പ്രൊഫ. അമ്പലപ്പുഴ രാമവർമ, കോട്ടയം*

NEW VISION FOR A CHANGING WORLD

JUNE 2003

Registered with the Registrar of Newspapers for India under No. KER BIL/2000/1543

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05



It's to avoid pollution on the streets, besides SARS



Yes, the Iraq war will be taken to its logical conclusion, but the question remains— whether the start was logical




Rev. Sunil Raj Philip

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ▪ Printed at Learners' Offset Printers, C.M.S. College Road, Kottayam